# കൈരളി

പുസ്തകം ൧൩ | ൧൧൦൩ മേടം | ലക്കം ൧

രക്ഷാധികാരിണി

ശ്രീമതി, വി. കെ. പാറുക്കുട്ടി അമ്മ.

(കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ നേത്യാരമ്മ.)

## വിഷയവിവരം.


1. ആധുനികവിജ്ഞാനശാസ്ത്രവും മതതത്വവും .. ൧
2. സംസ്കൃതസാഹിത്യം .. .. .. .. ൪
3. കോടീശ്വരനായ രാമദുലാലസരകാരൻ .. .. ൧൦
4. കഥമപിനാടകം .. .. .. .. .. ൧൩
5. യൌവരാജ്യാഭിഷേകം .. .. .. .. ൨൩
6. പൂല്ല് .. .. .. .. .. .. ൩൧
7. പുസ്തകാഭിപ്രായം .. .. .. .. ൩൭
8. വൈശേഷികന്മാരുടെ ആത്മവാദം .. .. ൪൦
9. കുറിപ്പുകൾ .. .. .. .. .. ൪൪


പത്രാധിപർ,

കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

# മലയാള മനോരമ പുസ്തകശാല

## നോവലുകൾ

| | | | |
|---|---|---|---|
| രാജസിംഹൻ | 1 | 8 | 0 |
| മോഹിനിഭായി | 1 | 8 | 0 |
| സരസ്വതി 1-ാം ഭാഗം | 1 | 4 | 0 |
| ടി 2-ാം ഭാഗം | 1 | 4 | 0 |
| പ്രേമാൻഭൂതി | 1 | 4 | 0 |
| ഐവാൻഹോ | 1 | 0 | 0 |
| ഈസ്റ്റിലിൻ 1-ാം ഭാഗം | 1 | 0 | 0 |
| ടി 2-ാം ഭാഗം | 1 | 0 | 0 |
| ഇരവിമന്ദിരം | 1 | 0 | 0 |
| രത്നബാലിക | 1 | 0 | 0 |
| പ്രേമവല്ലി | 1 | 0 | 0 |
| നീലജലത്തിലെ പത്മം | 1 | 0 | 0 |
| കാമിനീമൂലം | 1 | 0 | 0 |
| സുമുഖി | 1 | 0 | 0 |
| അബലാമണി 1ാംഭാഗം | 1 | 0 | 0 |
| മാധവിക്കുട്ടി | 1 | 0 | 0 |
| വിജയരുദ്രൻ 1ാംഭാഗം | 1 | 0 | 0 |
| ടി 2ാംഭാഗം | 1 | 12 | 0 |
| കാരകിൽ വനത്തിലെ യൂദകുമാരി | 0 | 12 | 0 |
| ലീലാവതി | 0 | 12 | 0 |
| ആചാര്യപത്നി | 0 | 12 | 0 |
| ജീവാമൃതം | 0 | 10 | 0 |
| വിശാലാക്ഷി 1-ാംഭാഗം | 0 | 10 | 0 |
| ടി 2-ാംഭാഗം | 0 | 10 | 0 |
| കെനിൽവർത്ത് | 0 | 8 | 0 |
| കനകംമൂലം | 0 | 6 | 0 |
| മുംടാസുമഹാൾ | 0 | 8 | 0 |
| പോപ്പിയായുടെ അന്തർദ്ധാനം | 0 | 6 | 0 |
| വീരപത്നി | 0 | 6 | 0 |
| ശാരദാകുമാരി | 0 | 4 | 0 |
| ലീലാസുകുമാരൻ | 0 | 4 | 0 |
| ഉർവ്വശി | 0 | 8 | 0 |

| | | | |
|---|---|---|---|
| പാവങ്ങൾ 1-ാംഭാഗം | 3 | 0 | 0 |
| ടി 2-ാംഭാഗം | 3 | 0 | 0 |
| ടി 3-ാംഭാഗം | 3 | 0 | 0 |
| ബാഷ്പമണ്ഡപം | 2 | 0 | 0 |
| പത്മാലയം 1-ാംഭാഗം | 1 | 8 | 0 |
| ടി 2-ാംഭാഗം | 1 | 8 | 0 |
| അമ്മയും മകളും | 1 | 4 | 0 |
| നെപ്പോളിയൻ | 1 | 4 | 0 |
| ആഴിയുടെഅടിത്തട്ടിൽ | 1 | 4 | 0 |
| ജയരാജൻ 1-ാംഭാഗം | 1 | 0 | 0 |
| ടി 2-ാംഭാഗം | 1 | 0 | 0 |
| കല്യാണിക്കുട്ടി | 1 | 0 | 0 |
| പ്രഭുകുമാരൻ | 1 | 0 | 0 |
| സുവർണ്ണകമലം | 1 | 0 | 0 |
| സരോജം | 1 | 0 | 0 |
| ദശകുമാരചരിതം | 1 | 0 | 0 |
| തിരസ്കരണി | 1 | 0 | 0 |
| ഭാസ്കരവിലാപം | 1 | 0 | 0 |
| കോമളവല്ലി (അമ്മാളു അമ്മ) | 1 | 0 | 0 |
| ടി 2-ാംഭാഗം | 1 | 0 | 0 |
| ലീല | 0 | 14 | 0 |
| സരള | 0 | 14 | 0 |
| ഭൂമിയിൽനിന്നു ചന്ദ്രനിലേക്കു | 0 | 14 | 0 |
| പ്രേമാംഗുലീയകം | 0 | 12 | 0 |
| ശോകസങ്കലനം | 0 | 12 | 0 |
| തമഃശക്തി | 0 | 12 | 0 |
| ശാന്തയുടെ മുരളി | 0 | 12 | 0 |
| ജയസിംഹൻ | 0 | 12 | 0 |
| മലയൻ | 0 | 12 | 0 |
| സുൽത്താനാറസിയാ | 0 | 10 | 0 |
| കമലാഭായി | 0 | 8 | 0 |
| പ്രേമബന്ധം | 0 | 8 | 0 |
| ഹരിണാക്ഷി | 0 | 8 | 0 |
| ഹിരണ്മയി | 0 | 8 | 0 |

മലയാള മനോരമ കമ്പനി ക്ലിപ്തം, കോട്ടയം.

67789
O32x.20 32:N15
611
JUNE 1931
67789

# കൈരളി

പുസ്തകം ൧൬ | ൧൧൦൬ മേടം | ലക്കം ൧

## ആധുനിക വിജ്ഞാനശാസ്ത്രവും മതതത്വവും.

പദാൎത്ഥങ്ങളെ അപഗ്രഥനംചെയ്തു് അവയുടെ സ്വഭാവങ്ങളെ സൂക്ഷ്മമായി പരിശോധിച്ചറികുക, പ്രകൃതിയിൽ മറഞ്ഞുകിടക്കുന്ന തത്വങ്ങളെ കണ്ടറിഞ്ഞു് അതുകൊണ്ടു് മനുഷ്യജീവിതത്തിന്നുള്ള സൌകൎയ്യത്തെ വൎദ്ധിപ്പിക്കുക മുതലായ സംഗതികളെ സാധിക്കുന്നതിൽ ആധുനിക വിജ്ഞാനശാസ്ത്രം (Modern Science) എത്രയും ഉന്നതമായ ഒരു സ്ഥാനത്തെ അൎഹിക്കുന്നുണ്ടു്. മതസംബന്ധമായി പണ്ടുണ്ടായിരുന്ന പല കെട്ടുകഥകളേയും അന്ധവിശ്വാസങ്ങളേയും അടിയോടേ നീക്കി മതവും സാൎവ്വത്രികങ്ങളായ തത്വങ്ങളിലേ വ്യവസ്ഥാപിതമായിരിപ്പാൻ പാടുള്ളുവെന്നു് ഉദ്ഘോഷിച്ചിട്ടുള്ളതും സയൻസിൻെറ പ്രശംസാൎഹമായ പ്രവൃത്തി തന്നെയാണു്. ജഗൽസൃഷ്ടി, ആരംഭംകൊണ്ടുണ്ടായതാണെന്നും ആദിയിൽ സൃഷ്ടികാരണമായ വസ്തുതന്നെയുണ്ടായിരുന്നില്ലെന്നും, പെട്ടന്നെല്ലാം ഉത്ഭവിച്ചതാണെന്നും, ഭൂമി സൂൎയ്യന്നുമുമ്പുണ്ടായതാണെന്നുമുള്ള അയുക്തങ്ങളായ ഇതിഹാസങ്ങൾ ആധുനിക വിജ്ഞാനശാസ്ത്രപ്രകാശത്തിൽ മറഞ്ഞൊളിഞ്ഞു പോകാൻ തുടങ്ങിയിരിക്കുന്നു.

ഇന്നത്തെ ജീവിത സമ്പ്രദായത്തെ ഇപ്രകാരം രൂപവൽകരിക്കുന്നതിൽ ഈയിടെയായി ആരാഞ്ഞറിയപ്പെട്ടിട്ടുള്ള വിശിഷ്ട തത്വങ്ങൾ എത്രയും പ്രധാനങ്ങളായ കാരണങ്ങളായിത്തീൎന്നിട്ടുണ്ടു്. സംഭാഷണം സഞ്ചാരം, വസ്ത്രധാരണം, ശയനം, ആഹാരം മുതലായവയിലെല്ലാമുള്ള മാററങ്ങൾ ആധുനിക വിചാരപദ്ധതിയെ ആശ്രയിച്ചുണ്ടായിട്ടുള്ളവയാകുന്നു. അത്രയുമല്ല, ആധുനിക തത്വാഗ്നിയിലിട്ടു് സംശോധനംചെയ്തു് സംതൃപ്തിപ്പെടാതെ ഒരു സംഗതിയും സാൎവ്വജനീനമാണെന്നു സമ്മതിപ്പാൻ ആളുകൾ സന്നദ്ധരല്ലെന്നുകൂടി പറയേണ്ടിയിരിക്കുന്നു.

പ്രകൃതിശാസ്ത്രീയങ്ങളായ പരീക്ഷണങ്ങൾകൊണ്ടു പ്രകൃതി സൌന്ദൎയ്യത്തെ എത്രയും വിശദമായി ഗ്രഹിപ്പാൻ തരമായതിന്നും പുറമേ, വിവിധപദാൎത്ഥാത്മകമായ ദൃശ്യപ്രപഞ്ചത്തിന്നുള്ള യഥാൎത്ഥമായ ഐക്യത്തെ മനസ്സിലാക്കുവാനും ഇടയായിട്ടുണ്ടു്. എന്നുമാത്രമല്ല, പ്രകൃതി പരിണാമക്രമത്തിൽ (Evolution) സ്വരൂപപ്പെട്ടുവന്നിട്ടുള്ളതാണെന്നും, അതു പരമാണുക്കൾ (electrons) കൊണ്ടു സംഘടിതമായിട്ടുള്ളതാണെന്നും പരക്കെ സമ്മതിക്കത്തക്കവിധം സ്ഥാപിപ്പാൻ കഴിഞ്ഞിട്ടുള്ളതു് ആധുനിക വിജ്ഞാനശാസ്ത്ര സഹായം കൊണ്ടാകുന്നു.

വസ്തുതത്വം (matter) ഏകമാകുന്നു. അപ്രകാരംതന്നെ ചലനതത്വ (force) വും ഏകമാണു്, അനേകമല്ല. എന്നു സയൻസിന്നു പ്രത്യക്ഷമാക്കാൻ സാധിച്ചിട്ടുണ്ടു്. വിദ്യുച്ഛക്തി, ചൂടു്, വെളിച്ചം, ആകൎഷണം, ചലനം മുതലായ ശക്തികളെല്ലാം ശാശ്വതമായ ഒരു മൂലശക്തിയുടെ വിഭിന്നരൂപങ്ങളാണെന്നു ഇന്നു വിചാരശീലന്മാരെല്ലാം സമ്മതിക്കുന്നതാണു്.

ഇതിന്നുംപുറമേ, ധാതുലോകം, സസ്യലോകം, ജന്തുലോകം, മനുഷ്യലോകം മുതലായ പ്രപഞ്ചങ്ങളിൽ വ്യാപിച്ചുകാണുന്ന ജീവശക്തി ഒന്നാണെന്നും, അതു് പൂൎവ്വോക്ത ലോകങ്ങളിൽക്കൂടി ഉത്തരോത്തരം വ്യക്തമായി പ്രത്യക്ഷമാവുകയാണെന്നുമുള്ള തത്വമാണു് ഇപ്പോൾ യുക്തിശാസ്ത്രംകൊണ്ടു അംഗീകൃതമായിട്ടുള്ളതു്. സസ്യലോകത്തിലും ധാതുലോകത്തിലുംകൂടി ജീവശക്തി വ്യാപരിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു സസ്യശാസ്ത്രകോവിദനായ ജേ. സി. ബോസ് (J, C. Bose) അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിൽ— (Response in the Living and Non-Living) പ്രതിപാദിച്ചിട്ടുണ്ടു്. സസ്യങ്ങൾക്കു ഇന്ദ്രിയങ്ങളും സ്നായുസഞ്ചയവും, ഹൃദയചലനവുമുണ്ടെന്നു അദ്ദേഹം ഉപപാദിക്കുന്നു. അതുതന്നെയല്ല; വിദ്യുച്ഛക്തിയുടെ പ്രയോഗംകൊണ്ടു ഇരുമ്പുമുതലായ ലോഹങ്ങൾക്കു ചൈതന്യമുണ്ടെന്നു പ്രത്യക്ഷമായി കാട്ടാമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. നമ്മുടെ വേദങ്ങളിൽ പ്രാണശക്തി ഏകമാണെന്നു പ്രത്യേകിച്ചു വൎണ്ണിച്ചിട്ടുണ്ടല്ലോ. ആ വാസ്തവം ഇത്രയും വ്യക്തമായതു് സയൻസ്സിൻെറ നിരന്തരപരിശ്രമം കൊണ്ടുതന്നെ.

മനുഷ്യജീവിതം മരണത്തോടുകൂടി അവസാനിക്കുന്നതാണെന്നും ഇതിന്നു മുമ്പും പിമ്പും യാതൊരവസ്ഥയുമില്ലെന്നുമുള്ള ചില മതഗ്രന്ഥങ്ങളിലെ സിദ്ധാന്തം ശരിയല്ലെന്നും, ജീവിതത്തിന്നു ആസ്പദമായ ജീവാണു (Life-germ) ശാശ്വതമാണെന്നും, ഭൌതികരൂപത്തിൻെറ മാററം

കൊണ്ടു അതു നശിക്കുന്നതല്ലെന്നുമുള്ള പ്രൌഢതത്വങ്ങൾ ഇന്നത്തെ ഭൂതവിദ്യാവിചക്ഷണന്മാരുടെ (Spiritualisam) യാന്ത്രികമായും മററുമുള്ള പരിശ്രമങ്ങൾകൊണ്ടു സാധൂകരിക്കപ്പെട്ടിട്ടുണ്ട്. എന്നുമാത്രമല്ല, ഈ വാസ്തവങ്ങളെ അംഗീകരിക്കുന്നതോടുകൂടി പുനർജ്ജന്മവിശ്വാസത്തേയും കർമ്മ (വാസനാ) സിദ്ധാന്തത്തേയും അനുവദിക്കാതെ നിർവ്വാഹമില്ലെന്നും വന്നിട്ടുണ്ട്.

കമ്പിയില്ലാക്കമ്പിയുടെ കണ്ടുപിടുത്തംകൊണ്ടു അവകാശ(space) മൂലമായ അന്തരം ഇല്ലാതായിത്തീന്നിട്ടുണ്ടല്ലോ. ആകാശത്തിൽ ഒരേ ഭാഗത്തുതന്നെ നാനാവിധ ചലനക്രമത്തിൽ (vibration) അനേകം സന്ദേശങ്ങൾ അന്യോന്യം മിശ്രമാവാതെ സഞ്ചരിക്കുന്നുണ്ടെന്നു നമുക്കു അറിയാവുന്നതാണ്. ഈവിധംതന്നെ ആകാശത്തിൽ എതുഭാഗത്തും വ്യാപിച്ചിരിയ്ക്കുന്ന സൂര്യപ്രകാശത്തിൽ സപ്തവർണ്ണങ്ങളും ഒരുപോലെ കാണുന്നതും ഇവിടെ പ്രത്യേകം ഉദാഹരിയ്ക്കത്തക്കതാകുന്നു. ഇതുകൊണ്ടെല്ലാം നമുക്കുണ്ടാവുന്ന അറിവിനെ ആസ്പദമാക്കി നോക്കുകയാണെങ്കിൽ അവകാശത്തിൽ വിവിധലോകങ്ങൾ അന്യോന്യ സംബന്ധംകൂടാതെ സ്ഥിതിചെയ്യുന്നുണ്ടെന്നും, സ്ഥൂലശരീരപരിത്യാഗാനന്തരം സൂക്ഷ്മശരീരത്തോടുകൂടിയ ജീവാത്മാവു ഈ ലോകങ്ങളിൽചെന്നു സുഖദുഃഖങ്ങളെ അനുഭവിയ്ക്കുന്നുണ്ടെന്നും മററും നമ്മുടെ പുരാണേതിഹാസങ്ങളിൽ ദിവ്യന്മാരായ മഹർഷിമാർ അനുഭവനിർവ്വിശേഷം വർണ്ണിച്ചിട്ടുള്ളതു യുക്തിവിചാരത്തിന്നു തിർച്ചയായും യോജിച്ചതുതന്നെയാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നും ആധുനിക വിജ്ഞാനശാസ്ത്രം മതതത്വങ്ങളെ പാടേ ഇളക്കിമറിച്ചിട്ടുണ്ടെന്നും, അതുകൊണ്ടു മതത്തിന്നു യാതൊരു സ്ഥാനവുമില്ലെന്നും ആരും കരുതേണ്ടതില്ല. മതശാസ്ത്ര പ്രതിപാദിതങ്ങളായ പല തത്വങ്ങളേയും അതു പ്രത്യക്ഷമായി വിശദീകരിച്ചിട്ടുണ്ടെന്നും, മതത്തിൻെറ പേരിൽ അടിയുറച്ചുനില്ക്കുന്ന ചില അന്ധവിശ്വാസ പരംപരയെ ഉച്ചാടനം ചെയ്യാൻ അതിന്നു് സാധിച്ചിട്ടുണ്ടെന്നും മാത്രമേ ഗ്രഹിക്കേണ്ടതുള്ളു.

കേവലമായ തത്വത്തിൻെറ അനുഭൂതിയാണല്ലോ എതു മതത്തിൻേറയും അസ്ഥിവാരം. ഈ മൂലതത്വം മതത്തിൻെറ അന്തരാത്മാവാണെന്നു പറയാം. ആചാരം, ശാസ്ത്രം, വിശ്വാസം മുതലായവ ഇതിനെ ആശ്രയിച്ചിരിക്കുന്നവയും മതത്തിൻെറ സ്ഥൂലശരീരവുമാകുന്നു. അവ അനാവശ്യങ്ങളാണെന്നു ആക്കും പറയാവുന്നതല്ല. എന്നാൽ, അവയു

ടെ സഹായം കൂടാതെതന്നെ ചിത്തശുദ്ധി സമ്പാദിച്ചിട്ടുള്ള ഒരാൾക്കു ഈശ്വരസാക്ഷാൽക്കാരം സിദ്ധിപ്പാൻ കഴിയുന്നതാണ്. ഒന്നു നെല്ലിന്റെ ഉമിപോലെയും, മറേറതു അരിമണിപോലെയുമാണെന്നു അറിയേണ്ടതാകുന്നു. കേവലമായ മൂലതത്വം ഏകമാകയാൽ എല്ലാമതത്തിന്റേയും സൂക്ഷ്മശരീരത്തിന്നു ദേശം, കാലം, അവസ്ഥ മുതലായ ഉപാധിഭേദങ്ങൾകൊണ്ടുണ്ടാവുന്ന പരിണാമങ്ങൾ ബാധകമല്ല. എന്നാൽ, അതിന്റെ സ്ഥൂലകായമായ ആചാരപദ്ധതിയിലും മററും ഈവക മാററങ്ങൾ വരാവുന്നതും വന്നുകൊണ്ടിരിയ്ക്കുന്നതുമാണ്. ആധുനികവിജ്ഞാനശാസ്ത്രം ഇമ്മാതിരിയുള്ള മാററങ്ങൾക്കു എത്രയും കാരണഭൂതമായിട്ടുണ്ടെന്നു ഇനി എടുത്തുപറയേണ്ടതില്ലല്ലോ.

ജീവിതം, മരണം, ജീവൻ, പ്രകൃതി, ഈശ്വരൻ മുതലായ ഉപരികാര്യങ്ങളെ പ്രതിപാദിയ്ക്കുന്ന ശാസ്ത്രം മാത്രമല്ല, ജീവിതൈകലക്ഷ്യമായ പരമപദപ്രാപ്തി എങ്ങിനെ സിദ്ധിയ്ക്കുമെന്നു വിവരിയ്ക്കുന്ന മാൎഗ്ഗവുമാകുന്നു ഓരോ മതവും. ഈശ്വരസാക്ഷാൽക്കാരം സമ്പാദിച്ചിട്ടുള്ള ദിവ്യപുരുഷന്മാരാൽ സ്ഥാപിതമായിട്ടുള്ള മതത്തിന്നു എല്ലാററിനേക്കാളും ഉന്നതമായ ഒരു സ്ഥാനമാണുള്ളതു്. എന്നാൽ, ലൌകിക ജീവിതത്തിൽ ഭൌതികവിജ്ഞാനം എത്രയും ആവശ്യമാകകൊണ്ട് ആധുനികവിജ്ഞാനശാസ്ത്രത്തിന്റെ ഉപയുക്തതയേക്കുറിച്ചു വൎണ്ണിക്കേണ്ടതില്ല. അതിന്റെ പരിധിക്കപ്പുറമാണ് മതജ്ഞാനം തുടങ്ങുന്നതെങ്കിലും, ആ പരിധിയിലുൾപ്പെട്ടിട്ടുള്ള വാസ്തവങ്ങളെ പ്രകാശിപ്പിച്ചു കാട്ടാൻ കഴിയുമെന്നുള്ളതു് അതിന്നു സുസ്ഥിരമായ പ്രശംസയെ പ്രദാനം ചെയ്യുന്നുണ്ട്.

എം. സുന്ദരേശമേനോൻ, എം. ഏ. തത്തമംഗലം.

---

# സാംസ്കൃതസാഹിത്യം.

പുരാതന ഭാരതീയസംസ്കാരത്തിന്റെ അക്ഷയഖനിയത്രെ സംസ്കൃതസാഹിത്യം. അതു സമുദ്രംപോലെ ഗംഭീരവും, ഹിമാലയംപോലെ അത്യുന്നതവും, ആകാശംപോലെ സൎവ്വവ്യാപകവുമാകുന്നു. തത്താദൃശമായ ആ മഹനീയ സാഹിത്യത്തിന്റെ ഒരു സാമാന്യജ്ഞാനമെങ്കിലുമില്ലാതെ, ഭാരതീയ സംസ്കാരത്തെ അഥവാ ഹൈന്ദവസംസ്കാരത്തെക്കുറിച്ചു അറിവാൻ ശ്രമിക്കുന്നതു, അക്ഷരാഭ്യാസം ചെയ്യാതെ ഭാഷാപഠനത്തിന്നുദ്യമിക്കുന്നതുപോലെ നിഷ്പ്രയോജനമായിത്തീരുന്നതാണ്. ഏ

തൊരു ജനസമുദായത്തിന്നും സ്വന്തമായ സംസ്കാരത്തെക്കുറിച്ച ഒരു ശരിയായ ജ്ഞാനമുണ്ടായിരിക്കേണ്ടത് അത്യാവശ്യമാകുന്നു. എന്നാൽ ഭാരതീയരെ സംബന്ധിച്ചിടത്തോളം ഈ സംഗതിക്കു പല വ്യതിയാനങ്ങളും സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. അവരിൽ അധികംപേരും സ്വസംസ്കാരത്തിൻെറ സ്വരൂപമാഹാത്മ്യങ്ങളെക്കുറിച്ച ഇന്നു വല്ലതും ധരിക്കുന്നുണ്ടെങ്കിൽ, അതെല്ലാം വൈദേശികന്മാരിൽനിന്നും, വിദേശഭാഷമുഖേനയുമാണെന്നു പറയേണ്ടിവരുന്നതിൽ വളരെ വ്യസനം തോന്നുന്നുണ്ട്. തങ്ങൾക്കു സ്വന്തമായി ഒരു സംസ്കാരമുണ്ടെന്നു ധരിന്നതുതന്നെ മററുവല്ലവരുടേയും മുഖത്തിൽ നിന്നാകേണ്ടിവരുമ്പോൾ, ആ ജനസമുദായത്തിൻെറ നില എത്രമാത്രം പരിതാപകരമായിരിക്കണം? കണ്ണാകണ്ണികയാ കേട്ടിട്ടുള്ളതിനെ ശരിവയ്ക്കുയോ, ഏററുപാടുകയോ ചെയ്യുതുകൊണ്ടുമാത്രം ഒരു ജനത ഒരിക്കലും സംസ്കാരസമ്പന്നമായിത്തീരുന്നതല്ല. തന്നിമിത്തം, സ്വസംസ്കാരത്തെക്കുറിച്ച ഇതരമുഖേനയല്ലാതെ, നേരിട്ടുതന്നെയുള്ള അറിവ് ഒരുജനസമുദായത്തിന്നു ഒഴിച്ചുകൂടാത്തതാണ്. ഒരു സംസ്കാരത്തിൻെറ യഥാൎത്ഥമായ സ്വരൂപം, ആ സംസ്കാരത്തോടു അവിഭാജ്യമായി ബന്ധപ്പെട്ടുകിടക്കുന്ന ഒരു സാഹിത്യം മുഖേനയല്ലാതെ, തദ്വിജാതീയമായ ഇതരസാഹിത്യം വഴിയായി ഗ്രഹിക്കുന്നതു ഏതുവിധേനയും ആശാസ്യമായിരിക്കയില്ല. അതിനാൽ നമ്മുടെ സംസ്കാരത്തിന്നു ഏകാധാരവും ആകരവുമായ സംസ്കൃതസാഹിത്യത്തെ പുറന്തള്ളി നിൎത്തുന്നേടത്തോളം കാലം, നാം ഭാരതീയസംസ്കാരത്തെക്കുറിച്ച വല്ലതുമറിയാമെന്നു ഭാവിക്കുന്നതും, സംസ്കാരസമ്പന്നരാണെന്നു അഭിമാനിക്കുന്നതും വെറും ഭോഷത്വമായിരിക്കും.

വിചാരശീലന്മാരും സംസ്കൃത മനസ്കന്മാരുമായ സഹൃദയധുരീണന്മാരെ പ്രീണനംചെയ്യുന്നതിന്നു സംസ്കൃതസാഹിത്യത്തെപ്പോലെ കരുത്തുള്ള മറെറാരു സാഹിത്യം ഇന്നേവരെയും ഭൂമിയിൽ അവതരിച്ചിട്ടില്ല. അന്യാദൃശമായ സംസ്കാരം ലഭിച്ചിട്ടുള്ള ഭാഷയാണ് സംസ്കൃതം. അതുതന്നെയാണു സംസ്കൃതമെന്ന അന്വൎത്ഥനാമത്താൽ അതിനെ അഭിധാനം ചെയ്യുന്നതും. ഒരു ഭാഷയുടെ യഥാൎത്ഥമായ സംസ്കാരം അതിൻെറ വ്യാകരണത്തിൻെറ പരിപൂൎണ്ണതയിൽ പ്രതിഷ്ഠിതമായിരിക്കുന്നു. പാണിനിമുനിയാൽ ഉപജ്ഞാതവും കാത്യായനനാൽ പരിഷ്കൃതവും പതഞ്ജലിയാൽ പ്രപഞ്ചിതവുമായ സംസ്കൃതവ്യാകരണം പരിപൂൎണ്ണതയുടെ പരമാവധിതന്നെയാണ്. ഇത്രമാത്രം പരിഷ്കൃതവും കൂലങ്കഷവുമായ ഒരു വ്യാകരണം അമരഭാരതിക്കല്ലാതെ യാതൊരു ഭാഷക്കുമുണ്ടായിട്ടില്ലെന്നുള്ളതു നിൎവ്വിവാദമത്രെ. താദൃശമായ ശാസ്ത്രസംസ്കാരത്താൽ പരിപുഷ്ടമായ ആ ഭാര

തി ഏതു കുശാഗ്രധിഷണനേയും സന്തപ്പ്ണം ചെയ്യാൻ ശക്തമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. സംസ്കൃതവ്യാകരണത്തിൻെറ അനന്യസാധാരണങ്ങളായ ഗാംഭീര്യമാഹാത്മ്യങ്ങൾ തദ്ദേവതയന്മാക്കല്ലാതെ ഇതരഭാഷാപണ്ഡിതന്മാക്ക് അറിവനോ അനുമാനിപ്പാൻ കൂടിയോ സാദ്ധ്യമല്ലാത്തവിധം അത്ര മാത്രം ഗഹനങ്ങളാണ്. വ്യാകരണ ശാസ്ത്രപ്രയോജനത്തെ ഇത്ര സമഞ്ജസമായും സവ്വതോമുഖമായും വിവരച്ചിട്ടുള്ള ഭാഷാശാസ്ത്രങ്ങൾ തന്നെ ചുരുക്കമാകുന്നു. "ഏകഃ ശബ്ദഃ സമ്യക്ക് ജ്ഞാതഃ സുഷ്ഠു പ്രയുക്തഃ സ്വർഗ്ഗേലോകേ കാമധുക് ഭവതി" എന്നാണു ആപ്തവാക്യം. അപശബ്ദങ്ങളുടെ പ്രവേശത്തെ ഇത്രമാത്രംമുൻകരുതലോടേതടഞ്ഞിട്ടുള്ള സാഹിത്യം ദുർല്ലഭമാണ്. സർവ്വാംഗസുന്ദരമായവപുസ്സ് ഒരൊററ ശ്വിത്രത്താൽ ദുർഭഗമായിത്തിരുന്നതുപോലെ അപശബ്ദമൊന്നിനാൽ ലോകോത്തരചമൽകാരസമ്പൂണ്ണമായ സാഹിത്യശരീരമത്രയും ദുഷ്ടവും നീരസവുമായിപ്പോകുന്നുവെന്നാണു സാഹിത്യസിദ്ധാന്തം. "ആശയങ്ങളെ ഏതുവിധേനയെങ്കിലും ആവിഷ്കരിക്കമാത്രമേ ആവശ്യമുള്ളു. അതിന്നു വ്യാകരണാദിശാസ്ത്രങ്ങൾ തുലോം പ്രതിബന്ധങ്ങളാണു" എന്ന നൂതനവാദത്തിന്നു അദ്ധമുഖന്മാരായ പലരും എഴുത്തുകാരായിപ്പോയതുകൊണ്ടു പണ്ഡിതന്മാക്കും അപണ്ഡിതന്മാക്കും ഒരുപോലെ ദുർഗ്രഹമായ വിധത്തിൽ അശക്തങ്ങളും, നേയാത്ഥങ്ങളും, വിരുദ്ധാത്ഥങ്ങളും, ച്യുതസംസ്കൃതങ്ങളുമായ പദങ്ങളുടെ പ്രയോഗബാഹുല്യത്താൽ ദുഷിച്ചപോയ നമ്മുടെ കേരളസാഹിത്യപത്രപംക്തികൾതന്നെ തികച്ചുംസമാധാനമായിരിക്കുന്നുണ്ട്. വിസ്തരഭയത്താൽ ഉദാഹരണപ്രദർശനത്തിന്നൊരുങ്ങുന്നില്ല. വ്യാകരണവും അമരവും പഠിക്കുന്നതുകൊണ്ടു മാത്രം സാഹിത്യത്തിന്നു പുഷ്ടികൂട്ടുമെന്ന തെററിദ്ധാരണയിന്മേലല്ലാ ഇത്രയും പ്രസ്താവിക്കുന്നത്. സാഹിത്യത്തിൽ സ്വതവേ വാസനയുള്ളവന്നുതന്നെ വ്യാകരണാദിശാസ്ത്രങ്ങളുടെ ജ്ഞാനം കേവലം അപരിഹാര്യമാണെന്നു കാണിക്കമാത്രമാണു ഈ പ്രപഞ്ചനത്തിൻെറ ഉദ്ദേശം. സംസ്കൃതസാഹിത്യത്തിലെ ലബ്ധപ്രതിഷ്ഠങ്ങളായ ഉത്തമ ഗ്രന്ഥങ്ങളത്രയും ഇവയ്ക്കുദാഹരണങ്ങളാകുന്നതുകൊണ്ടു അവയെപ്രത്യേകം നിരൂപണം ചെയ്യേണ്ടതില്ല. വിചിത്രങ്ങളായ വ്യാകരണപ്രയോഗങ്ങളെക്കൊണ്ടു സഹൃദയഹൃദയാഹ്ലാദമാം വണ്ണം കവിതചെയ്തിട്ടുള്ള മഹാകവികളുടെ സംഖ്യതന്നെ സംസ്കൃതസാഹിത്യത്തിൽ തുലോം വലുതാണ്. കേരളീയ മഹാകവികൾക്കുകൂടി സംസ്കൃതവ്യാകരണത്തോടുണ്ടായിരുന്ന പക്ഷപാതത്തിന്നു "ഊരുവർള്ളടത്തെങ്ങ് ലുക്കില്ല" ഇത്യാദി ദുർഗ്രഹശബ്ദശാസ്ത്രതത്വങ്ങളെ പച്ചമലയാളത്തിൽ സരസമാംവണ്ണം പാടിയിട്ടുള്ള നമ്പ്യാരാശാൻ തന്നെ ഉത്തമദൃഷ്ടാന്തമാണല്ലോ. യാ

തൊരുനിയമത്തിന്നും ക്ടിപെടാതെ തോന്നിയതുപോലെ ശബ്ദങ്ങളെ പ്രയോഗിക്കുന്നതുകൊണ്ടു ഭാഷക്കു അനവസ്ഥവന്നുപോകയും അൎത്ഥഗ്രഹണം ദുശ്ശകമായിത്തിരുകയും ചെയ്യുന്നു. ആ ദോഷത്തെ നിശ്ശേഷം പരിഹരിക്കേണ്ടതിന്നു വേണ്ടിയാണു സംസ്കൃതപണ്ഡിതന്മാർ അവരുടെ ശബ്ദശാസ്ത്രത്തെ ഇത്രമേൽ നിഷ്കൎഷിച്ചു സംസ്കരിച്ചിട്ടുള്ളത്. തന്മൂലം അതിൽ ഇപ്പോഠം ഒരെള്ളിടപോലും പഴുതുകാണുന്നതിന്നു ഏതു ഗൃധ്രദൃഷ്ടിക്കും ശക്യമല്ലാതായിത്തീൎന്നിരിക്കുന്നു.

ശബ്ദസംസ്കാരംകൊണ്ടു മാത്രം സംസ്കൃതസാഹിത്യത്തിന്റെ വ്യാപ്തിയും കനവും നിലച്ചുപോകുന്നില്ല. പദാൎത്ഥവാക്യാൎത്ഥനിൎണ്ണയത്തിന്നുകൂടി അതിൽ വെവ്വേറെ ശാസ്ത്രങ്ങഠം ജാഗരൂകങ്ങളായിരിക്കുന്നുണ്ടു്. ന്യായശാസ്ത്രവും, മീമാംസശാസ്ത്രവും ഈ ആവശ്യങ്ങളെ നിൎവ്വഹിപ്പാൻ വേണ്ടി ആവിൎഭവിച്ചിട്ടുള്ളതാണു്. പദം, വാക്യം ഇവയുടെ സ്വരൂപം അൎത്ഥബോധനരീതി ഇവയെ ഇത്രയും വ്യവസ്ഥിതമായും സുന്ദരമായും നിരൂപണം ചെയ്തിട്ടുള്ള സാഹിത്യം വേറെയുണ്ടോ എന്നു സംശയമാണു്. ശാസ്ത്രീയമായി ഇത്രമേൽ സംസ്കാരം സിദ്ധിച്ചിട്ടുള്ള വാഗൎത്ഥങ്ങളാൽ ഗുംഭിതമായ ആ മഹിതസാഹിത്യത്തിന്റെ അതിരുമെതിരുമില്ലാത്ത വൈശിഷ്ട്യമറിയുന്നതിന്നും, രസാസ്വാദമനുഭവിക്കുന്നതിന്നും ക്ഷമാശീലന്മാരും ആലോചനാനിപുണന്മാരുമായ സഹൃദയവരേണ്യന്മാൎക്കല്ലാതെ കേവലം ഉദരഭരണവ്യഗ്രന്മാരും അസംസ്കൃത മതികളുമായ പ്രാകൃതജനങ്ങഠംക്കു സാദ്ധ്യമാകാത്തിൽ അത്ഭുതപ്പെട്ടുവാനില്ല.

ഏതു സാഹിത്യത്തിലേയും അനുപേക്ഷണീയമായ മറെറാരംശമാണല്ലോ അലങ്കാരം. എന്നാൽ അലങ്കാരശാസ്ത്രത്തിന്നു സംസ്കൃതസാഹിത്യത്തിലെന്നപോലെ മറെറാരു സാഹിത്യത്തിലും ഇത്രമാത്രം ദൃഢപ്രതിഷ്ഠ ലഭിച്ചിട്ടില്ല. അഥവാ അലങ്കാരശാസ്ത്രത്തിന്റെ കരാവലംബമില്ലാതെ സംസ്കൃതകാവ്യസാഹിത്യസഞ്ചരണം ഒരിക്കലും സുശകമല്ലതന്നെ. ശബ്ദാൎത്ഥങ്ങഠം ഗുണാലങ്കാരരീതികഠം, ദോഷങ്ങഠം, രസഭാവാദിദ്ധ്വനിഭേദങ്ങഠം, സൎവ്വോപരി ഔചിത്യം തുടങ്ങിയ സകല സാഹിത്യമൎമ്മങ്ങളും ഇതിൽ സുനിപുണം നിരൂപണം ചെയ്യപ്പെട്ടിരിക്കുന്നു. ശബ്ദാൎത്ഥങ്ങളെ കാവ്യശരീരമായും, രസത്തെ ആത്മസ്ഥാനീയമായും സങ്കല്പിച്ചുകൊണ്ടു് ഉത്തരോത്തരം ഉല്ലേഖോന്മുഖമായി പ്രസരണം ചെയ്യുന്ന ആ പ്രകൃഷ്ടനിരൂപണപദ്ധതി ഏതു സാഹിത്യമാൎമ്മികനേയും വിസ്മയസ്തിമിതനാക്കാതിരിക്കയില്ലെന്നുള്ളതു സഹൃദയസംവിദിതമത്രെ. വാഗ്ദേവിയുടെ വിവിധങ്ങളായ വിഭ്രമവിലാസങ്ങളേയും നമുക്കവിടെ സാക്ഷാൽക്കരിക്കാവുന്നതാണു്. ദുൎവ്വിജ്ഞേയങ്ങളായദ്ധ്വനികളുടെ സൂക്ഷ്മ

സൂക്ഷ്മങ്ങളായ ഭേദപ്രഭേദങ്ങൾകൂടി ഈ ശാസ്ത്രത്തിൻെറ പ്രതിപാദ്യ പരിധിയിൽനിന്നു് അകന്നുപോയിട്ടില്ല. അവയെയെല്ലാം ക്രോഡീകരിച്ചു മുഷ്ടിമേയമാക്കി നിരൂപണംചെയ്തു കാണിച്ചുതന്നിട്ടുള്ള പ്രൌഢ സാഹിത്യകാരന്മാർ ഭൂമുഖത്തിൽ മററെവിടെയാണുള്ളതു്? അതല്ലയോ ധ്വനികാരനായ ആനന്ദവർദ്ധനാചാര്യരെക്കുറിച്ചു, തൽസൂക്തി സുധാരസപാനപ്രമത്തനായ ഒരു പണ്ഡിതൻ "ആനന്ദവർദ്ധനഃകസ്യനാസീദാനന്ദവർദ്ധനഃ" എന്നു സബഹുമാനം ചോദ്യം ചെയ്തിട്ടുള്ളതു്? വിമർശനകല (criticism) സംസ്കൃതസാഹിത്യത്തിൽ അഭിവൃദ്ധമായിത്തീർന്നിട്ടില്ലെന്നുള്ള വാദക്കാരുടെ മുഖമുദ്രണത്തിന്നു് അലങ്കാരശാസ്ത്രത്തിലെ വെറുംസ്ഥൂലങ്ങളായ ഭാഗങ്ങൾതന്നെ തുലോം പര്യാപ്തങ്ങളാണ്. കാവ്യപ്രകാശകാരൻേറയും ധ്വനികാരൻേറയും പ്രതിഭാവിലാസത്തിന്നു വിഷയീഭവിച്ചിട്ടുള്ള സംസ്കൃതസാഹിത്യത്തിലെ നിരൂപണകലക്കുള്ള വൈശിഷ്ട്യം സർവ്വഥാ അവാങ്മനസഗോചരമെന്നേ പറയേണ്ടതുള്ളൂ.

കവികുല കൂടസ്ഥനായ വാല്മീകികോകിലത്തിൻെറ കളകൂജനത്തെപ്പററി എത്രതന്നെ പ്രശംസിച്ചാലാണ മതിയാവുക? രാമായണത്തെപ്പോലെ വിശിഷ്ടമായ ഒരു വാങ്മയമോ, ഭാരതത്തെപ്പോലെ നീതിതത്വങ്ങൾ, ധർമ്മതത്വങ്ങൾ, വേദാന്തതത്വങ്ങൾ എന്നിവയെ വാരിക്കോരിവിതറി സാഹിത്യരസം പിടിപ്പിച്ചുനൽകുന്നതായ ഒരു മഹാഗ്രന്ഥമോ വേറെയെവിടെക്കാണ്മാൻ കഴിയും? മഹാകവി കാളിദാസൻെറ വ്യംഗ്യാർത്ഥതരംഗിതമായ സൂക്തി സുധാപ്രവാഹം, പദവാക്യപ്രമാണ പാരാവാരപാരീണനായ ഭട്ടഭവഭൂതിയുടെ ഭാവഗംഭീരമായ ഭാരതീനിഷ്യന്ദം, സർവ്വതന്ത്രസ്വതന്ത്രന്മാരായ മാഘമംഘകാദികളുടെ വാഗ്ജാലകോലാഹലം, നവനവോല്ലേഖകല്പനാപ്രഗത്ഭനായ ശ്രീഹർഷകവിസമ്രാട്ടിൻെറ സാരസ്വതവിലാസം, "മുരാരേസ്തൃതീയഃ പന്ഥാഃ" എന്ന പ്രഖ്യാതി സമ്പാദിച്ച പാണ്ഡിത്യഡിണ്ഡിമം മുഴക്കുന്ന മുരാരിയുടെ വാഗ്ഗുംഭവിജൃംഭണം, "ബാണോച്ഛിഷ്ടം ജഗൽസർവ്വ"മെന്ന പ്രശസ്തി പുലത്തുന്ന ബാണഭട്ടൻെറ വാണീവിലാസധോരണീമാധുര്യം ഇവയെല്ലാം സ്വയം ആസ്വദിച്ചുതന്നെ അറിയേണ്ടവയാണ്. ഭട്ടികാവ്യം, ധാതുകാവ്യം മുതലായവയിലെപ്പോലെ വ്യാകരണാദി കക്കശശാസ്ത്രതത്വങ്ങളെ സാഹിത്യമൂശയിലിട്ടു് ഉരുക്കിവാർത്തു സഹൃദയഹൃദയ ദ്രവീകരണചണമാംവിധം നിർമ്മിതങ്ങളായ ഗ്രന്ഥരത്നങ്ങൾ സംസ്കൃതേതരമായ ഒരു സാഹിത്യത്തിലുമുള്ളതായറിയുന്നില്ല. രാഘവപാണ്ഡവീയം രാഘവനൈഷധീയം ഇത്യാദികളിലെപ്പോലെ ഒന്നിലധികം കഥകളെ അനുസ്യൂത

മായി ഒരേ ചരടിൽ ഇണക്കിക്കോൎത്തിട്ടുള്ള കാവ്യപുഷ്പങ്ങളും ഈ സാഹിത്യത്തിന്നു പ്രത്യേകമായുള്ളവയാണ്. ഇവയിലെല്ലാംതന്നെ അലങ്കാരശാസ്ത്രാനുരോധേന വരുത്തിക്കൂട്ടിയിട്ടുള്ള ചമൽക്കാരവിശേഷങ്ങൾ വിശ്വാതിശായികളായിരിക്കുന്നുണ്ട്. മന്ത്രശാസ്ത്രം, തന്ത്രശാസ്ത്രം, ന്യായശാസ്ത്രം, മീമാംസാശാസ്ത്രം മുതലായ ഇതരശാസ്ത്രസിദ്ധാന്തങ്ങളേയും, സന്ദൎഭാനുഗുണ്യേന സാഹിത്യരസാൎദ്രമാക്കി പ്രയോഗിച്ചിട്ടുള്ള സൂക്തിവിശേഷങ്ങൾ സംസ്കൃതമഹാകവികളുടെ കൃതികളിൽ സുലഭങ്ങളാണ്.

സംസ്കൃതസാഹിത്യത്തിൽ ശബ്ദാൎത്ഥങ്ങൾക്കു സമപ്രാധാന്യം നല്കപ്പെട്ടിരിക്കുന്നു. അതു് അതിന്റെ ഒരു പ്രത്യേകതതന്നെയാണ്. തന്നിമിത്തം സമുചിതങ്ങളായ ശബ്ദങ്ങളുടെ സന്നിവേശത്താൽ സമുജ്വലമായ ഒരാഹാൎയ്യശോഭ ആ സാഹിത്യത്തിൽ എവിടെ നോക്കിയാലും കാണാം. വിശിഷ്ടാലങ്കാരാലങ്കൃതയായല്ലാതെ സുരസരസ്വതിയെക്കാണുവാൻ ഞെരുക്കമാണ്. ഇതരസാഹിത്യങ്ങളിൽ വല്ലപ്പോഴും "കാകതാളീയ"ന്യായേന മാത്രം കണ്ടെത്തിയാൽതന്നെ അത്യത്ഭുതമായിക്കരുതാറുള്ള ഒന്നാണു ശ്ലേഷം. അതിന്റെ അനൎഗ്ഗളമായ ലീലാവിലാസം സുലഭമായിക്കാണേണമെങ്കിൽ അമരവാണിയെത്തന്നെ ശരണീകരിക്കണം. ശ്ലേഷാശ്ലേഷ സുന്ദരങ്ങളായ സൂക്തിതല്ലജങ്ങൾ അവൾ കൊഞ്ചുന്ന വെറും പിഞ്ചുമൊഴികളാണെന്നു വരുമ്പോൾ ആ സാഹിതീദേവിയുടെ ഗരിമയും മഹിമയും എത്രമാത്രം ലോകോത്തരമായിരിക്കണമെന്ന് ഊഹിക്കയാണല്ലോ ഭേദം.

ഈ സാഹിതീദേവിയുടെ ആയുഷ്യവും ഔജസ്യവുമായ സ്തന്യം പാനംചെയ്തു ലോകത്തിലെ എത്രയെത്ര സാഹിത്യങ്ങളാണു ധന്യജീവിതങ്ങളും പുഷ്ടശരീരങ്ങളുമായിത്തീൎന്നിട്ടുള്ളതു്? ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ സംസ്കൃതസാഹിത്യത്തിന്റെ തേജസ്സു തട്ടി പ്രകാശമാനമായിത്തീൎന്നിട്ടില്ലാത്ത വല്ല ഉത്തമസാഹിത്യവും ഉണ്ടോ എന്നുതന്നെ സംശയമാണ്. നമ്മുടെ കൈരളിയുടെ സ്ഥിതിതന്നെ നോക്കുക. അതിലെ മണിപ്രവാളപ്രസ്ഥാനവും, മഹാകാവ്യപ്രസ്ഥാനവും, ഖണ്ഡകാവ്യപ്രസ്ഥാനവുമെല്ലാം എന്തിനെയുപജീവിച്ചുണ്ടായതാണ്? പോകട്ടെ. കേവലം ഭാഷാവിഷയമായ ശബ്ദപുഷ്ടിക്കുകൂടി അതു് എന്തിനെ ആശ്രയിച്ചുനില്ക്കുന്നു? സംസ്കൃതസാഹിത്യത്തിൽനിന്നും കടംവാങ്ങിയിട്ടുള്ള സ്വത്തിനെയെല്ലാം ഇന്നു തിരികെക്കൊടുപ്പാൻ ഒരുമ്പെടുന്നപക്ഷം, അപ്പോൾക്കാണാം ഇതേവരെയുമുണ്ടായിരുന്ന കൈരളിയുടെ മാംസളത്വവും മസൃണത്വവുമൊക്കെ ആകാശകുസുമപ്രായമായിക്കലാശിക്കുന്ന

ള്. അസ്ഥിപഞ്ജരത്തിൽക്കൂടി കുറെ കൂട്ടുള്ളതായി അനുഭവപ്പെടുന്നതിന്നു പിന്നെ വളരെ താമസമൊന്നുമില്ല. ലോകത്തിലെ അധികം ഭാഷകളുടേയും സ്ഥിതി ഏറക്കുറെ ഇതുതന്നെ. ആ നിലയ്ക്കു നോക്കുമ്പോഴും ഗൈർവ്വാണവാണിക്കുള്ള അഭ്യർഹിതത്വം അനപലപനീയമെന്ന് ഏവനും സമ്മതിക്കേണ്ടിവരും.

വിദ്വാൻ. വി. എം. ഗോവിന്ദമേനോൻ.

## കോടീശ്വരനായ
# രാമദുലാലസരകാരൻ.

മഹാഭാരതത്തിലെ അനുശാസന പർവ്വത്തിൽ ലക്ഷ്മിദേവി ശ്രീകൃഷ്ണൻേറയും രുഗ്മിണിയുടേയും സന്നിധിയിൽ വെച്ച് ഇപ്രകാരം പറഞ്ഞിട്ടുണ്ട്:—

"വസാമിനിത്യം സുഭഗേ പ്രഗത്ഭേ
ദക്ഷേ നരേ കർമ്മണി വർത്തമാനേ
അക്രോധനേ ദേവപരേ കൃതജ്ഞേ
ജിതേന്ദ്രിയേ നിത്യ മുദീർണ്ണസത്വേ"
"നാകർമ്മശിലേ പുരുഷേ വസാമി."

പൌരുഷമില്ലാത്തവനിൽ ദൈവം ഒരിക്കലും പ്രസാദിക്കുന്നതല്ല. ആർ ഭഗവാൻെറ തൃപ്പാദങ്ങളിൽ ആത്മസമർപ്പണം ചെയ്ത് തൻെറ ഉദ്ദേശ്യം നിറവേററുന്നതിൽ ആസക്തനായിരിക്കുമോ അവൻ ജീവിതത്തിൽ കൃതകൃത്യനായിത്തീരുന്നു. രാമദുലാലൻെറ അദൃഷ്ടത്തിലും അങ്ങിനെ തന്നേ വന്നുകൂടി. നന്നെച്ചെറുപ്പത്തിൽതന്നേ അദ്ദേഹത്തിൻെറ അച്ഛനമ്മമാർ മരിച്ചു പോയി. നിരാശ്രയനായ രാമദുലാലൻ ഭിക്ഷയെടുത്ത് കാലക്ഷേപം കഴിച്ചിരുന്ന മാതാമഹൻെറ രക്ഷയിലിരുന്ന് ഒരു വിധത്തിൽ ജീവനെ രക്ഷിച്ചുപോന്നു. എന്നാൽ അദ്ദേഹം ഈശ്വരങ്കൽ ആത്മസമർപ്പണംചെയ്തു മനസ്സുറപ്പോടുകൂടി തൻെറ ജീവിതോദ്ദേശ്യം നിറവേററി. അതു കാരണം അദ്ദേഹം ശ്ലാഘ്യനും പ്രാതഃസ്മരണീയനും ആയിത്തീർന്നിരിക്കുന്നു.

### രാമദുലാലൻെറ ജനനം

ക്രിസ്ത്വാബ്ദം 1752-ാമാണ്ടിൽ മഹാരാഷ്ട്രന്മാർ ബംഗാളരാജ്യത്തെ ആക്രമിക്കുകയും അവരുടെ ഭയങ്കരമായ ഉപദ്രവങ്ങൾകൊണ്ടു ബംഗാളരാജ്യം മുഴുവനും വിറയ്ക്കുകയും രാജ്യത്തിൽ പലവിധത്തിലുള്ള

കുഴപ്പങ്ങൾ ഉണ്ടായിത്തീരുകയുംചെയ്തു. അവർ ഒരിക്കലും കല്ക്കത്തയിൽ പ്രവേശിക്കുകയുണ്ടായില്ല. എങ്കിലും ക്രിസ്ത്വാബ്ദം 1757-ാമാണ്ടുവരെ അവർ കല്ക്കത്തയുടെ അയൽപ്രദേശങ്ങളിൽ പല ദ്രോഹങ്ങളും നടത്തിയിരുന്നു. ഇരുപത്തിനാലു പർഗ്ഗണാ (Twentyfour Parganas) എന്ന ജില്ലയിൽ ദമദാ എന്ന പ്രദേശത്തിന്നടുത്തു രേകജാനി എന്നു പേരായ ഒരു കുഗ്രാമം ഉണ്ടായിരുന്നു. മഹാരാഷ്ട്രസൈന്യങ്ങൾ അവിടെയും കൊള്ള നടത്താതിരുന്നില്ല. അവരെ ഭയപ്പെട്ടു് ആ ഗ്രാമജനങ്ങൾ സ്വന്തം ഊരുവിട്ടു നാലു ഭാഗത്തേയ്ക്കും കാടിത്തുടങ്ങി. ബലരാമസരകാരൻ എന്നു പേരായ ഒരു ദരിദ്രകായസ്ഥ ജാതിക്കാരൻ ആ ഗ്രാമത്തിൽ പാർത്തിരുന്നു. അവൻ പ്രാണഭയത്തോടുകൂടി ഗർഭിണിയായ ഭാര്യയേയും കൂട്ടിക്കൊണ്ടു കല്ക്കത്തയിലേയ്ക്കു പുറപ്പെട്ടു. വഴിയിൽവെച്ചു നിർജ്ജനമായ ഒരു പരന്ന മൈതാനത്തിൽ ആ ഗർഭിണി ഒരു പുത്രനെ പ്രസവിച്ചു. ഈ കുട്ടിയാണു രാമദുലാലസരകാരൻ രാമദുലാലന്റെ ജനനത്തിന്റെ കഥ കേൾക്കുമ്പോൾ അക്ബർ ചക്രവർത്തിയുടെ ജനനത്തിന്റെ കഥ ഓർമ്മയിൽ വരുന്നതാണു്.

രാമദുലാലന്റെ മാതാപിതാക്കന്മാർ.

രാമദുലാലന്റെ അച്ഛന്റെ പേർ ബലരാമസരകാരൻ എന്നാണ്. "ദേ"എന്നാണ് അവരുടെ കുലപ്പേര്. സരകാരൻ എന്നതു് ഉപനാമം മാത്രമാണു്. അദ്ദേഹം തന്റെ ഗ്രാമത്തിൽ ഒരു പാഠശാല ഏർപ്പെടുത്തി കൃഷിക്കാരുടെ കുട്ടികളെ പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ കൈയക്ഷരം നല്ല വടിവും ഭംഗിയുമുള്ളതായിരുന്നു. ശിഷ്യന്മാരുടെ കൈയക്ഷരം നന്നാക്കുന്നതിൽ അയാൾ നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. വിദ്യാർത്ഥികളുടെ രക്ഷകർത്താക്കന്മാർ അയാൾക്കു ശമ്പളം കൊടുക്കുന്നതിന്നുപകരം അരിയും കൂട്ടാൻവെക്കാനും കൊടുത്തിരുന്നു. എന്നാൽ കുറച്ചു പണം കിട്ടാഞ്ഞാൽ വീട്ടുചിലവു കഴിഞ്ഞുകൂടുവാൻ ഞെരുക്കമാണല്ലോ. അതിനാൽ കാസ്സറികളും വസ്ത്രോലും പൊതിമൂരികളുടെ പുറത്തു കയററി ആഴ്ചയിലൊരിക്കൽ അയാൾ കല്ക്കത്തയിൽ കൊണ്ടുപോയി വിററിരുന്നു. ഇങ്ങനെ വിററുകിട്ടിയ പണംകൊണ്ടു് അയാൾ കഷ്ടപ്പെട്ടു കുടുംബച്ചിലവു കഴിച്ചുവന്നു. രാമദുലാലൻ ജനിച്ചു കുറച്ചു കൊല്ലങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ അമ്മയും പിന്നീടു് അച്ഛനും മരിച്ചുപോയി. തന്റെ മകന്റെ കൈയക്ഷരം നന്നാക്കാൻ ബലരാമനു സാധിച്ചില്ല. അച്ഛനമ്മമാർ മരിക്കുമ്പോൾ രാമദുലാലനെക്കൂടാതെ അവൎക്കു് ഒരു പുത്രനും ഒരു പുത്രിയും ഉണ്ടായിരുന്നു. അവരെ രക്ഷിക്കേണ്ട ഭാരവും രാമദുലാലന്നായിത്തീൎന്നു.

## രാമദുലാലൻെറ കഷ്ടസ്ഥിതി.

സോദരനേയും സോദരിയേയും കൂട്ടിക്കൊണ്ട് എവിടെയാണ പോകേണ്ടതു് ആരേയാണ് ആശ്രയിക്കേണ്ടതു് എന്നുള്ളതായിരുന്നു രാമദുലാലൻെറ ആലോചന. ഈശ്വരൻ ഒരു വഴി കാണിച്ചുകൊടുത്തു. രാമദുലാലൻെറ മാതാമഹനായ രാമസുന്ദരവിശ്വാസൻ കല്ക്കത്തയിൽ താമസിച്ചിരുന്നു. അയാളുടെ സ്ഥിതി വളരെ മോശമായിരുന്നു. അയാൾ വീടുതോറും തെണ്ടി ഭിക്ഷയെടുത്തും അയാളുടെ ഭാൎയ്യ അയൽപക്കക്കാരുടെ നെല്ലു കുത്തിയും തങ്ങളുടെ ദിവസവൃത്തി കഴിച്ചിരുന്നു. ഈ സ്ഥിതിയിൽ രാമദുലാലനും അദ്ദേഹത്തിൻെറ അനുജനും അനുജത്തിയും മാതാമഹൻെറ വീട്ടിൽചെന്നു് ആശ്രയിച്ചു. രണ്ടു പൌത്രന്മാരോടും ഒരു പൌത്രിയോടും കൂടി രാമസുന്ദരൻ എത്ര കഷ്ടപ്പെട്ടാണ് അഹോവൃത്തി കഴിച്ചതെന്നു് എളുപ്പത്തിൽ ഊഹിക്കാവുന്നതാണ്.

രാമദുലാലൻെറ മുത്തശ്ശി എത്രത്തോളം പ്രയത്നശീലയായിരുന്നുവോ അത്രത്തോളം ധൎമ്മിഷ്ഠയും ദയയുള്ളവളുമായിരുന്നു. നെല്ലുകുത്തി കിട്ടിയ സമ്പാദ്യത്തിൽ നിന്നു് ഏതാനു ഭാഗം അവൾ ഗംഗാസ്നാനം കഴിഞ്ഞുവരുമ്പോൾ വഴിയിൽകാണുന്ന പിച്ചക്കാൎക്കു് കൊടുത്തിരുന്നു. ഇങ്ങിനെയുള്ളവരേയാണ് ഈശ്വരൻ സഹായിക്കുന്നതു്. ഹാടഖോലയിലെ ദത്തവംശക്കാർ ധനികന്മാരും ആഢ്യന്മാരും പ്രസിദ്ധികേട്ടവരും പഴയ കുടുംബക്കാരുമായിരുന്നു. അവർ നല്ലവിഷയങ്ങിൽ കൈയയച്ചു് ചിലവിട്ടിരുന്നു. അഗതികൾക്കു് അവർ അരയാൽ പോലെ നല്ല തണലായിരുന്നു. രാമദുലാലൻ മുത്തച്ഛൻെറ വീട്ടിൽ ചെന്നു് അല്പകാലം കഴിഞ്ഞപ്പോൾ അയാളുടെ മുത്തശ്ശി അയാളേയും കൂട്ടിക്കൊണ്ടു് ദത്ത കുടുംബത്തിൽ പോവുകയും അവിടെ വെപ്പുകാരിയായി പാൎത്തു തുടങ്ങുകയും ചെയ്തു. സുപ്രസിദ്ധനായ മദനമോഹൻ ഹാടഖോലയിലെ ദത്ത വംശത്തെ പ്രതിഷ്ഠിച്ചവനാണ്. അദ്ദേഹം ആദരവോടു കൂടി രാമദുലാലനേയും അയാളുടെ മുത്തശ്ശിയേയും തൻെറ കുടുംബത്തിൽ പാൎപ്പിച്ചു. അക്കാലത്തു് ധാൎമ്മികന്മാരും ധനാഢ്യന്മാരുമായ വലിയ കുടുംബക്കാർ തങ്ങളുടെ ദാസിദാസന്മാരുടെ കുടുംബങ്ങളേയും പോററിരക്ഷിക്കുകയും അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കയും ചെയ്തിരുന്നു. ഇവിടെ താമസം തുടങ്ങിയ മുതല്ക്കു് രാമദുലാലൻെറ ഭാഗ്യോദയം കണ്ടു തുടങ്ങി. മദനമോഹൻെറ ജീവിതവും രാമദുലാലൻെറ ജീവിതവും തമ്മിൽ അച്ഛേദ്യമായ ബന്ധം ഉള്ളതുകൊണ്ടു് മദനമോഹൻെറ ചുരുക്കമായ ഒരു വിവരണം താഴെ ചേൎത്തിരിക്കുന്നു.

മദനമോഹനദത്തൻ.

കല്ക്കത്തയിലുള്ള ഹാടഖോലയിലെ ദത്തവംശം ഏററവും പുരാതനവും, ഭേദപ്പെട്ടതും, ഹിന്തുധൎമ്മത്തിൽ വളരെ വിശ്വാസമുള്ള ഒരു കുടുംബമാണെന്നു മുമ്പുതന്നേ പറഞ്ഞിട്ടുണ്ടല്ലോ. അഗതികളെ രക്ഷിക്കുന്നതിൽ ഈ കുടുംബക്കാർ സിദ്ധഹസ്തന്മാരാണ്. മദനമോഹനദത്തൻ ഈ കുടുംബത്തിന്നു ഒരു മണിവിളക്കായിരുന്നു. ഇദ്ദേഹത്തിൻെറ ജനനം ഉദ്ദേശം ക്രിസ്ത്വാബ്ദം 1710-ാമാണ്ടിലായിരുന്നു. കല്ക്കത്തയിലെ നിമതലാഘട്ടത്തിലുള്ള ശ്മശാനസ്ഥലവും, ദരമാഹാടത്തെരുവും സ്ട്രാൻഡ് റോഡും കൂടിച്ചേരുന്ന സ്ഥലത്തിന്നു കിഴക്കായി ഇടിഞ്ഞുപൊളിഞ്ഞ ഒരു കെട്ടിടം ഇപ്പോഴും കാണപ്പെടുന്നുണ്ട്. അതിൽ ഒരു മുറിയിലാണു മദനമോഹൻ ജനിച്ചതു്. അദ്ദേഹത്തിൻെറ മുത്തച്ഛൻെറ പേർ രാമചന്ദ്രനെന്നും അച്ഛൻെറ പേര് കൃഷ്ണചന്ദ്രനെന്നുമായിരുന്നു. മദനമോഹൻ കൃഷ്ണചന്ദ്രൻെറ മൂത്തമകനായിരുന്നു. ഗോവിന്ദരാമമിത്രൻ നന്ദനബാഗാനത്തിൽ നിൎമ്മിച്ച് പൂന്തോട്ടം പോലെയും ആമീർചാന്ദൻ (Omichand) ഹാലസീ എന്ന സ്ഥലത്ത് നിൎമ്മിച്ച പൂന്തോട്ടം പോലെയും മദനമോഹനും ഹരിതകി, ശുണ്ഡിപാഡാ, സിമലാ മുതലായ സ്ഥലങ്ങളിൽ വലുതായ ഒരു പൂന്തോട്ടം നിൎമ്മിച്ചിട്ടുണ്ടായിരുന്നു. ഇപ്പോഠം ഉള്ള ഹേദുയാപുഷ്കരണി ഈ പൂന്തോട്ടത്തിനുള്ളിൽ പെട്ടതാണ്. അക്കാലത്ത് കോൎണ്ണവാലീസ്സ് തെരുവ് എന്ന പേർ കൊടുത്തിട്ടുണ്ടായിരുന്നില്ല. ഇപ്പോഠം "മാണികതലാതെരുവ്" സ്ഥിതിചെയ്യുന്ന സ്ഥലത്തിന്നു് അക്കാലത്ത് "മദനമോഹനത്തെരുവ്" എന്ന പേർ വിളിച്ചുവന്നിരുന്നു.

പ്രായപൂൎത്തിവന്നപ്പോഠം മദനമോഹനൻ വ്യവസായത്തിലേൎപ്പെട്ടു. അക്കാലത്ത് കല്ക്കത്തയിൽ ലക്ഷ്മികാന്തധരൻ (നകുധരൻ) എൻ പേരായ പ്രസിദ്ധപ്പെട്ട ഒരു സ്വൎണ്ണക്കച്ചവടക്കാരൻ ഉണ്ടായിരുന്നു. ക്രമത്തിൽ ഇരുവരും തമ്മിൽ വലിയസ്നേഹമായിത്തീൎന്നു. വ്യവസായ കാൎയ്യങ്ങളിൽ അവർ അന്യോന്യം ആലോചിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. ശോഭാബജാറിലെ സുപ്രസിദ്ധനായ മഹാരാജാനവകൃഷ്ണ ദേവബഹദൂർ തൻെറ ചെറുപ്പകാലത്ത് നകുധരൻെറ വീട്ടിൽ ഭൃത്യനായി പാൎത്തിരുന്നു. മദനമോഹനനാണ് നവകൃഷ്ണദേവന് നകുധരൻെറ വീട്ടിൽ ജോലികൊടുപ്പിച്ചത്. നകുധരൻെറയും മദനമോഹനൻെറയും ശുപാൎശിപ്രകാരം നവകൃഷ്ണമഹാരാജാവ് ഒരു കാലത്ത ക്ലൈവ് പ്രഭുവിൻെറ മുൻഷിയായി നിശ്ചയിക്കപ്പെട്ടിരുന്നു.

കുറച്ചുകാലം വ്യവസായത്തിലേൎപ്പെട്ടതിൻെറ ശേഷം കച്ചവടത്തിൽ നഷ്ടംവരികയാൽ അദ്ദേഹത്തിന്ന് ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ

കീഴിൽ ഉപ്പു വിചാരിപ്പുകാരൻെറ ജോലിയിൽ പ്രവേശിക്കേണ്ടിവന്നു. ഇതിന്നു മുമ്പിൽ അദ്ദേഹം ഉപ്പു കച്ചവടം നടത്തിയിരുന്നതുകൊണ്ട് ഈ വിഷയത്തെപ്പററി അദ്ദേഹത്തിന്ന് നല്ല അറിവും നോട്ടവുമുണ്ടായിരുന്നു. ഈ കാരണത്താലാണ് കമ്പനിക്കാർ അദ്ദേഹത്തെ ഉപ്പുപാണ്ടികശാലയിലെ വിചാരിപ്പുകാരനായി നിശ്ചയിച്ചതു്. അക്കാലത്തു് ഉപ്പുവകുപ്പിൽ പണിയെടുത്തിരുന്നവർ അല്പകാലത്തിന്നുള്ളിൽ അനവധിപണം സമ്പാദിച്ചിരുന്നു. മദനമോഹനൻ പ്രകൃത്യാ ധാമ്മികനായിരുന്നു. അസത്യവും ചതിയും അദ്ദേഹത്തിൻെറ അടുത്തുകൂടി പോയിട്ടില്ല. അദ്ദേഹം ചെറുതായ ഒരു പീടികനടത്തിയിരുന്നു. കമ്പനിയിൽനിന്ന് കിട്ടുന്നശമ്പളം കൊണ്ടും പീടികയിൽനിന്ന് കിട്ടുന്ന ആദായം കൊണ്ടും അദ്ദേഹം നല്ലവണ്ണം തൃപ്തിപ്പെട്ടിരുന്നു. ഈ കാരണത്താൽ തന്നെ ഈശ്വരൻ അദ്ദേഹത്തിൻെറനേരെ പ്രസാദിച്ച് ഒടുക്കം അദ്ദേഹത്തെ ഒരു വലിയ ധനികനാക്കിത്തീത്തു.

ഈ സമയത്ത് വിചാരിക്കാത്തതായ ഒരു സംഭവം ഉണ്ടായി. ഇതു ക്രിസ്ത്വാബ്ദം 1756-ാമാണ്ട് ജൂൺമാസം 16-ാനു- ബുധനാഴ്ച നടന്ന സംഭവമാണ്. അന്ന് സിരാജഡൌളയുടെ സേനാപതിയായ ജാഫർ ആലിഖാൻ (മീർജാഫർ) ബാഗ്ബജാറിൽവെച്ച് ഈസ്റ്റിന്ത്യാ കമ്പനിക്കാരുമായുണ്ടായ യുദ്ധത്തിൽ തോററുപോയി. ഇതിന്ന് ഒരു മാസം മുമ്പിൽ സിരാജഡൌള കല്ക്കത്തയെ ഉടനെ ആക്രമിക്കാൻ പോകുന്നു എന്ന ഒരു ജനശ്രുതി കല്ക്കത്തയിൽ പരന്നിരുന്നു. കല്ക്കത്തയിൽ വലിയ ബഹളമുണ്ടായി. ബാംഗാളികൾ കൂട്ടം കൂട്ടമായി കല്ക്കത്തയെ ഉപേക്ഷിച്ച് പോയിത്തുടങ്ങി. മദനമോഹൻ കുഡുംബങ്ങളോടുകൂടി കല്ക്കത്തയിൽനിന്ന് പുറപ്പെട്ട് ഖാരയീപുരത്തിലുള്ള തൻെറ സോദരിയുടെ വീട്ടിൽ ചെന്നു താമസിച്ചു. കല്ക്കത്തയെ വളഞ്ഞതും, കാളിഘട്ടത്തിലെ കാളഗത്തത്തിൽ വെച്ചുണ്ടായ കൊലയും പ്ലാസിയിലെ യുദ്ധവും, മീർജാഫരുടെ സിംഹാസനാരോഹണവും മററുമായി രണ്ടുകൊല്ലം കഴിഞ്ഞുകൂടി. മദനമോഹൻ കല്ക്കത്തയിൽ മടങ്ങിവന്നപ്പോൾ തൻെറ സകല സ്വത്തുകളും കൊള്ളയിട്ടു കൊണ്ടുപോയതായി അദ്ദേഹം കണ്ടു. അദ്ദേഹം നഗരം ഉപേക്ഷിച്ചുപോയ കാരണംകൊണ്ട് കമ്പനിക്കാർ അദ്ദേഹത്തിന്ന് വന്നുചേൎന്ന നഷ്ടത്തിന്നു് ഒന്നും വകവെച്ചു കൊടുത്തില്ല.

മദനമോഹൻ കച്ചവടാവശ്യത്തിന്നായി എഴെട്ട് കപ്പലുകൾ ഉണ്ടാക്കിച്ചിരുന്നു. ബിലാത്തിയിലേയും അമേരിക്കയിലേയും കച്ചവടക്കാരുമായി അദ്ദേഹം കച്ചവടം നടത്തിയിരുന്നു. അദ്ദേഹത്തിൻെറ ബഹുമാനത്തിന്നു് അളവുണ്ടായിരുന്നില്ല. നകുധരൻ, നന്ദരാമസേനൻ,

ഗോവിന്ദരാമമിത്രൻ, ശങ്കരഹാലദാർ, മഹാരാജാനവകൃഷ്ണദേവൻ, രാമസുന്ദരമിത്രൻ, ശോഭാരാമവസാകം, ഗോകുലമിത്രൻ തുടങ്ങി അക്കാലത്തു കല്ക്കത്തയിലുണ്ടായിരുന്ന സകലയോഗ്യന്മാരും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

കുമാരട്ടലിനിവാസിയും പഞ്ചമനും കറുത്തജമിന്താരും (Flack Zelmindar) ആയ ഗോവിന്ദരാമമിത്രൻെറ പൌത്രനും രഘുനാഥമിത്രൻെറ പുത്രനുമായ രാധാചരണമിത്രൻ വഞ്ചനക്കുററം ചെയ്യതിന്ന് മേയർസ് കോടതിയിലെ ജഡ്ജിമാർ അദ്ദേഹത്തിന്ന് തടവു ശിക്ഷകല്പിച്ചു. കല്ക്കത്താനിവാസികളിൽ പ്രധാനികളായ 457 ആളുകളും ബംഗാൾ, ബിഹാർ ഒറിസ്സപ്രദേശങ്ങളിലെ അധിപതിയായ മഹമ്മദ് രേജഖാനും രാധാചേരണനെ തടവിൽനിന്ന് വിട്ടയക്കണമെന്നു ഇംഗ്ലണ്ടിലെ രാജാവായ തൃതിയ ജോർജ്ജിന്ന് ഹരജി അയച്ചിരുന്നു. ഹരജി അനുവദിച്ച് രാധാചരണനെ തടവിൽനിന്ന് വിട്ടയക്കാൻ കല്പനയായി. മുൻപറഞ്ഞ പ്രധാനികളുടെ പട്ടികയിൽ മദനമോഹനദത്തൻെറ പേർ കാണപ്പെടുന്നുണ്ട്.

അദ്ദേഹം അമ്മയേയും കൂട്ടിക്കൊണ്ടു ഗയയിലേക്കു പോയിരുന്നു. അക്കാലത്ത് ശ്രാദ്ധമൂട്ടുന്ന കുന്നിലേക്ക് കയറാൻ പടവുകളുണ്ടായിരുന്നില്ല. അതുകൊണ്ടു അദ്ദേഹത്തിൻേറ അമ്മക്ക് കുന്നിൽ കയറാൻ സാധിച്ചില്ല. മദനമോഹൻ കുറേലക്ഷം ഉറുപ്പിക ചിലവിട്ടു പടവുകെട്ടിക്കുകയും കുന്നിൻേറ മുകളിൽ വലിയൊരു കെട്ടിടം പണിയിക്കുകയും ചെയ്തു. മന്ദിരത്തിൻേറ മുകളിൽ ഒരു കല്പലകയിൽ ഇങ്ങിനേ എഴുതിട്ടുണ്ട്:—"ശ്രീരാധാകൃഷ്ണായനമഃ ശ്രീ ചൈതന്യചന്ദ്രായനമഃ ശ്രീ ശിവദുർഗ്ഗാശരണം. ജയരാമഃ പ്രഭോ! മദനമോഹനന് സകുഡുംബം മംഗളം വരുത്തണേ എന്ന് അങ്ങയുടെ തൃപ്പാദാശ്രിതൻ വരം യാചിക്കുന്നു."

കാശിയിലേ അറുപത്തിനാലു ഘട്ടങ്ങളിൽ ഒന്നായ യോഗിനി ഘട്ടത്തിൽ അദ്ദേഹം പ്രതിഷ്ഠിപ്പിച്ചതായ വലിയ ശിവലിംഗവും ഒരു വലിയ പ്രാസാദവും ഇപ്പോഴും ഉണ്ട്.

മദനമോഹനന് രാമതനു, ചൈതന്യചരണൻ, രസികലാലൻ, ഹരലാലൻ എന്നിങ്ങിനേ നാലുപുത്രന്മാർ ഉണ്ടായിരുന്നു. അക്കാലത്ത് കല്ക്കത്തയിൽ രാജാകൃഷ്ണരാജാവും ഗോകുലമിത്രനുമൊഴിച്ചു രാമതനുവിനേപ്പോലെ അത്ര സുഖിയനും വിലാസപ്രിയനുമായിട്ടു വേറേ ആരും ഉണ്ടായിരുന്നില്ല. അദ്ദേഹം ഡാക്കായിൽ ഉണ്ടാക്കപ്പെട്ട വിശേഷ മസ്ലിൻ വസ്ത്രങ്ങൾ ധരിച്ചിരുന്നു. അദ്ദേഹം കിടക്കുന്ന മുറികൾ അത്തർകൊ

ണ്ടും പനീരുകൊണ്ടും നനച്ചിരുന്നു. ചൈതന്യചരണൻ ചെകിടനായിരുന്നു. ഈ രണ്ടുമക്കൾക്കും തന്റെ സ്വത്തുക്കൾ രക്ഷിക്കാൻ കഴിയുന്നതല്ലെന്നു് ബുദ്ധിമാനായ മദനമോഹനന് ബോദ്ധ്യമായിരുന്നു. ക്രിസ്ത്വബ്ദം 1786ാം മാണ്ടിൽ മെയിമാസം 12-ാംനു- അദ്ദേഹം ഒരു മരണപത്രം എഴുതിവെച്ചു. അതിൽ രസികലാലനേയും ഹരലാലനേയും മാത്രം അദ്ദേഹം തന്റേ അവകാശികളായി നിശ്ചയിച്ചിരുന്നു. ക്രിസ്ത്വബ്ദം 1787-ാമാണ്ട് ഏപ്രിൽ 1-ാംനു- അദ്ദേഹം മരണംവരേ സ്വബോധത്തോടുകൂടി ഗംഗാതീരത്തിൽ മരണം പ്രാപിച്ചു.

(തുടരും)

കണ്ണമ്പ്ര കുഞ്ഞുണ്ണി നായർ ബി. ഏ; ബി. എൽ.

# കഥമഹാനാടകം. *

## (ഒരങ്കത്തിൽ ഒരു ചരിത്രകഥ.)

[പാത്രങ്ങൾ:—ആക്ബർ (ദില്ലി ചക്രവത്തി); അബ്ദുൾഫസൽ (അദ്ദേഹത്തിന്റെ വിശ്വസ്തമന്ത്രിയും, മിത്രവും); മീരാഭായി (ചിറ്റൂരിലെ റാണാ ഉദയസിംഹന്റെ പത്നി); പത്മിനീഭായി (റാണാ ഉദയസിംഹന്റെ സഹോദരി); പ്രതാപസിംഹൻ (രാജപുത്രസൈന്യത്തിലെ ഒരു നായകൻ); അബ്ദുൾകറിം (ആക്ബറുടെ സൈന്യത്തിലെ ഒരു ഭടൻ); കഞ്ചുകി (ഒരു ദ്വാരപാലൻ);]

(സ്ഥലം—യുവരാജപുരത്തിന്നടുത്തുള്ള ആക്ബരുടെ ശിബിരം. സമയം—സായം സന്ധ്യ—ആക്ബർ തന്റെ ഉപകാരികയുള്ളിൽ ഒരു മഞ്ചത്തിലും, അബ്ദുൾഫസൽത്തടുത്തു് ഒരാസനത്തിലും ഇരിക്കുന്നു )

ആക്ബർ—നാം ജയിച്ചു. ശരിതന്നെ. പക്ഷേ നമ്മുടെ വമ്പിച്ച സൈന്യം ചെന്നു നിശ്ശേഷം ആ രാജപുത്രഭടന്മാരെ! നശിപ്പിച്ചില്ലെ, അവക്കാണു വാസ്തവത്തിൽ ഇന്നത്തെ ജയമഹിമ മുഴുവനും. അവരുടെ ആ യുവസേനാനിയെ പടക്കളത്തിൽവെച്ചു നിങ്ങൾ ഒന്നു കാണേണ്ടതായിരുന്നു. ഹിന്ദുക്കളുടെ സാക്ഷാൽ "സേനാനി"യില്ലേ, അദ്ദേഹംതന്നെ ഭൂമിയിൽ അവതരിച്ചതോ എന്നു തോന്നും കണ്ടാൽ. അയാളെ ജീവനോടുകൂടെ ബന്ധിച്ചു കൊണ്ടുവരാൻ ഞാൻ കല്പനകൊ

* മദിരാശി ഹൈക്കോർട്ടു ജഡ്ജിയായിരുന്ന മി. വി. വി. ശ്രീനിവാസ അയ്യങ്കാരെഴുതിയ ഒരു ലഘുഗ്രന്ഥത്തെ അനുസ്മരിച്ചാണിതെഴുതിയതു്.

ലേഖകൻ.

ട്ടത്തിട്ടുണ്ട്. അയാൾ നമ്മുടെ കയ്യിൽ പെടാതെ ചാടീട്ടുണ്ടാവും എ ന്നാണു തോന്നുന്നതു്. അവരുടെ യുദ്ധം കാണത്തക്കതായിരുന്നു!

അബ്ദുൾഫസൽ—ഞാൻ കേട്ടു, രാജപുത്രയോദ്ധാക്കൾ വളരെ ധൈര്യ ത്തോടെ പൊരുതിയതായിട്ട്.

ആക്ബർ—അവൎക്കുതന്നെ അറിയാമായിരുന്നു, ആരും ബാക്കിയാവില്ല, ഒക്കെ കട്ടങ്ങുമെന്ന്. എന്നിട്ടും അവർ വിട്ടില്ല. നോക്കൂ ധൈര്യം!

അബ്ദുൾഫസൽ—ധൈര്യത്തെപ്പററി ഇവിടുന്ന് എപ്പോഴെങ്കിലും ഗാ ഢമായി ആലോചിച്ചിട്ടുണ്ടോ?

ആക്ബർ—ഉം? എന്താ, വിശേഷിച്ച്?

അബ്ദുൾഫസൽ—നാം ധൈര്യമെന്ന് അത്ഭുതപ്പെടുന്നതു് 'എന്തുവന്നാ ലും വേണ്ടില്ല' എന്ന മട്ടിലുള്ള ജീവൻ കളഞ്ഞ സാഹസധൈര്യമാ ണ്. ഫലാനപേക്ഷയാണ നമ്മെ വിസ്മയപരവശരാക്കുന്നതു്. അ സ്ഥാനത്തിലാണ നാം ധൈര്യത്തെ പലപ്പോഴും അഭിനന്ദിക്കാറു ള്ളതു്.

(അനതിദൂരത്തിൽ രണ്ടു സന്ന്യാസിമാർ പാടിക്കൊണ്ടു പ്രവേശി ക്കുന്നു.)

"നളിനീദളഗത ജലമതി തരളം
തദ്വൽ ജീവിതമതിശയചപലം
വിദ്ധിവ്യാധ്യഭിമാനഗ്രസ്തം
ലോകം ശോകഹതഞ്ച സമസ്തം.
ഭജ ഗോവിന്ദം ഭജ ഗോവിന്ദം!
ഭജ ഗോവിന്ദം ബത മൂഢമതേ!
സംപ്രാപ്തേ സന്നിഹിതേ മരണേ!
നഹി നഹി രക്ഷതി ഡുകൃഞ്കരണേ."

ആക്ബർ—(ശ്രദ്ധിച്ചിട്ട്) ഗാനം എത്ര മധുരമായിരിക്കുന്നു, അതിലെ തത്വം തത്വമടങ്ങിയിരിക്കുന്നു. ആരവിടെ?

(കഞ്ചുകി പ്രവേശിച്ച്.)

കഞ്ചുകി—അടിയൻ.

ആക്ബർ—അവിടെ പാട്ടുന്നവർ ആരെന്നറിഞ്ഞുവരൂ.

കഞ്ചുകി—അവർ ഹിന്ദുസന്ന്യാസിമാരെന്നാണ പറഞ്ഞതു്. ഇങ്ങോട്ടു വ രരുതെന്ന് അവരോട്ട് ആവുംവിധം പറഞ്ഞുനോക്കി. ഇവിടത്തെ മുഖം കാണിക്കണം എന്നവർ ശാഠ്യം പിടിക്കുന്നു. ഇങ്ങിനെയുള്ളവർ വന്നാൽ തടസ്സം ചെയ്യരുതെന്നു മുമ്പൊരിക്കൽ ഇവിടുന്നു ഉത്തര

വിട്ടിട്ടുള്ളതുകൊണ്ട് ഇവരുടെ കാൎയ്യത്തിൽ-അടിയങ്ങൾ—എന്താണു വേണ്ടതെന്ന് അറിയുന്നില്ല. അവർ ഇവിടെ വന്നു നിൽപ്പുണ്ട്.

ആക്ബർ—ആവട്ടെ. അവരെ ഇങ്ങട്ടു കൂട്ടിക്കൊണ്ടുവരു.

(കഞ്ചുകി പോയി.)

അബ്ദുൾഫസൽ— കൎണ്ണമധുരമായ ഗാനം കേട്ടാൽ അവർ സന്യാസിമാരാണെന്ന് ആരും പറയുകയില്ല. പരിചയമില്ലാത്തവരെ സന്നിധിയിൽ പ്രവേശിക്കാനനുവദിക്കുന്നത്—പ്രത്യേകിച്ച് ഈ അവസരത്തിൽ—അത്ര നന്നല്ല.

ആക്ബർ—വിശ്വാസം വിശ്വാസംതന്നെ. സംശയിച്ചാൽ സംശയിക്കുകതന്നെ. അത്രേയുള്ളു.

(സന്യാസിമാരെ കൂട്ടിക്കൊണ്ടു കഞ്ചുകി വീണ്ടും പ്രവേശിക്കുന്നു.)

ഒന്നാമത്തെ സന്യാസി—ഹിന്ദുമുസ്ലീം ദേവന്മാരുടെ പ്രസാദത്താൽ മൃഗൾപാദൂഷാ അങ്ങുന്നു സൎവ്വോൽക്കൎഷേണ വൎത്തിക്കുമാറാകണം.

ആക്ബർ—നിങ്ങൾക്കു എന്നെയും അനുഗ്രഹിക്കാം. സന്യാസിമാരാണല്ലോ.

ഒ-സ:—ഞങ്ങളിൽ ചിലർ ഈശ്വരന്റെ ഭൃത്യന്മാർ. തന്തിരുവടിയുടെ ഉപകരണങ്ങൾ!

ആക്ബർ—(അബുൾ ഫസലിനോടു) അവരുടെ ശബ്ദം അതിവരമണിയമായിരിക്കുന്നു. ഇല്ലെ?

(സന്യാസിന്മാർ പരസ്പരം നോക്കുന്നു.)

ആക്ബർ—നിങ്ങൾ ഏതു ദിക്കിൽ നിന്നു വരുന്നു?

ഒ. സ—ഞങ്ങൾക്കു പ്രത്യേകിച്ചൊരു ദിക്കിൽനിന്നെന്നു ഒന്നും പറയാനില്ല.

ആക്ബർ—ഇങ്ങിനെ സന്യാസിവൃത്തികൈക്കൊണ്ടിട്ടു ഇപ്പോൾ എത്രകാലമായിക്കാണും?

ഒ. സ:—അധികമായില്ല. ഞങ്ങൾ ഐഹിക ഭോഗങ്ങളൊക്കെ ഉപേക്ഷിച്ചിട്ട്.

ആക്ബർ—പരിഗ്രഹം?

ഒ. സ—പരിഗ്രഹിക്കാൻ പാടില്ലെന്നാണു ഞങ്ങളുടെ വിധി.

ആക്ബർ—അപ്പോൾ സന്താനങ്ങളുമില്ല.

ആക്ബർ—രണ്ടാൾക്കും വളരെ ചെറുപ്പം തോന്നുന്നു. എന്തൊരുദ്ദേശം കൊണ്ടാണു ഈ ചെറുപ്പത്തിൽ സന്യാസിത്വം സ്വീകരിച്ചിരിക്കുന്നതു?

ക. സ - വളരെ ചെറുപ്പത്തിൽ തന്നെ ഞങ്ങൾ ഐഹികസംഗങ്ങൾ എല്ലാം പരിത്യജിക്കണമെന്നായിരിക്കണം വിധി.

ആക്ബർ—എന്നെ കാണണമെന്നു നിങ്ങൾ കാംക്ഷിച്ചിതെന്തിനു?

സന്യാസിമാർ പരസ്പരം കടക്കണ്ണിടുന്നു.

രണ്ടാംസന്യാസി—പാദുഷാ! വാസ്തവം പറയുന്ന പക്ഷം, സംഗീതത്തോടും സന്യാസിമാരോടും ഇവിടുത്തേയ്ക്കുള്ള പ്രേമമാണു അങ്ങയുടെ സന്നിധി പ്രാപിയ്ക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചതു്.

ക. സ—നാട്ടനീളെ പരന്നുവശായിട്ടുള്ള അങ്ങയുടെ കീർത്തിയുഗുണങ്ങൾകേട്ടു അവിടുത്തെ മരിയ്ക്കുന്നതിനു മുൻപു ഒരുനോക്കു കാണുകയെങ്കിലും ചെയ്യണമെന്നു ഞങ്ങൾ നിശ്ചയിച്ചതാണ്.

അബുൾഫസൽ—സന്നിധിയിൽ ഇന്നു തന്നെ കാണണമെന്നു നിങ്ങൾ ശഠിച്ചതായികേട്ടു. അപ്പോൾ നിങ്ങളുടെ അവസാനം ഇത്ര അടുത്തിരിക്കുന്നുവെന്നാണൊ വിചാരിയ്ക്കുന്നതു്?

ക. സ: - ഇങ്ങിനെയുള്ള അവസരങ്ങൾ ദുർല്ലഭമാണു. മരണത്തിൻെറ കാര്യത്തിൽ—അതു ഒരിക്കൽ ഉണ്ടാവുമെന്ന കാര്യം തീർച്ചയാണെങ്കിലും—അതു എവിടെവെച്ചാണെന്നും എപ്പോഴാണെന്നും ആക്കെങ്കിലും പറയാൻ സാധിക്കുമൊ?

ആക്ബർ:—അതുശരിയാണു. മരിയ്ക്കാൻ തെയ്യാറായിരിയ്ക്കയാണു എപ്പോഴും വേണ്ടതു്.

ക. സ:—ഈ കാഷായ വസ്ത്രം ധരിച്ചപ്പോഴേ ഞങ്ങൾ മരിയ്ക്കാനൊരുങ്ങിക്കഴിഞ്ഞിരിക്കുന്നു.

അ. ഫ:—നിങ്ങടെ ആകൃതിയും പ്രവൃത്തിയും കണ്ടപ്പോഴേ ഞാനതു ഊഹിച്ചിരിക്കുന്നു.

ക. സ:—ഞങ്ങളുടെ വേദാന്തതത്വപ്രകാരം ഈ ലോകത്തിൽ ചാക്ഷുഷപ്രത്യക്ഷമായികാണുന്നതെല്ലാം വെറും ഛായ മാത്രമാണു. തത്വം പ്രച്ഛന്നമായിരിയ്ക്കയാണ്.

അ. ഫ: - ഛായാമാൎഗ്ഗമായി നോക്കുമ്പോൾ നമുക്കു സത്യാവസ്ഥ കാണാൻ കഴികയില്ലെന്നോ?

ക. സ:—യഥാൎത്ഥവസ്തുവെ കാണുകയില്ല. ആദ്യം കണ്ട ഛായയെപ്പോലെ തന്നെ ഭ്രാന്തിജനകമായി വേറൊരു രൂപമായിരിക്കും കാണുക.

അ. ഫ:—നിങ്ങൾക്കു വളരെ സാമൎത്ഥ്യത്തോടെ സംസാരിയ്ക്കാൻ വശം തന്നെ.

ആക്ബർ:—പുറത്തു നിങ്ങൾ കുറച്ചു മുൻപു പാടുന്നതുകേട്ടപ്പോൾ

എനിക്കു വളരെ സുഖമായിതോന്നി. വാസ്തവത്തിൽ പാടുന്നതു വല്ല വനിതാമണികളോ എന്നു ഞാൻ സംശയിച്ചുപോയി.

അ. ഫ:—പുരുഷന്മാരിൽ സ്ത്രീകളും സ്ത്രീകളിൽ പുരുഷന്മാരുമുണ്ട ല്ലോ! ജാത്യാ നിങ്ങൾ സ്ത്രീകളായിരിയ്ക്കണം.

ക. സ:—അങ്ങിനെയാണെങ്കിൽ ഞങ്ങളുടെ ജീവിതം എത്ര ധന്യമായി! സ്ത്രീകളുടെ നിലയ്ക്കു് ഈ സന്നിധിയിൽ പ്രാപിയ്ക്കാൻ സംഗതി വന്നിരുന്നെങ്കിൽ ----

ആക്ബർ:—നിങ്ങളുടെ ചാടുഭാഷണം ചേതോഹരമായിരിക്കുന്നു.

ക. സ:—ഞങ്ങളുടെ ഭാഷണത്തിന്നു വല്ല ചാടുത്വവമുണ്ടെങ്കിൽ അതു ഇവിടുത്തെ മഹനീയ സാന്നിധ്യം നിമിത്തമുണ്ടായതാണെന്നുള്ളതിന്നു സംശമില്ല. വിശേഷിച്ചു ഞങ്ങളുടെ നിലയിലുള്ള വരുടെ—

(ഒരു കഞ്ചുകി പ്രവേശിച്ചു അബുൾ ഫസൽ പക്കൽ ഒരു കത്തു ഏല്പിക്കുന്നു. അദ്ദേഹം അതു വായിക്കുന്നു. സന്യാസിമാരെ ഇടയ്ക്കു നോക്കുന്നു. അനന്തരം ലേഖനം ആക്ബരുടെ വശം കൊടുക്കുന്നു. ആക്ബർ അതിൽ കണ്ണോടിച്ചു അനന്തരം സന്യാസിമാരേയും അബുൾ ഫസലിനേയും നോക്കി മന്ദഹസിയ്ക്കുന്നു)

ആക്ബർ:—(കഞ്ചുകിയോടു) അബ്ദുൾ കരീമിനോടു അകത്തുവരാൻ പറയൂ.

(കഞ്ചുകിപോയി)

(സന്യാസിമാർ പരസ്പരം സാകൂതം നോക്കുന്നു. പതിനഞ്ചുനിമിഷത്തിന്നുള്ളിൽ അബ്ദുൾ കരീം ഉള്ളിൽ പ്രവേശിക്കുന്നു. സന്യാസിമാർ അബ്ദുൾ കരീമിനെ കണ്ടുതെല്ലൊന്നഞ്ചുന്നു)

ആക്ബർ (സന്യാസിമാർ ഇദ്ദേഹത്തെ അറിയുമെന്നു തോന്നുന്നു. ഇദ്ദേഹവുമായി പരിചയപ്പെട്ടതു എവിടെ വെച്ചാണു, എപ്പോൾ ആണു, എങ്ങിനെയാണു എന്നെല്ലാം കേൾക്കാൻ കൌതുകമുണ്ടു്.

ക. സ:— ജീവിതം തന്നെ ഒരു മഹാനാടകമാണു്. ജീവജാലങ്ങളെല്ലാം അതിലെ നടന്മാരുമാണു്. പാത്രങ്ങൾ തമ്മിൽ പലപ്പോഴും രംഗത്തിൽ അഭിമുഖമായി കണ്ടു മുട്ടാറുണ്ടല്ലോ. എവിടെയാണു, എപ്പോഴാണു, എങ്ങിനെയാണു എന്നാക്കു പറയാം? ഇവിടുന്നു ഇദ്ദേഹത്തിന്റെ ധാരണശക്തിയെ ആസ്പദമാക്കിയാൽ മതി. അങ്ങുന്നു സംഗതികൾ ശരിയായി പറയും.

ആക്ബർ—ശരിയും ശരിയല്ലായ്മയുമൊക്കെ നമ്മുടെ വീക്ഷാരീതിയെ അനുസരിച്ചാണു്. ഒന്നു ചെയ്യാൻ കഴിയുന്നാൾക്കു് അതു ചെയ്യാതിരിക്കാനും കഴിയും.

(ബഹിർഭാഗത്തു ചില ശബ്ദങ്ങൾ കേൾക്കുന്നു.)

അ. ഫ: - ശിപായി! എന്താണവിടെ ശബ്ദം?

(കഞ്ചുകിപ്രവേശിച്ചു)

കഞ്ചുകി:—സൎക്കാരങ്ങുന്നേ! ഒരു രജപുത്രയോദ്ധാവു മഹമ്മദ്‌വേഷത്തിൽ, ഇവിടെ നടന്നലഞ്ഞിരുന്നു. അതു നമ്മുടെ രക്ഷാസൈന്യത്തിൽ ചിലർ കണ്ടുപിടിച്ചു ഇവിടെ സന്നിധിയിലേയ്ക്കു കൊണ്ടുവന്നിരിക്കുകയാണു.

ആക്ബർ:—ഫസൽജി! തമാശയുണ്ടു! എന്താ?

അ. ഫ:—ഇനിയെത്ര പേരിങ്ങിനെയുണ്ടാവൊ?

ആക്ബർ:—(കഞ്ചുകിയോടു) ആവേഷക്കാരനെ ഇവിടെ ആനയിയ്ക്കണം.

(ആക്ബർ ഇതു കല്പിച്ചു സന്യാസിമാരെ നോക്കുന്നു. അവർ തമ്മിൽ അങ്ങുമിങ്ങും നോക്കുന്നു. പ്രതാപസിംഹനെയും കൂട്ടി കഞ്ചുകി പ്രവേശിയ്ക്കുന്നു. പ്രതാപസിംഹനെ കണ്ടമാത്രയിൽ സന്യാസിമാർ പിന്നെയും അരളുന്നു. അബ്ദുൾ കരിമും പ്രതാപസിംഹനും പരസ്പരം സൂക്ഷിച്ചുനോക്കുന്നു)

ആക്ബർ:—നിങ്ങളാരു? ഇവിടെ ഇങ്ങിനെ അലയുന്നതെന്തിനു?

അ. ഫ: —ഉദയസിംഹൻെറ വല്ല ചാരനുമാണൊ നിങ്ങൾ? അങ്ങിനെയാണെങ്കിൽ, നിങ്ങളുടെ രാജാവിനൊടൊന്നിച്ചു വല്ല വനപ്രാന്തങ്ങളിലും പോകയല്ലെ നിങ്ങൾക്കു അധികം നന്നായിരുന്നതു?

പ്രതാപസിംഹൻ:—പാദുഷാ പ്രസാദിയ്ക്കണം. ഒരു രാജപുത്രയോധൻ ഇവിടുത്തെ പടകുടീരത്തിന്നടുക്കൽ ലാത്തുന്നതു ഇവിടുത്തെ രക്ഷയ്ക്കല്ലെന്നറിയണം. അതു നിരസിയ്ക്കാൻ ആ രാജപുത്രൻ ഒരുക്കവുമില്ലാ.

ആക്ബർ:—ഈ സന്യാസിമാരെ പരിചയമുണ്ടൊ?

(അബുൾഫസലിനോടു നമ്മെഒഴിച്ചു എല്ലാക്കും ഈ സന്യാസിമാർ പരിചിതന്മാരായിരിക്കുന്നു. അത്ഭുതം. (സന്യാസിമാർ പരസ്പരം നോക്കുന്നു.)

പ്രതാ: —ഞാൻ ദില്ലിപാദുഷാവിൻെറ ഒരു ഭൃത്യനോ സേവകനൊ അല്ലാ. അദ്ദേഹത്തിൻെറ ഉററശത്രുവാണു. എന്നൊടു യാതൊന്നും ചോദിയ്ക്കേണ്ടാവശ്യമില്ലാ. ഞാൻ ഒന്നിനും മറുപടിപറയാനിനി തെയ്യാറില്ലാ.

ആക്ബർ:—(സക്രോധം) നിങ്ങൾക്കു സമയം തരാം. സത്യമായും ന്യായമായും ഉള്ള കാൎയ്യം പറഞ്ഞാൽ ജീവിതവും കൊണ്ടുനേരത്തെ പോ

കാ. അല്ലാത്തഭാഗം കഴുകുകൾ നിങ്ങളുടെ ദേഹത്തിന്റെ സ്വാദ റിയുവാനിടയാവും, സൂക്ഷിച്ചോളു.

പ്രതാപ:—(സമന്ദഹാസം) മരണമൊ? ഭീതിയൊ? എന്നാൽ ഒരു രാജ പുത്രയോദ്ധാവിന്നിതു ആദ്യത്തെതായിരിയ്ക്കും!

അ. ഫ:—ഉം! രാജപുത്രന്മാക്ക് കുടുംബമില്ലെന്നൊ?

പ്രതാപ: കീർത്തിലക്ഷ്മിയെയാണ് ഒരു യുവരാജപുത്രൻ ഒന്നാമതു വേൾ ക്കുന്നത്. സ്വരാജ്യത്തിന്നുവേണ്ടി ബലികഴിച്ചതാണു ക്ഷത്രിയന്റെ ജീവിതം

അക്ബർ:—ഇതൊക്കെ ഞങ്ങൾ മുൻപു ധാരാളം കേട്ടു ചെകിട്ടു തഴ മ്പിച്ചതാണു. ആലോചിച്ചു പറഞ്ഞാൽമതി. നിങ്ങളുടെ ഈ വീ രവാദമെല്ലാം ഈ ഇരിയ്ക്കുന്ന വരുടെ രക്ഷയ്ക്കൊ സഹായത്തിന്നൊ ആ ണെന്നുവിചാരിയ്ക്കുന്നുണ്ടെങ്കിൽ, മഹാബദ്ധമാണ്. എന്തുപറന്നു?

പ്രതാ:—എനിയ്ക്കൊന്നും പറയാനില്ല

അക്ബർ:—ഇവർ ആരെന്നു ഞാനറിയില്ലെന്നാണൊ വിചാരിച്ചതു?

പ്രതാ:—അറിയാത്ത ആൾ സമാധാനം പറകയില്ലാ. അതുപോലെ അ റിയുന്ന ആൾ കുട്ടം ചോദിയ്ക്കയുമില്ലല്ലൊ!

അക്ബർ:—മിണ്ടാതിരിയ്ക്കു! ജീവിതത്തിലുള്ള വൈരാഗ്യം നിങ്ങളെ നിർവിവേകനാക്കിത്തീർത്തിരിയ്ക്കുന്നു. ശിപായ്! സേനാപതിയോടുചെ ന്നു ഈയാൾ നമ്മുടെ പടകുടീരത്തിൽ കടന്നു ചാരവൃത്തിചെയ്യു കു റ്റത്തിന്നു നാളെരാവിലെ-ചിറമരിൽവെച്ചു കഴുവിന്മേൽ ഇടാൻ നാം കല്പിച്ചതായിപറഞ്ഞു അതിന്നുള്ള ഒരു രാജകീയ ശാസനം എ ഴുതി വാങ്ങിക്കൊണ്ടുവരു.

കഞ്ചുകി:—സക്കാർ കല്പനപോലെ.

(കഞ്ചുകി പ്രതാപസിംഹനെ പിടിച്ചു പുറത്തേയ്ക്കുകൊണ്ടുപോ കാൻ ശ്രമിയ്ക്കുന്നു. സന്യാസിമാർ പ്രതാപസിംഹനെ തൂക്കിക്കൊല്ലുവാൻ പിടിച്ചുകൊണ്ടുപോകയാണെന്നറിഞ്ഞു പരസ്പരം നോക്കുകയും തല കു നിയ്ക്കുകയും ചെയ്യുന്നു.)

ഒ-സ:—പ്രഭോ! ദില്ലിചക്രവത്തിൻ! ന്യായസ്ഥൻ, ദയാവാൻ എന്നു നാടെങ്ങും പേർപുകഴ്ന്ന ഇവിടുന്നു ഇദ്ദേഹത്തെ-ഞങ്ങൾ വല്ല കു റ്റവും ചെയ്തിട്ടുണ്ടെങ്കിൽ അതിന്നു-തൂക്കിലിടാൻ വിധിച്ചതു കേവ ലം നന്നായില്ല.

അക്ബർ:—ഇനി നിങ്ങളുടെ കഥകേൾക്കട്ടെ. നിങ്ങൾ രണ്ടുപേരും ആരു? നേർപറയു.

(രണ്ടു സന്ന്യാസിമാരും തങ്ങളുടെ കാഷായ വസ്ത്രവും തലപ്പാവും മററും അഴിച്ചു വെച്ചുകൊണ്ടു)

ഒ. സ:—(മീരാഭായി) ഞാൻ ചിററൂർ റാണാഉദയസിംഹൻെറ പത്നിയാണു. ഇവൾ എൻെറ സഹോദരി പത്മിനീഭായി. ഇവിടന്നു സൈന്ന്യസമേതം വന്നു ചിററൂർ ആക്രമിയ്ക്കാനൊരുമ്പെട്ടുവല്ലൊ. റാണയുദ്ധം ചെയ്യാൻ ഒരുക്കമില്ലാതെ-രാജപുത്രവിയ്യപരാക്രമത്തെ മലിനമാക്കും മട്ടിൽ_ലജ്ജാവഹം!_ കാട്ടിലേയ്ക്കോടിപോയി. ഞങ്ങളിൽ ചില സ്ത്രീകൾ-യുദ്ധത്തിൻെറ യാതൊരു വിവരവുമില്ലാത്തവർ. പുരുഷവേഷംധരിച്ചു ഒരു സൈന്ന്യത്തെ ഇവിടുത്തെനേക്കു നയിച്ചു. മലയോടു പൊരുതിയ മാരിയെപ്പോലെയായി അതു. ഞങ്ങൾ തോററു. സൈന്ന്യവും നശിച്ചു. ഞങ്ങളുടെ രാജ്യവും പിടിച്ചടക്കി. പ്രത്യാശയും വിനയാഭിമാനങ്ങളും ഭഗ്നമായി. ഈ ദുർഭാഗ്യവും ദുസ്ഥിതിയുമെല്ലാം വരുത്തിക്കൂട്ടിയ ആളോടു ശേഷംചോദിച്ചു ആയാളുടെ മേൽപ്രതികാരം ചെയ്യാനായിട്ടാണു ഞങ്ങൾപിന്നെ തീരുമാനിച്ചതു. ജീവനെ പണയത്തിൽവെച്ചാണു ഞങ്ങൾ വന്നിട്ടുള്ളതു. പുരുക്കിപ്പറയുകയാണെങ്കിൽ;ഇവിടുത്തെ കണ്ടു എങ്ങിനെയെങ്കിലും ഇവിടുത്തെ കൊലപ്പെടുത്തി ആത്മഹത്യ ചെയ്യേണമെന്നാണു ഞങ്ങൾ ആലോചിച്ചതു. ഞങ്ങളുടെ ആലോചന എത്രത്തോളം സഫലമായി എന്നുതന്നെ പറയണം. ഇതിനുള്ളിൽ കടക്കാനും അവിടത്തെക്കാണ്മാനും ഞങ്ങൾക്കു സാധിച്ചുവല്ലൊ. പക്ഷെ,ഇവിടുത്തെ സന്നിധിയെ പ്രാപിച്ച നിമിഷത്തിൽ പ്രണയപരവും രാജകീയവുമായ അവിടുത്തെ ഭാവപ്രഭാവങ്ങൾ ഞങ്ങടെ ഉദ്ദേശ്യത്തെ വിഫലമാക്കിച്ചെയ്തു. ഇവിടുത്തെ മുമ്പിൽ കുററംസമ്മതിച്ചവരായിത്തീർന്നിട്ടുള്ള ഇവരിതാ സ്വയം നിന്ദിതകളായി ലജ്ജാവതികളായിത്തീർന്നിരിയ്ക്കുന്നു. അദ്ദേഹത്തിൻെറ-ആ നില്ക്കുന്ന അബ്ദുൾകരീമിൻെറ —ജീവനെ ഞങ്ങളാണു രക്ഷിച്ചതു. വിശേഷബുദ്ധിയാൽ അനുഗ്രഹീതനായ ഒരു മനുഷ്യൻെറയും ഒരു വീരഭടൻെറയും നിലയിൽ അദ്ദേഹം ഞങ്ങളെ വഞ്ചിയ്ക്കയില്ലെന്നു ഞങ്ങൾ വിശ്വസിച്ചിരുന്നു. പക്ഷെ, അയാൾ ഞങ്ങളെ പററിച്ചു. അദ്ദേഹത്തിനാൽ കഴിയുന്നേടത്തോളം ചെയ്തുകഴിഞ്ഞു. ഇനി ഞങ്ങൾക്കു ജീവിച്ചിരിയ്ക്കേണമെന്ന ആശയേ ഇല്ല. യഥേഷ്ടം പ്രവൎത്തിയ്ക്കാം. അദ്ദേഹത്തെ ഞങ്ങളുടെ സ്നേഹിതനും അനുയായിയുമായ ആ നിരപരാധിയെ-ഞങ്ങൾക്കായി ജീവനെ ബലികഴിച്ച ആളെ- അവിടന്നു രക്ഷിയ്ക്കണം. ഇനി ഞങ്ങൾക്കു ഒന്നും പറയാനില്ല. (രണ്ടുപേരും തലകുനിയ്ക്കുന്നു.)

ആക്ബർ—വനിതാമണികളേ! എഴുന്നേല്ക്കണം. വീരോദാരകളായ നിങ്ങൾ നമസ്കരിക്കുന്നതു യോഗ്യമല്ലാ. നിങ്ങളുടെ രാജപുത്രോചിതമായ ശൌര്യമഹിമകളും, സ്വരാജ്യഭക്തിയും, സ്വാഭിമാനവും, സത്യവും എല്ലാം എന്നെ പരവശനാക്കിയിരിക്കുന്നു. അയാളുടെ കുററം പൊറുക്കാം. ജീവനെയും രക്ഷിക്കാം. നിങ്ങൾ എൻെറ സേവകനായ അബ്ദുൾകരീമിനെപ്പററി ആക്ഷേപിച്ചതു് അനുചിതവും അബദ്ധവുമായി. ഈ കത്തു് അയാളെഴുതിയതു വാസ്തവം. കഥകളെല്ലാം എന്നെ അറിയിച്ചതും ശരി. നിങ്ങളുടെ കാര്യത്തിൽ—ജീവസംരക്ഷണകാര്യത്തിൽ—അയാൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. അതും അയാൾ ചെയ്യയില്ലായിരുന്നു. നിങ്ങളുടെ ശബ്ദം കേട്ടപ്പോൾതന്നെ എനിക്കു ശങ്കയുണ്ടായി. നിങ്ങൾ ഉള്ളിലേക്കു കടന്നപ്പോൾ നിങ്ങളുടെ മുഖത്തെ ആ സ്ത്രീസഹജമായ ശാലീനത ആ ശങ്കയെ ദൃഢപ്പെടുത്തി. നിങ്ങളുടെ സംസാരം എൻെറ സംശയത്തെ സമൂലം അറുക്കുകതന്നെ ചെയ്തു. ഈ കത്തുകൊണ്ടു് അബ്ദുൾകരീം എന്നെ പ്രധാനമായി അറിയിക്കുന്നതു വീരവനിതകളായ നിങ്ങൾ രണ്ടുപേരും പോരിൽ തോറേറാടിയ ആ ഭീരുവായ ഉദയസിംഹനുമായി ബന്ധപ്പെട്ടവർ എന്നുമാത്രമാണു്.

മീരാഭായി—പുരുഷവേഷത്തിലും സ്ത്രീവീര്യം ചൈതന്യമില്ലാത്തതാണെന്നു ഞങ്ങൾക്കിപ്പോൾ അനുഭവമായി.

അ. ഥ—വീര്യത്തിന്നല്ല ചൈതന്യമില്ലാത്തതു്. ലിംഗവ്യവസ്ഥകൊണ്ടു് അഥവാ ദേഹഘടനയുടെ ഭേദംകൊണ്ടാണു വീര്യക്കുറവു്.

ആക്ബർ—രാജപത്നികളേ! ഞാൻ നിങ്ങൾക്കു വല്ല ഔദാര്യങ്ങളും പ്രവൃത്തിക്കേണ്ടതുണ്ടോ?

പത്മിനി—ഉണ്ടു്. അങ്ങുന്നേ! ഞങ്ങളെ ഒട്ടും താമസിക്കാതെ തൂക്കിലിടാൻ കല്പന കൊടുക്കണം. അപമാനത്തിൽനിന്നു രക്ഷപ്പെടുത്തണം.

ആക്ബർ - അതു പറയരുതു്. നിങ്ങൾ എന്താവശ്യത്തിന്നു മരിക്കുന്നു?

വീരാ—ചിററൂർ അന്തഃപുരത്തിൽനിന്നു രണ്ടു സ്ത്രീകൾ വേഷംമാറി പാദുഷായുടെ അടുക്കൽ വന്നു കണ്ടുപിടിക്കപ്പെട്ടതായി ഇന്നോ അല്ലെങ്കിൽ നാളെയോ നാടെങ്ങും പരക്കും. ഈ അപമാനം സഹിച്ചുകൊണ്ടു് ഞങ്ങൾ എങ്ങിനെ ജീവനോടെ ഇരിക്കും? മരണംമാത്രമേ ശരണമുള്ളു.

ആക്ബർ—ഞാൻ അതു സമ്മതിക്കുന്നില്ലെങ്കിലോ?

മിരാ— അപ്പോൾ ഞങ്ങൾ ആവശ്യപ്പെടുന്നതു് അനുവദിക്കില്ലെന്നർത്ഥം.

ആക്ബർ— (അബ്ദുൾ ഫ്സലിനോടു) ഫ്സൽജി! എന്തു വിചാരിക്കുന്നു ഇവരുടെ സ്ഥൈര്യത്തിൽ ?

അബ്ദു— നിങ്ങളുടെ രാജ്യത്തുള്ള സ്ത്രീകൾ ഒക്കെയും ഈ മാതിരി, നിങ്ങളെപ്പോലെതന്നെ വിക്രമമുള്ളവരും ഉദാരാദർശത്തോടുകൂടിയവരും തന്നെയോ?

മിരാ— അല്ല. ഇനിയുള്ളവർ ഒക്കെ ഞങ്ങളിൽവെച്ചു ഭേദക്കാരാണെന്നു വേണം പറയാൻ. ഇതു തീച്ച. അവമാനിതകളായി ആരും ജീവിച്ചിരിക്കുകയില്ലാ.

ആക്ബർ— ഈ വീരകൃത്യം ഒരു അവമാനമോ അവമതിയോ ആയി ഗണിക്കത്തക്കതല്ലാ. നിങ്ങൾ ആഗ്രഹിക്കുന്നതു തരാം. അപേക്ഷിക്കേണ്ട താമസം മാത്രം.

പത്മിനി— ഞങ്ങൾ അപേക്ഷിക്കാൻ പഠിച്ചിട്ടില്ല.

ആക്ബർ— നിങ്ങൾ അപേക്ഷിക്കാൻ ഭാവമില്ലെങ്കിൽ, ഞാൻ തീച്ചപ്പെടുത്താം നിങ്ങളുടെ കാര്യം. നിങ്ങളുടെ രാജ്യം ഈ വാക്കോടുകൂടെ നിങ്ങൾക്കുതന്നെ മടക്കിത്തന്നിരിക്കുന്നു. നാളെകാലത്തു നിങ്ങൾ രണ്ടുപേരും രാജയോഗ്യമായ പരിജനത്തോടുകൂടെ ചിററൂരിലേയ്ക്കയയ്ക്കപ്പെടും. മാത്രമല്ലാ, അവിടെ നിങ്ങളുടെ ആ ഭീരുവായ രാജാവിന്റെ സ്ഥാനത്തു (മീരഭായിയോടു) നിങ്ങളെ രാജ്ഞിയായി കിരീടധാരണം ചെയ്യിക്കയും ചെയ്യും.

മീരാ— ഇതു ഞാനെങ്ങിനെ സ്വീകരിക്കും?

ആക്ബർ— നിങ്ങളെ തൃപ്തിപ്പെടുത്തുന്നകാര്യം വളരെ ബുദ്ധിമുട്ടതന്നെ. സ്ത്രീസ്വഭാവമാണതു്. ഏതുവിധമെങ്കിലും നിങ്ങളെ സന്തുഷ്ടകളാക്കണമെന്നു ഞാൻ മനസാ നിശ്ചയിച്ചിട്ടുണ്ടു്. രാജ്യം നിങ്ങൾക്കുതന്നെ ഇരിക്കും.

മിരാ— ഇങ്ങിനെയുള്ള ദയാലുത്വം, അഥവാ മഹത്വം ഞങ്ങളെങ്ങും കേട്ടിട്ടുമില്ലാ, കണ്ടിട്ടുമില്ലാ.

പത്മിനി— ഞങ്ങളുടെ കൃതജ്ഞത അവിടുത്തെ മാഹാത്മ്യത്തിന്നു തക്കതല്ലാ. എങ്കിലും നന്ദിപറയുക ലോകസാധാരണമാണല്ലൊ. അതവിടുന്നു സദയം സ്വീകരിക്കുവാൻ ഒരപേക്ഷയുണ്ടു്.

മിരാ—മഹാനുഭാവന്മാരുടെ മഹത്വം എങ്ങിനെയെങ്കിലും ഏതുവിധത്തിലെങ്കിലും അതിന്റെ മാററു കാണിക്കാതിരിക്കയില്ല.

ബാലഗോപാലൻ ട്യൂട്ടോറിയൽ കോളേജ്, മതിരാശി.

# യൌവരാജ്യാഭിഷേകം

അലകടലലയൂളിപ്പോക്കിയല്ലൊക്കെ, വൃക്ഷ-
ത്തലകളുടെപടപ്പും ന്യൂണപാഞ്ഞെത്തിയന്നും
പുലരിവരവെ, "ലാഹോർ"പ്പട്ടണത്തെക്കിഴക്കേ
മലമുകളെഴുന്നള്ളിബ്ഭാനുമാൻ നോക്കിനില്പായ്. ൧

ജനതയിരവിലല്പം വിശ്രമിക്കെപ്പുരന്നാ-
ത്തനതുധരയശേഷം ജാഡ്യദോഷത്തിലാക്കി
വിനയരുളിയമഞ്ഞിൻ ബാധ * * * *
ലിനനുയരുകിലും തൽപ്പട്ടണം വിട്ടതില്ല. ൨

പിണിയിടകലരാതാക്ഖാദിനൂൽപോൽ തനിപ്പൊൻ
ഫല്ലണികൾ വിതറി വിണ്ണിൽപ്പൊങ്ങവേ ലോകബന്ധു
മണിനഗരിയതിങ്കൽ കണ്ടതാകും, വിദേശ-
ത്തുണികളുടെകണക്കിൽ,പ്പാഞ്ഞു മഞ്ഞാകെമാഞ്ഞു. ൩

കൊടിയപുരിയിലപ്പോളിന്ദ്രചാപം നുറുങ്ങി-
പ്പൊടിവിതറിയപോൽ,പ്പൂംപാററ തിങ്ങുംവിധത്തിൽ-
രടിതകളനിനാദത്തോടു കാൺഗ്രസ് ത്രിവണ്ണ-
ക്കൊടികൾ തെരുവുനീളെക്കാററിലാടിപ്പറന്നു. ൪

നരഹരിജവഹർലാൽ വീരസാമ്രാജ്യലക്ഷ്മീ-
വരമണിമുടിചൂടും യൌവരാജ്യാഭിഷേകം
പരമകുതുകമുൽഘോഷിക്കുവാനായൊരുങ്ങും
പുരവരമിതുപാരിൽ പുണ്യപുഞ്ജായിതംതാൻ. ൫

പൊരുതരിനിവഹാസൃക്പാന ശോണാഭചിന്നു-
ന്നൊരുതനതുടവാളാൽ കാത്തു പഞ്ചാബശേഷം
വിരുതൊടുരണസിംഹൻ വാണ"ലാഹോർ"പുരത്തിൻ
പുരുമഹിമ ചരിത്രഖ്യാതമേ ഖ്യാതമത്രെ. ൬

നവമടരിതിലും താനായുധം വച്ചവാണീ-
നവരസമൊടുചക്രാപാണിയാം ഗാന്ധിദേവൻ
അവനുവഴിതെളിക്കും ഭാരതായോധനാത്ഥം
ജവഹരിവിജയശ്രീ പൂണ്ടെഴുന്നള്ളുമാറായ്. ൭

തിരുശിരസിവഹിപ്പാൻ മോത്തിലാൽ ചക്രവൎത്തി-
ത്തിരുവടികളിൽനിന്നും ഭാവിസാമ്രാജ്യഭാരം
തിരുമകനെഴുന്നള്ളും കാഴ്ച കൊണ്ടാടിലാഹോർ-
ത്തെരുവുകളിലണഞ്ഞാർ പൌരരാബാലവൃദ്ധം. ൮

ഹൃദയവിശദരാജ്യസ്നേഹശുദ്ധിത്തിളപ്പിൽ
ഖദറണിനവഗാന്ധിത്തൊപ്പിയാൽ തിങ്ങിവിങ്ങി
സദരനഗരവീഥീതല്ലജം ശുഭ്രഗംഗാ-
പ്രദമൊഴുകിനമട്ടിൽ ഖേചരന്മാൎക്കു കാണായ് ൯

തദനുപടഹഭേരീധ്വാനകോലാഹലംകൊ-
ണ്ടുദയഗിരിഗുഹാന്തശ്ചന്ദ്രബിംബങ്ങൾപോലെ
സദരനഗരവീഥീഹൎമ്മ്യജാലംപുരന്ധ്രീ-
വദനനിരകൾകാട്ടിജ്ജന്നലെല്ലാം തുറന്നു. ൰

ക്ഷമയവതിയൊടിന്ത്യാപ്രാജ്യസാമ്രാജ്യലക്ഷ്മീ-
രമണനെ-മതിലാൽശ്രീ പുണ്യപൂരായിതത്തെ
സമമൊരുകുറികാണ്മാനോൎത്തുകോടാനുകോടി
പ്രമദഭരിതർതിങ്ങിക്കൂടിനാർ സ്ത്രീപുമാന്മാർ. ൰൧

തുടിമുരശുമൃദംഗം ഭേരിശംഖെന്നവാദ്യം
പൊടിതകൃതിമുഴക്കിക്കാണികൾക്കാശുകാണായ്
കൊടികൾപലതുയൎത്തിഗ്ഗാന്ധികീജൈവിളിച്ചാ-
ത്തടിപതറിയടുക്കും സജ്ജസേനാസമൂഹം. ൰൨

തിറമൊടുനവഗാന്ധിത്തൊപ്പിയും ചട്ടയുംകാ-
ലുറയുമണിയുമോരോയോധരെബ്ബ് ഭസിയാരാൽ
നിറമദമൊടുകാണായ്ധീരസന്നാഹശക്തി-
പ്പിറവിയുടൽവഹിക്കും ദക്ഷമാമശ്വസൈന്യം. ൰൩

നവമദമെഴുമാംഗ്ലേയാധിപത്യത്തിനൊപ്പം
സ്വവശഗതിലാനിൽ ഗൎവ്വയത്താതമത്തി
ധവളതുരഗമേറിപ്പോരുമാദ്ധീരനല്ലേ
ജ്ജവഹരിഭരതക്ഷ്മാപുണ്യപൂരായിതാംഗൻ!! ൰൪

പുതിയഭരതധാത്രീപ്രാജ്യസാമ്രാജ്യലക്ഷ്മീ-
പതിജവഹരിലാൽതന്നാസ്യചന്ദ്രോദയത്തിൽ
ധ്യുതിയിളകിയിരമ്പിക്കൌതുകോല്ലാസസന്തൃ-
പ്ത്രിതിപെരുകിവളർന്നു കാണിലോകാംബുരാശി. ൧൪

മുരജപടഹഭേരീധ്വാനമോടശ്വഹേഷാ-
ഖുരപതനനിനാദം ഗാന്ധികീജൈത്രപ്രലാപം
പരമിവയിടതിങ്ങിക്കോളിളക്കാന്നവാരാ-
കരസദൃശമിരമ്പിക്ഷോഭമാപ്പൂരിയന്നു. ൧൫

ഇരുവരി പുരവീഥീമാളികജ്ജന്നൽതോറം
തെരുതെരെമതിബിംബഗ്രന്ഥിയാം മാലപോലെ
തരുണിമണികൾ കാട്ടിസ്സസ്പൃഹാസ്യങ്ങൾ സമ്രാഡ്-
ത്തരുണനവനുചാർത്തീ സൽകടാക്ഷാബ്ജമാല്യം. ൧൬

ലലനകൾമണിസൌധശ്രേണി തോറം പൊഴിക്കും
മലർ നിരയിലൊരെണ്ണം താഴെവീഴാത്തമട്ടിൽ
അലഘുപഥിനിരക്കും കാണിലോകങ്ങൾ തൻതൻ-
തലകളിലവപിച്ചിപ്പൂക്കൾ പോൽചൂടിനിന്നാർ. ൧൭

പടതുരഗഭടന്മാർ ചൂഴ്ന്നലുക്കിട്ട കൊററ-
ക്കുടവിരവൊടു ചൂടിച്ചാമരച്ചാർത്തുവീശി
നടതുടരുമവങ്കൽ കണ്ടു ദുഷ്യന്തതേജ-
സ്സുടയഭരതവീര്യം പൂർവ്വവിജ്ഞാനവാന്മാർ. ൧൮

വിരുതെഴമൊ"ളിവർ ക്രാംവെല്ലി"നേപ്പോലെയാംഗ്ലേ-
യരു, മരിയശിവാജിക്കൊപ്പമീനാട്ടുകാരും
ദുരിതഭരണകൂടം ധ്വംസനോന്നിദ്രശോഭാ-
ധുരി ജവഹരിയിൽ കണ്ടൊന്നിതാത്മാഭിമാനം. ൨൦

അരിയവർ പഴവന്മാർഖഡ്ഗിയെന്നും, പരിഷ്കാ-
രികളഭിനവനാകും "ജാജ്ജ്വവാഷിങ്ടനെ"ന്നും
ഉരുജവനഹയത്തിൽക്കേറിയമ്മട്ടുപോരു-
ന്നൊരു ജവഹരിയെക്കണ്ടുള്ളിലൂഹിച്ചുനിന്നാർ. ൨൧

വരമഹിഷിസരൂപാദേവിയും മോത്തിലാലും
നിരവധിസുകൃതം ചെയ്യുന്നചെല്ലക്കുമാരൻ,
പരമമുനി മഹാത്മാഗാന്ധിദേവന്നു സാക്ഷാൽ
ഹരനു പരശുരാമൻ പോലെ ചേർകൊണ്ടശിഷ്യൻ; ൨൨

ഇളതെളിവതിനാടി ബ്ഭാരതപ്പോരധമ്മ-
ക്കളകൾ പിഴതൊട്ടക്കും ധീരനാം സവ്യസാചി,
ജളരടിമകൾ നാല്പത്താറുകോടിജ്ജനങ്ങൾ-
ക്കിളയിതിലഖിലാശാ കേന്ദ്രമാം കല്പശാഖി. ൨൩

ധരണിതലമുയത്താൻ സൌഖ്യസൌഖ്യം വെടിഞ്ഞീ
നരകജയലണഞ്ഞോൻ നവ്യസിദ്ധാത്ഥദേവൻ,
നരഹരിജവഹർലാൽ, കാങ്ക കണ്ണേ, നിനക്കീ-
ദ്ധരയിലിതിനുമീതെ കാഴ്ചയെന്തുള്ളു കാണ്മാൻ. ൨൪

കളപടഹനിനാദത്തോടുകീജൈ വിളിച്ചാ-
ത്തിളകിന പുരുഷാരത്തിൻെറ മധ്യത്തിലൂടെ
പുളയുകിലുമൊതുക്കിത്തൻഹയത്തെക്കുമാരൻ
കളരസമൊടുകാൺഗ്രസ് പന്തലിൻനേക്കു വിട്ടാൻ. ൨൫

നയനവദന ചേതഃ പാണിപത്മങ്ങളാശീ-
ർമ്മയചരടിലിണക്കിക്കോത്ത മാലാകലാപം
സപദിമരുളിയ നാനാലോകരെത്തുക്കുപ്പി-
ജ്ജയരുചിയോടു വീരൻയാത്ര മന്ദംതുടന്നു. ൨൬

പരമഥ നരനാരി ബാലവൃദ്ധാരവൃദ്ധ
തുരഗഭടപതാകോല്ലോലകല്ലോലമാലം
കരകവിയെയിരമ്പിപ്പന്തലാകുന്നരത്നാ-
കരമഭിമുഖമായിപ്പാഞ്ഞിതാസ്സൈന്യസിന്ധു. ൨൭

അകലുഷരുചി ലാഹോർപ്പട്ടണത്തിന്നൊളിപ്പൂ-
പുകളിനുനറുനാമ്പാം "ലാജപത്രായ്പുരത്തിൽ"
സകലജനമനോജ്ഞ ശ്രീയിലാറാടിവേണ്ടും
തികവൊടരിയ കാൺഗ്രസ് പന്തൽ കാണായിരുന്നു. ൨൮

പഴയനിലയിൽ മേലും സ്വർഗ്ഗഭൂരക്ഷയാഗം
മഴയിവപെരുമാറി ത്തമ്മിലാമെന്നുണർത്താൻ
അഴകുടയപതാകാപാളിവിൺതൊട്ടുരുമ്മി-
ത്തഴകിയ പുതുകാൺഗ്രസ് പന്തൽ ചിന്താതിരമ്യം. ൨൯

അണകളിൽ മലവെള്ളം കെട്ടിനിൽക്കുന്ന പോലുൽ-
ബണരസമൊട്ടു, കാൺഗ്രസ്‌പന്തലിൻ മുൻപരപ്പിൽ
അണയുമരിയകാൺഗ്രസ് ശ്രീമദധ്യക്ഷപാദം
പ്രണതിയൊടെതിരേല്പാൻ, തിങ്ങിവിങ്ങീജനങ്ങൾ. ൩൦

സ്ഫുടരുചിയോടു ദൂരെശ്ശാരദാംഭോദമാല-
ക്കിടയിലുദിതനാകും ചന്ദ്രമസ്സെന്നപോലെ
ഭടരുടെ ഖദർ വെണ്മക്കുള്ളിലായ് കാണിലോക-
പ്പടജവഹരിയെക്കണ്ടുച്ചലൽ ചിത്തമാർത്തു. ൩൧

"ജയജവഹരികാൺഗ്രസ് ശ്രീമദധ്യക്ഷകീജെയ്
ജയവിജയ മഹാത്മാഗാന്ധികീജയ് ജയേ"തി
സ്വയമുയരെനരന്മൂതുകി ലക്ഷോപലക്ഷം
സ്വയഭരിതഗളോദ്ഭൂധ്വാനമൊന്നായ് മുഴങ്ങി. ൩൨

പ്രതിനിമിഷമിരമ്പിപ്പൊങ്ങിവിൺവിണ്ടകീജെയ്-
ധ്വനി, യുലകിടമൂടിപ്പെയ്യു പുഷ്പാതിവർഷം
അതിരസമിവകൂടിപ്പുഷ്പശബ്ദായമാന-
സ്ഥിതിയിലരമണിക്കൂർ നിന്നുപോയപ്പുരാഗ്ര്യം. ൩൩

അരഞൊടിയിളവില്ലാതൊത്തു വർഷിച്ചു വിണ്ണിൽ
സ്ഥിരനിലയിലെഴും പൂംപന്തലിൽ കൂടിയാരാൽ
സരസഗതിതുടർന്നാൻ, പൂംപൊടിച്ചാർത്തു ചാമീ-
കരസരദഭിഷേകം പൂണ്ടപോൽ പൂശിവിരൻ. ൩൪

വരഭടബഹളത്തിൽ ശ്ശാന്തികൈക്കൊണ്ടു സജ്ജൻ
നരഹരി സുധി കാൺഗ്രസ് പന്തലിൻ മുമ്പിലെത്തി
പരമസുകൃതയോഗാല്ലാസി വൈകുണ്ഠസൽഗോ-
പുരഭുവിശുഭമേക്ഷം തേടിയാത്മാവുപോലെ.

വിദ്വാൻ കെ. പി. ശാസ്ത്രികൾ

# ചൂല്.

“കൈരളി”യുടെ കരപല്ലവങ്ങളിൽ ആണ്ടു പിറപ്പിന്നു ‘ചൂല്’ പിടിപ്പിക്കേണ്ടിവരുമെന്നു ഞാൻ തീരെ വിചാരിക്കയുണ്ടായിട്ടില്ല. പക്ഷെ നമ്മുടെ വിചാരം പോലെയല്ലല്ലോ ലോകത്തിൽ കാൎയ്യങ്ങൾ വന്നുഭവിക്കുന്നതു്! “അന്യഥാ ചിന്തിതം കാൎയ്യംദൈവമന്യത്ര ചിന്തയേൽ” എന്നുമാത്രമെ ഈ സംഗതിയിൽ എനിക്കൊന്നു പറവാനുള്ളു. “കടക്കൊള്ളിയുന്തി”യിരുന്ന രാമൻ നായർ “ലാത്തിധാരി”യായ പൊല്ലീസ്സുണ്ണനായും, “മാളിക മുകളേറിയ മന്നൻ തോളിൽ മാറാപ്പു” പേറുന്ന കൂലിക്കാരനായും തീരുന്നതു കാണുമ്പോൾ കൈരളിയുടെ കയ്യിൽ ഒരു പക്ഷെ ഒരു ചൂലുവന്നാൽ തന്നെ അതിൽ അത്ഭുതപ്പെടുന്നതിന് വല്ലഅവകാശവുമുണ്ടോ? വിശേഷിച്ച്, കൈരളിയുടെ ഈ ‘ചൂലെടുപ്പ്’ വിധിവൈപരീത്യം കൊണ്ടുണ്ടായിട്ടുള്ളതല്ലതാനും. “മലയാളരാജ്യ”ത്തിന്നു ‘ചിരട്ടക്കയിലും’, ‘മാതൃഭൂമി’ക്കു ‘പഴന്തൊലി’യും “കുപ്പിച്ചില്ലും”, ‘സരസന്നു’ ‘കരിക്കട്ട’യും ഭൂഷണമാകുമെങ്കിൽ “കൈരളി”ക്കു എന്തുകൊണ്ടു ‘ചൂല്’ ഒരലങ്കാരമായിവരില്ലാ എന്നു ഞാൻ ചോദിക്കുന്നു.

“ഫുല്ലാബ്ജത്തിന്നു രമ്യതക്കുകുറവോ പായൽപതിഞ്ഞീടിലും
വല്ലാതോരഴകില്ലയോ പനിമതിക്കങ്കം കറുത്തെങ്കിലും
മല്ലാക്ഷി മണിയാൾക്കു വല്ക്കലമതും ഭൂയിഷ്ഠശോഭാവഹം
നല്ലാകാരമതിന്നലങ്കരണമാമെല്ലാ പദാൎത്ഥങ്ങളും”

എന്ന ‘ശാകുന്തള’ത്തിലെ പ്രഖ്യാത ശ്ലോകം ഈയവസരത്തിൽ സ്മരിക്കുന്നതു നന്നായിരിക്കും. മാന്യവായനക്കാരെ! കൈരളിയെ “ചൂലെടുപ്പിക്ക”ണമെന്നു എനിക്കു ലേശം താല്പൎയ്യമില്ല. ഞാൻ ഒരാൾ മാത്രം “മനസ്സുവെച്ചാൽ” അക്കാൎയ്യം സാധിക്കുന്നതുമല്ല. ഏതായാലും ഒരു സംഗതി തീൎച്ചയാണ്. ഇന്നത്തെ മട്ടു തുടരുന്നതായാൽ കൈരളി താനെ “ചൂലെടുക്കുക”തന്നെ ചെയ്യും. ദേവിയുടെ ‘തൃക്കൈ’ ആരുടെയെല്ലാം പുറത്താണ് ‘വിളയാടുക’ എന്നും എനിക്കിപ്പോൾ പറഞ്ഞുകൂടാ. കിട്ടുന്നവർ വാങ്ങിക്കൊള്ളട്ടെ.

കൈരളിയുടെ ചൂലു പൊന്നിൻ ചൂലായി എന്നു വരാം. പക്ഷെ ‘ശൂലപാണി’ വാരിയരുടെ ‘ഈൎക്കിലചൂലി’നും, ‘പാറുഅമ്മ’യുടെ ‘പുൽചൂലിനും’, ‘ലച്ചി’യുടെ “തുടപ്പ”ക്കും ഒരേ ജോലിതന്നെയാണ് വിധിച്ചിട്ടുള്ളതെന്ന വസ്തുത എപ്പോഴും ഓൎക്കേണ്ടതാണ്. ജന്മം കൊണ്ടല്ല, കൎമ്മംകൊണ്ടാണ് മനുഷ്യൎക്കു ഉച്ചനീചത്വം വന്നുചേരുന്നതു്. പൊ

ന്നായാലും ശരി പുല്ലായാലും ശരി "ചൂലായാൽ" ചെയ്യാനുള്ള ജോലി "അടിച്ചുവാരൽ"തന്നെ. പൊന്നിൻ ചൂലുകൊണ്ടു തല്ലിയാലും, പുല്ലിൻ ചൂലുകൊണ്ടടിച്ചാലും വേദനക്കു വ്യത്യാസമില്ല. എങ്കിലും മോതിരമിട്ട കൈകൊണ്ടു പ്രഹരം കിട്ടുമ്പോൾ പോരായ്മക്കല്പം കുറവുണ്ടെന്നു ചിലൎക്കു ഒരു തെററിദ്ധാരണയുണ്ട്. കാ! പറഞ്ഞു പറഞ്ഞു പ്രകൃതം വിടുന്നു. കൈരളിയുടെ കയ്യിൽ ചൂലു കൊടുക്കുന്നതിന്റെ ഔചിത്യത്തെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്വാൻ ഒരു 'കമ്മിററി'യെത്തന്നെ ചുമതലപ്പെടുത്തിക്കളയാം. അതായിരിക്കും അധികം നല്ലതു്.

"കുടിൽതൊട്ടു കൊട്ടാരംവരെ" സൎവ്വസ്ഥലങ്ങളിലും പ്രവേശനമനുവദിക്കപ്പെട്ടിട്ടുള്ളതായി ചൂലുപോലെ മറെറാരു സാധനവും ഞാൻ കണ്ടിട്ടില്ല. "കാടൻ പേങ്ങ"ന്റെ മാടത്തിലും "ജി. എം. പോഴത്തി"ന്റെ ബംഗളാവിലും, "വടക്കുന്നാഥ"ന്റെ തിരുമുററത്തും "മഹാരാജാ"വിന്റെ കോവിലകത്തും ചൂലിന്നു ഒന്നുപോലെ "പെരുമാറാം." പെരുമാറുക, എന്നു പറഞ്ഞാൽ പോരാ, "അട്ടത്തുപെരുമാറു"ന്നതിനുപോലും വിരോധമില്ല. സന്യാസിമാരുടെ "ഗൃഹപ്രവേശന" സ്വാതന്ത്ര്യത്തെപററി "സുഭദ്രാൎജ്ജുന"ത്തിൽ വൎണ്ണിച്ചിട്ടുള്ള സംഗതികൾ ചൂലിനെ സംബന്ധിച്ചും പറയാവുന്നതാണ്.

"ഇല്ലത്രെ ചൂലിന്നു തടസ്ഥമെങ്ങും
ചെല്ലുന്നതിന്നെന്നു വിധിച്ചുധാതാ
ഇല്ലത്തു മക്കോവിലകത്തുതാനും
ചെല്ലന്റെ ചാളപ്പുരതന്നകത്തും" എന്നിങ്ങനെ ഒരു

പദ്യം ചമച്ചാൽ പ്രകൃതത്തിന്നു വളരെ യോജിക്കും. പക്ഷെ സുഭദ്രാൎജ്ജുനത്തിലെ സന്യാസിക്കുള്ളതുപോലെ ചൂലിന്നു കപടവിചാരമില്ല. ഉദ്ദേശ്യലബ്ധിക്കുവേണ്ടി ഏതുവേഷവും കെട്ടുന്നതിനു ചൂലൊരുങ്ങുമെന്നും തോന്നുന്നില്ല. പരസേവനം ജീവിതോദ്ദേശ്യമാക്കിട്ടുള്ള ഒരു "പരമശുദ്ധ"നാണ് ചൂല്. ചൂലിന്റെ "ഒതുക്കം" കേമമാണ്. "കല്പന നമുക്കില്ല, കല്പിച്ചാലല്ലെന്നില്ല" എന്നാണു ചൂലു "നിശ്ശബ്ദമായി" ഘോഷിക്കുന്നതു്. കല്പനയുണ്ടെങ്കിൽ "കുപ്പ"വാരുന്നതിന്നും "പൊടിപാററു"ന്നതിനും ചൂലു തയാറാണ്. ചൂലിന്റെ "ഒത്താശ"യില്ലെങ്കിൽ കല്പിക്കുന്ന യജമാനന്റെ കാൎയ്യവും മോശമാണ്. "ആൾപെരുമാററ"മുണ്ടായിട്ടും "ചൂൽപെരുമാററ"മില്ലാതെവരുമ്പോൾ ഭവനം ഭാഗവത മഹാപുരാണംപോലെ "വിരക്തിജന്യ"മായി ഭവിക്കുന്നതു് ഈ സംഗതിക്കു സാക്ഷ്യം വഹിക്കുന്നതാണ്.

ചൂല് ഒരു യഥാൎത്ഥ "അദ്വൈതി"യാണ്. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നുള്ള മഹത്തത്വത്തെ ആസ്പദമാക്കിക്കൊണ്ടാണ് ചൂലു സകലപ്രവൃത്തികളും ചെയ്യുന്നതെന്ന് കുറച്ചു മനസ്സിരുത്തിയാൽ ആൎക്കും ഗ്രഹിക്കാവുന്നതാണ്. ചൂലിന്റെ ബാഹ്യവൃത്തികളെ മാത്രം അടിസ്ഥാനമാക്കി ആ മഹാമനസ്കനെപ്പററി എന്തെങ്കിലും പെട്ടെന്നൊരഭിപ്രായം പറയുന്നതായാൽ ആയതു പരമാബദ്ധമായിരിക്കും. കള്ളുകടയിലും, വേശ്യാഗൃഹത്തിലും, പുലയന്റെ മാടത്തിലും ചൂലു കയറിച്ചെല്ലുന്നതുകൊണ്ടു മാത്രം ചൂലിന്നു "ഭ്രഷ്ട്" കല്പിക്കുന്നതു സാഹസമാണ്. ഏതാണ്ട് ആദിശങ്കരാചാൎയ്യൎക്കു "ഭ്രഷ്ട്"കല്പിച്ചപോലെയായിരിക്കും അതു്. സ്വാമിയവർകൾക്കു "മദ്യവും ഉരുകിവരുന്നലോഹവും ഏതു പോലെ പേയങ്ങളായിരുന്നുവോ അതേ പ്രകാരത്തിൽ തന്നെ പല സാധനങ്ങളും ചൂലിന്നും അത്ഭുതാവഹമായ വിധത്തിൽ ഭക്ഷ്യങ്ങളായിട്ടുണ്ട്. "മുളകുപൊടി"യിൽ പ്രവൎത്തിയെടുക്കുമ്പോഴും "കരിമരുന്നു" വാരുമ്പോഴും ചൂലിന്റെ മനസ്ഥിതിക്കു യാതൊരു മാററവും വരാറില്ല. കൃസ്ത്യൻ പള്ളിയിൽ പോകുമ്പോഴും മഹാക്ഷേത്രങ്ങളിൽ ചെല്ലുമ്പോഴും ചൂലു ഭജിക്കുന്നതു് ഒരീശ്വരനെത്തന്നെയാണ്. ചൂലിന്റെ ഉദ്ദേശ്യം എപ്പോഴും "ശുദ്ധമാണ്". ചൂലിനു സവൎണ്ണനും അവൎണ്ണനും, പണ്ഡിതനും പാമരനും സമം. ആരുടെ കല്പനയും ചൂലനുസരിപ്പാൻ സന്നദ്ധനാണ്. പ്രതിഫലേച്ഛയും പ്രതികാരേച്ഛയും രണ്ടും നമ്മുടെ ചൂലിന്നില്ല. ചൂലു "ശുദ്ധരിൽ ശുദ്ധൻ" തന്നെയാണ്. സംശയമില്ല. ചൂലിനെപ്പററി വല്ല തെററിദ്ധാരണകളും ആരുടെയെങ്കിലും ഉള്ളിൽകയറി സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിൽ അതിനെ ഉടനെതന്നെ ബഹിഷ്കരിക്കേണ്ടതാണ്.

"സാധുച്ചൂല്! അദ്ദേഹമേല്ക്കുന്ന മൎദ്ദനത്തിന്നുണ്ടോണ്ടാ കയ്യും കണക്കും? ചൂലിന്നു "മൂക്കിൽ" മാത്രമെ ഇരുന്നുകൂട്ടവത്രെ. "അങ്ങുമിങ്ങും മിന്നി മിന്നി, അന്തിയായാൽ മൂക്കിലൊളിക്കണെ"മെന്നുള്ളതു് ഒരു പഴയ നിബന്ധനയാണ്. ചൂലുതൊട്ടാൽ കൈകഴുകണം. ചൂലുകൊണ്ടുതൊട്ടാൽ വെള്ളം തളിക്കണം. നേരം പുലൎന്നാൽ ഒന്നാമത്തെ ആവശ്യം ചൂലുകൊണ്ടാണുതാനും. ഛീ! അറിയാതെ പറഞ്ഞുപോയി. പ്രഭാതത്തിൽ നമ്മുടെ കഥാനായകന്റെ യഥാൎത്ഥപ്പേർ പറയാൻ പാടില്ല. രാവിലെ പൂച്ച "മാൎജ്ജാര"നാണ്; വെളുത്തേടൻ, 'നിൎമ്മല'നാണ്; കുക്കഞ്ചേരി "ക്രോഷ്ടാഞ്ചേരി"യാണ്; ചൂല് "ആയുധ"മാണ്. ശരിക്കുള്ളപേർ പറഞ്ഞാൽ "മാററിത്തം"പററും. "ആയുധം" "കണി"കണ്ടാൽ അന്നത്തെ കാൎയ്യം "കുന്തം"തന്നെ. "ശകുന"മായാലത്തെ കഥ

പറയാനുണ്ടോ? "ചൂല്യം മുറം ദർഭയും" എന്നല്ലേ കവി ദുശ്ശകുനപ്പട്ടികയിൽ എടുത്തു പാടിയിരിക്കുന്നത്? "നികൃഷ്ടൻ" എന്നതിൻെറ "പര്യായ"മായിട്ടാണു "ചൂലിനെ" കരുതുന്നത്. "ചൂൽ" സംബോധന പൊല്ലീസ്സണ്ണന്മാർക്കുപോലും വിഹിതമല്ലെന്നാണ് ജനശ്രുതി. ആകപ്പാടെ ചൂലിൻെറ "ജാതകദോഷ"മെന്നേ ഞാൻ പറയാൻ കാണുന്നുള്ളൂ.

അല്ലയോ ചൂലേ! ഭവാനെ ആശ്രയിച്ചു ജീവിക്കുന്നവർക്കുപോലും ഭവാൻെറ "ജാതകദോഷം" ബാധിക്കുന്നുവല്ലോ. പൊതുജനാരോഗ്യത്തിന്ന് അത്യന്താപേക്ഷിതമായ "ശുചീകരണ"വൃത്തിയിലാണ് ഏർപ്പെട്ടിരിക്കുന്നതെങ്കിലും "അടിച്ചുതളി"യെ പ്രായേണ ലോകം പുച്ഛരസത്തോടുകൂടിയാണ് വീക്ഷിക്കുന്നത്. "തുത്തുവാരുന്ന അച്ചിമാരും," "അടിച്ചുതളിക്കുന്ന അമ്മാരും," "പെരുക്കുന്നഅച്ചി"കളും ഒന്നുപോലെ നികൃഷ്ടരായി ഗണിക്കപ്പെടുന്നു. "അടിച്ചുതളി"യെ പെററതു 'അടിച്ചുതളി'യായിരിക്കണമെന്നില്ലല്ലോ. അതുപോലെതന്നെ "അടിച്ചുതളി" പ്രസവിക്കുന്നതും "അടിച്ചുതളി"യായിത്തീരണമെന്നുമില്ല. ആ സ്ഥിതിക്കു "ചൂൽ ആയുധ"മാക്കീട്ടുള്ള "പാറഅമ്മ"ക്കു തൂവൽ ആയുധമാക്കീട്ടുള്ള പത്രാധിപരെക്കാൾ താണ പദവി കല്പിക്കുന്നതു എന്തുകാരണത്താലാണെന്നു വെളിവാകുന്നില്ല. "അമ്മായിപഞ്ചതന്ത്ര"ക്കാരൻെറ ഭാവം കണ്ടാൽ "അടിച്ചുതളിയും" "പാതിവ്രത്യവും" സഹവർത്തികളായിരിപ്പാൻ പാടില്ലാത്തവയാണെന്നുകൂടി തോന്നും. അമ്മായിഅമ്മക്കു "ആനപ്പട്ടരുടെ" മഠത്തിൽ അടിച്ചുതളിയായിരുന്നുവെന്നും "ചാരിത്രശുദ്ധി"കണ്ടു "ക്ലാസ്സുകയററം" കൊടുത്തതാണെന്നുമുള്ള പ്രയോഗം വളരെ സാഹസമായിപ്പോയിരിക്കുന്നു. പഞ്ചതന്ത്രം ഇന്നാണു രചിക്കപ്പെടുന്നതെങ്കിൽ അമ്മായിഅമ്മയുടെ ആദിമചരിത്രത്തേക്കാൾ അമ്മാമൻെറ അധഃകൃതോദ്ധാരണ പ്രതിപത്തിയാകുമായിരുന്നു ഗ്രന്ഥകാരൻെറ ശ്രദ്ധയെ അധികം ആകർഷിക്കുകയെന്നു ചില അമ്മാമന്മാരുടെ പ്രവൃത്തി കാണുമ്പോൾ എനിക്കു തോന്നാറുണ്ട്.

യൌവനത്തിലും വാർദ്ധക്യത്തിലും ഒന്നുപോലെ പ്രയത്നിക്കുന്നവരായി ഞാൻ ഏറയാളുകളെ കണ്ടിട്ടില്ല. എന്നാൽ ചൂല് അക്കൂട്ടത്തിൽ പെട്ട ഒരാളാണ്. അവയവങ്ങൾ "തേഞ്ഞു കുററി"യാകുന്നതുവരേയും "കൊഴിഞ്ഞുവീണു" തുടങ്ങുന്നതുവരേയും പണിയെടുക്കാൻതന്നെയാണ് മൂപ്പർക്കു രസം. "കുററിച്ചൂലിൻെറ മൂർച്ച" സുപ്രസിദ്ധമാണല്ലോ. വാർദ്ധക്യം ബാധിക്കുന്നതോടുകൂടി ചിലരുടെ സ്വഭാവത്തിനും "മൂർച്ച"കൂടുമെന്നു പറയുന്നതു ചൂലിൻെറ കാര്യത്തിൽ അനുഭവമാണ്. പക്ഷെ

ചൂലിനെ സംബന്ധിച്ചേടത്തോളം അതുകൊണ്ടു വൈഷമ്യമൊന്നുമില്ല. മൂപ്പർ എല്ലായ്പോഴും "അരമുറുക്കി"ക്കൊണ്ടുതന്നെയാണ് ഇരിപ്പ്. "തലമുറുക്കേ"ണ്ട ആവശ്യവും "മുറിക്കേണ്ട" ആവശ്യവും ചൂലിനു നേരിട്ടിട്ടില്ല. "ഇരുതലയും കൊളുത്തി നടുപിടിക്കുന്ന" മാനുഷാധമന്മാർ ചൂലുചെയ്യുന്നതു കണ്ടിട്ടെങ്കിലും ഒരു തലമാത്രം മുറുക്കി പിടിക്കാൻ ശ്രമിക്കട്ടെ.

ചൂലിന്നു ഒരാത്മമിത്രമുണ്ട്. അതാണ് "മുറം." ചൂലുകൊണ്ടു തല്ലിയാൽ മുറം കൊണ്ടു വേണം തടുക്കുവാൻ. "ചൂലും മുറവും" കൊണ്ടുവന്നാൽ ഏതോ ഒരു വസ്തു തകന്നിട്ടുണ്ടെന്നു തീച്ചയാണ്. ചൂലുകൊണ്ടടിച്ച മുറത്തിൽ വാരണമെന്നാണ് വിധി. മുറം കൂടാതെ ചൂലിനെപ്പററി മാത്രവും, ചൂലുകൂടാതെ മുറത്തെപ്പററിയും വിചാരിപ്പാൻ പ്രയാസമാണ്. അവർ തമ്മിലുള്ള അടുപ്പം അത്രയ്ക്കു മാത്രമുണ്ട്. കാശിക്കുപോകുന്നതു കൂടി ചൂലും മുറവും ഒന്നിച്ചാണ്. അവർ തമ്മിലുള്ള മൈത്രിക്കു യാതൊരു ഹാനിയും വരാതിരിക്കട്ടെ! ഈശ്വരോരക്ഷതു.

പു. രാ.

# പുസ്തകാഭിപ്രായം.

## സരോജനളിനി.

പ്രസാധകൻ:—മ. രാ. രാ. ടി. കെ. കൃഷ്ണമേനോൻ അവർകഠം.
വില അണ 12.

ഇത്ര വിശിഷ്ടമായ ഒരു കൃതി ഞങ്ങഠക്ക് ഈയിടയെങ്ങും വായിക്കാനിടവന്നിട്ടില്ല. ഇതിലേ ഭാഷയുടെ ലാളിത്യവും ശുദ്ധിയും അന്യാദൃശമാണ്. കഥാനായികയുടെ സ്വഭാവമാധുയ്യവും മനോവികാസവും സമുദായസേവാ താല്പയ്യവും മററനേക സൽഗ്ഗുണങ്ങളും കേരളസ്ത്രീകഠക്ക് എന്നല്ല സകല ഭാരതീയവനിതകഠക്കും ഒരു മാതൃകയാണ്. പാശ്ചാത്യപൌരസ്ത്യനാഗരികത്വത്തിന്റെ സമ്മേളനം എത്ര മനോഹരമായിട്ടുള്ളതാണെന്നു സരോജനളിനിയുടെ ജീവിതം നമ്മേ പഠിപ്പിക്കുന്നുണ്ട്. വലിയ പദവിയിലിരുന്നിട്ടും പലേ രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടും കേവലം യൂറോപ്യസമ്പ്രദായങ്ങളിൽ ഭ്രമിക്കാതെ സരോജനളിനി ഭാരതവനിതകളുടെ പാരമ്പയ്യപ്രാപ്തമായ ആദശ്ശങ്ങളെ മുൻനിത്തി തന്റെ ജീവിതം നയിച്ചുപോന്നു എന്നുള്ളതു് ഏററവും ശ്ലാഘനീയമാ

ണ്. ബി.ഏ, എം.ഏ മുതലായ വലിയ പരിക്ഷയിൽ വിജയികളായിട്ടുള്ള നമ്മുടെ കേരളയുവതികൾ സരോജനളിനിയുടെ ജീവിതത്തെ അനുകരിക്കുന്നതായാൽ കേരളത്തിലെ ഭാവി ഉത്തരോത്തരം ശ്രേയസ്കരമായിരിക്കുമെന്നുള്ളതിന്നു സംശയമില്ല. ഈ കൃതിയുടെ പ്രസാധകനായ മിസ്റ്റർ ടി. കെ. കൃഷ്ണമേനോനവർകളുടെ ഈ സദുദ്യമം ഏററവും അഭിനന്ദനീയം തന്നേ.

---

## സമുദായമൈത്രി.

ഗ്രന്ഥകർത്താ: കാണിപ്പയ്യൂര് ശങ്കരൻ നമ്പൂതിരിപ്പാട്.

സരോജനളിനി എന്ന സൽഗ്രന്ഥം വായിച്ചു സമുദായമൈത്രി എന്ന പുസ്തകം വായിക്കുന്നതു് സ്വർഗ്ഗത്തിൽനിന്നു നരകത്തിലേക്കു പോകുന്നതുപോലെയാണ്. സമുദായമൈത്രി ആദ്യവസാനം വായിച്ചുതീക്കാൻ ഞങ്ങൾ നന്നേ വിഷമിച്ചു. ഈ പുസ്തകത്തിന്ന "സമുദായമൈത്രി"എന്ന പേരിട്ടതിന്നു പകരം "സമുദായപ്പോക്കുവിളി" എന്നോ "സമുദായമത്സരം"എന്നോ പേരിട്ടാൽ അധികം യോജിപ്പുണ്ടാകുമായിരുന്നു. നമ്പൂരിപ്പാടവർകളുടെ ഭാഷയ്ക്കു നല്ല ശക്തിയും ഊർജ്ജിതവുമുണ്ട്. അദ്ദേഹത്തിൻേറ ബുദ്ധിശക്തിയും വശംവദമായ ഭാഷയും സദ്വിഷയങ്ങളിൽ ഉപയോഗിച്ചിരുന്നെങ്കിൽ സമുദായത്തിന്നു ഗുണപ്രദമാകുമായിരുന്നു. കാളകൂടവിഷത്തിൽ തൂലിക മുക്കീട്ടാണ് നമ്പൂരിപ്പാടവർകൾ ഈ പുസ്തകം എഴുതീട്ടുള്ളതെന്നു സാമാന്യവായനക്കാക്ക് തോന്നുന്നതാണ്. നമ്പൂരിപ്പാട്ടിലേ ദിവാൻജിക്കുള്ള ഹരജിയുടേ ഉദ്ദേശം എന്തുതന്നേ ആയിരുന്നാലും ആ ഹരജി എഴുതിഉണ്ടാക്കിയ മഹാനുഭാവൻേറ മനോഭാവത്തിന്നു "അയ്യായിരം കൈതൊഴാം". ജന്മികൾ കുടിയാന്മാരെ ദ്രോഹിക്കുന്നുണ്ടെന്നുള്ളതു തീരേ ഇല്ലാത്തതാണെന്നു പറയാൻ ഞങ്ങൾ ഒരുക്കമില്ല. "ഇങ്ങിനെ ഏതു വലിയ സ്ഥാനത്തിലിരിക്കുന്നവർപോലും എപ്പോഴും അന്യോന്യം ബലം പരീക്ഷിച്ചുകൊണ്ടാണ് കഴിയുന്നതെന്നും പ്രാബല്യമുള്ളവർ ദുർബ്ബലന്മാരുടേ കാര്യത്തിൽ ശ്രദ്ധിക്കാതാവുമെന്നും തങ്ങൾക്കു ലാഭമുണ്ടെന്നു കണ്ടാൽ ബലഹീനന്മാരേ ഞെക്കിഞെരുക്കുന്നതാണെന്നും അനുഭവംകൊണ്ടു തെളിയുന്നു" എന്നു നമ്പൂരിപ്പാടവർകൾതന്നേ 130-ാം ഭാഗത്തു പ്രസ്താവിച്ചിരിക്കുന്നു "തന്നിൽ എളിയതു തനിക്കിര" എന്നതു ലോകസ്വഭാവമാണ്. പണ്ടുകാലങ്ങളിൽ ഇംഗ്ലണ്ടിൽതന്നേ പ്രഭുക്കന്മാരുടേ വളത്തുകാടുകളിലുള്ള മുയലുകളേയും മററും സാധാരണക്കാർ നായാട്ടുചെയ്തു കൊല്ലുന്നതായാൽ അവക്കു മരണശിക്ഷ

കൊടുത്തിരുന്നുഎന്നു ഇംഗ്ലീഷ് ചരിത്രത്തിൽ നാം കാണുന്നുണ്ടു്. കേരളത്തിലും പുര ഓടിടാനും, പടിപ്പുരവെക്കാനും, കിണററിൽ തുടിയിടാനും മററും കുടിയാന്മാൎക്കു ജന്മികളുടേ സമ്മതം കൂടാതേ പാടില്ലെന്നുള്ളതു നടപ്പായിരുന്നു. ഇതു ഞങ്ങൾക്കു പ്രത്യക്ഷാനുഭവമുണ്ടു്. തെളിവുകൊടുക്കാൻ സാധിക്കാത്ത പല സംഗതികളും ലോകത്തിൽ നടപ്പുണ്ടു്. പൂൎത്തിയായ തെളിവുകൊടുക്കാൻ സാധിക്കാതേ എത്ര കൊലക്കേസ്സുകൾ തള്ളിപ്പോകുന്നു!

നായന്മാൎക്കു പല ദോഷങ്ങളും ഉണ്ടായിരിക്കാം. എല്ലാ സമുദായക്കാൎക്കും ഉള്ളതുപോലെയുള്ള ഗുണദോഷങ്ങൾ നായന്മാൎക്കും ഉണ്ടു്. ആവക ദോഷങ്ങൾ തീൎക്കാൻ നായന്മാർ ശ്രമിച്ചുവരുന്നതുമുണ്ടു്. നമ്പൂരിപ്പാടവർകൾ നായന്മാരേ യഥേഷ്ടം ശകാരിച്ചുകൊള്ളട്ടേ. അതുകൊണ്ടു നായന്മാൎക്കൊന്നും തന്നേവരാനില്ല. താഴേ എഴുതുന്ന രണ്ടു ശ്ലോകങ്ങൾ ഞങ്ങൾ നമ്പൂരിപ്പാടവർകൾക്കു സമ്മാനിക്കുന്നു:—

"മന്നിന്ദയായദിജനഃപരിതോഷമേതി
ലബ്ധപ്രയത്നജനിതോയമനുഗ്രഹോമേ
ശ്രേയോൎത്ഥിനോഹിപുരുഷാഃപരിതുഷ്ടിഹേതോഃ
ദുഃഖാൎജ്ജിതാന്യപിധനാനി പരിത്യജന്തി."

ഏതെങ്കിലും ഒരുവൻ എന്നെ നിന്ദിച്ചു സന്തോഷിക്കുന്നതായാൽ ആ സന്തോഷം ഉണ്ടാക്കിക്കൊടുക്കുന്നതായ അനുഗ്രഹം ഞാൻ അയാൾക്കു നല്കുന്നു. അങ്ങിനേ ചെയ്യുന്നതിൽ എനിക്കു് ആയാസമൊന്നും വേണ്ടിവരുന്നില്ല. അന്യന്മാൎക്കു നന്മകാംക്ഷിക്കുന്നവർ അന്യന്മാരുടെ സന്തോഷത്തിനുവേണ്ടി തങ്ങൾ ക്ലേശിച്ചു സമ്പാദിച്ചിട്ടുള്ള ധനംകൂടി വ്യയംചെയ്യുന്നതു് നാം കാണുന്നുണ്ടല്ലോ.

"സതതസുലഭദൈന്യേ നിസ്സുഖേ ജീവലോകേ
യദിമമപരിവാദാൽ പ്രീതിമാപ്നോതികശ്ചിൽ
പരിവദതുയഥേഷ്ടം മത്സമക്ഷം തിരോവാ
ജഗതിഹിബഹുദുഃഖേ ദുല്ലഭഃപ്രീതിയോഗഃ"

(ജ്ഞാനാങ്കുരം എന്ന ഗ്രന്ഥത്തിൽനിന്നു)

ഈ സംസാരത്തിൽ സുഖം കാണപ്പെടുന്നില്ല. ദുഃഖം എല്ലായ്പോഴും സുലഭമാണ്. ഇങ്ങിനേയുള്ള സംസാരത്തിൽ എന്നേ നിന്ദിച്ചു ആൎക്കെങ്കിലും സന്തോഷമുണ്ടാകുന്നതായാൽ അയാൾ എന്റെ നേരിട്ടു തന്നേയോ എന്നെ കാണാതേയോ യഥേഷ്ടം നിന്ദിച്ചുകൊള്ളട്ടേ. എന്തു

കൊണ്ടെന്നാൽ ദുഃഖബഹുലമായ ഈ സംസാരത്തിൽ ആനന്ദലാഭം ഏററവും ദുർഘടമായിട്ടുള്ളതാണ്.

നായർ സമുദായത്തിന്നു ഇത്രമാത്രമേ ധന്വന്തരിപ്പാടവർകളോടു പറയാനുള്ളൂ.

---

## മലയാളരാജ്യം വിശേഷാൽപ്രതി

ശ്രീരാം. വിലാസംപ്രസ്സ്. കൊല്ലം—തിരുവിതാംകൂർ (വില 1ക. 4ണ)

---

ഒട്ടേറെ വഷങ്ങളായി കൈരളിയെ ആരാധിച്ചു പ്രവത്തിച്ചുവരുന്ന കൊല്ലം ശ്രീരാംവിലാസം പ്രസ്സുകാർ പ്രതിദിനം നടത്തിവരുന്ന മലയാളരാജ്യം പത്രത്തിന്റെ വിശേഷാൽ പ്രതിയാണ് ഇത്തവണത്തെ ഞങ്ങളുടെ അഭിപ്രായരംഗത്തിൽ സ്ഥലം പിടിച്ചിരിക്കുന്നതു്. ആകൃതികൊണ്ടും പ്രകൃതികൊണ്ടും പ്രസ്തുത പുസ്തകം സാഹിത്യഭണ്ഡാഗാരത്തിലെ ഒരു വിലയേറിയ രത്നമാണെന്ന് സകൌതുകം പ്രസ്താവിച്ചുകൊള്ളുന്നു. മഹാകവി വള്ളത്തോൾ, റാവുസാഹിബ്ബ്, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, സാഹിത്യകലാനിധി എ. ഡി. ഹരിശർമ്മ, റാവുസാഹിബ്ബ് ഒ. എം. ചെറിയാൻ, വിദ്വാൻ ജി. ശങ്കരക്കുറുപ്പ്, ഡാക്ടർ, എ. ആർ. പൊതുവാൾ, ആനന്ദവല്ലിയമ്മ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, കുട്ടമത്തു കുന്നിയൂരു കുഞ്ഞികൃഷ്ണക്കുറുപ്പ്, കുണ്ടൂർ നാരായണമേനോൻ, പി. ശങ്കരൻനമ്പ്യാർ, സി. വി. കുഞ്ഞുരാമൻ എന്നു വേണ്ട സാഹിത്യലോകത്തിൽ വിലയും നിലയും ഉള്ള ഒട്ടധികം മഹതിമഹാന്മാരുടെ വിലയേറിയ ഗദ്യപദ്യസമ്മിളിതങ്ങളായ ലേഖനങ്ങളും രസജനകങ്ങളായ ഏതാനും ഇംഗ്ലീഷുലേഖനങ്ങളുംകൊണ്ടു നിറഞ്ഞതാണ് പ്രസ്തുതപുസ്തകം. മഹാകവി വള്ളത്തോൾ, റാവുസാഹിബ്ബ്, ഉള്ളൂർ എന്നീ മഹാന്മാരുടെ സഹൃദയഹൃദയാഹ്ലാദകങ്ങളായ പദ്യലേഖനങ്ങളും പാണ്ഡിത്യംകൊണ്ടും ഫലിതരസംകൊണ്ടും ഏവരെയും രസിപ്പിക്കുന്ന ആ സാഹിത്യപഞ്ചാനനന്റെ കൃതിയും വായിക്കുന്തോറും ആലോചനാമൃതമായുള്ള ജി. ജി. ശങ്കരക്കുറുപ്പിന്റെ കവിതയും പദ്യലേഖനങ്ങളും എത്രയും ശോഭനങ്ങളായിട്ടുണ്ട്. വിദ്യാവൃദ്ധനും വയോവൃദ്ധനും ആയ കുണ്ടൂരിന്റെ ശകുന്തള വായിച്ചാൽ ആക്കാണ് ഇമ്പം തോന്നാത്തതു്? ഇങ്ങനെ ഓരോ ലേഖനങ്ങളെപ്പററിയും എടുത്തുപറവാൻ തല്ക്കാലം സൌകയ്യമില്ലാത്തതിൽ ഖേദിക്കേണ്ടിയിരിക്കുന്നു. (ഇതിനേ സംബന്ധിച്ച് ഒരു ലഘുനിരൂപണം അധികം താമസിയാതെ പ്രസിദ്ധപ്പെ

ടുത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.) ഇത്രയും പറഞ്ഞതുകൊണ്ട് മററുള്ളവരുടെ കൃതികൾ ദുഷ്ടങ്ങളാണെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നതായി വിചാരിക്കരുതെന്നപേക്ഷ. ചിലരുടെ പേർ എടുത്തുകാണിച്ചു എന്നുമാത്രമേയുള്ളു. ശ്രീരാമവിലാസം പ്രസ്സുകാരെ ഞങ്ങൾ ഹാൎദ്ദമായി അനുമോദിക്കുന്നു.

## II

### ഭൎത്തൃപരിത്യക്തയായ ശകുന്തള

ഗ്രന്ഥകൎത്താ. ചങ്ങരംകോത കൃഷ്ണൻകൎത്താ. വില. 4ണ.

---

കോട്ടയ്ക്കൽ വച്ചുനടന്ന സമസ്തകേരള സാഹിത്യപരിഷത്തിന്റെ തൃതിയ സമ്മേളനത്തിൽ ഒന്നാം സമ്മാനത്തിനൎഹമായതാണു പ്രസ്തുത പുസ്തകം. കുട്ടിക്കാലം മുതല്ക്ക് കവിതാംഗനയെ പാട്ടിലാക്കിയ കൃഷ്ണൻ കൎത്താ അവകളുടെ കവിതകൾ വയിക്കാത്തവരായി സാഹിത്യലോകത്തിൽ അധികം പേർ ഉണ്ടെന്നു തോന്നുന്നില്ല- എടക്കാലത്തു കവി മൌനവ്രതം അവലംബിച്ചുഎങ്കിലും ഇപ്പോൾ ഈ കുറവിനെ പരിഹരിക്കുവാനായി പുറപ്പെട്ടുകാണുന്നതിൽ ഞങ്ങൾക്കു അളവററ കുതുകമുണ്ട്.

"വരരാജനിരസ്തയായൊരാ വരവണി മണിയാം ശകുന്തള"യെ ഒരു പുതിയ നിലയിലാണു കവി പ്രത്യക്ഷപ്പെടുത്തുന്നതു്. അതുകൊണ്ടു കവിതക്ക് ഒരു വിധത്തിലും രസത്തിനു ഹാനിവന്നിട്ടില്ല. മനോധൎമ്മം ധാരാളം ഉണ്ടുതാനും.

"പുരുകാന്തികലൎന്നു കൈതയായ്
പ്പൊരുതുന്നാനിറമുള്ളതനപിയാൾ
പെരുകുന്ന വിളൎപ്പിനാൽ വിരി-
ഞ്ഞൊരു പാച്ചോററിമലക്കുതുല്യയായ്.
പരിതാപഭരാഗ്നിയേററ ചു-
ട്ടെരിയും വിൎപ്പുകളേററമേല്ക്കയാൽ
സ്ഫുരിതാധരപല്ലവം പരം
കരിവാളിപ്പു കലൎന്നു സൎവ്വദാ."

ഇങ്ങനെയുള്ള ഇതിലെ ഓരോ പദ്യങ്ങളും എത്രയും രസകരങ്ങളായിട്ടുണ്ട്. ഒരു ഉത്തമ വധൂരത്നമായ ശകുന്തളയുടെ പരിശുദ്ധഹൃദയത്തെയും മനഃസ്ഥിതിയേയും കവി നല്ലപോലെ വ്യക്തമാക്കിട്ടുണ്ട്.

ഒളിപൂണ്ടമകൻ വളച്ചയാൽ
തെളിയും തോദമുദഗ്രചിന്തയാൽ
കിളിതൻമൊഴിചുട്ടവേനലിൽ
അളിരിന്നൊത്തൊരവസ്ഥനേടിനാൾ.

ഇത്യാദിപദ്യങ്ങൾ ആൎക്കാണു പരമാഹ്ലാദം നൽകാത്തത ?

ചുരുക്കിപ്പറഞ്ഞാൽ പ്രസ്തുതപുസ്തകത്തിന്നു സാഹിത്യലോകത്തിൽ ഏററവും ഉയൎന്നസ്ഥാനമുണ്ടെന്നു നിസ്സംശയം പറയാം

ഗ്രന്ഥകൎത്താവു് ഇനിയും മൗനവ്രതം അനുഷ്ഠിക്കാതെ നല്ലഗ്രന്ഥങ്ങൾ എഴുതുവാൻ സൎവ്വശക്തൻ കടാക്ഷിക്കട്ടേ. ഞങ്ങൾ സൎവ്വമംഗളങ്ങളും ആശംസിക്കുന്നു.

# വൈശേഷികന്മാരുടെ ആത്മവാദം.

ജ്ഞാനകാരണങ്ങളായ ചക്ഷുരാദികൾ ഛിദാദികരണങ്ങളായ കുഠാരാദികളെപ്പോലെ ഫലോപലബ്ധിക്കായി ഒരു കൎത്താവിനെ അപേക്ഷിക്കുന്നു. ഈ കൎത്താവുതന്നെ സാംസാരികമായ ആത്മാവു്. ചാൎവ്വാകന്മാർ ദേഹാതിരിക്തമായ ഒരാത്മാവുണ്ടെന്നു സമ്മതിക്കുന്നില്ല. ജ്ഞാനകൎത്താവു ദേഹമാണെന്നും ചൈതന്യം ശരീരധൎമ്മമാണെന്നും ചക്ഷുരാദികളെ പ്രേരിപ്പിക്കുന്നതു ദേഹമല്ലാതെ വേറെ ഒന്നല്ലെന്നും അവർ വാദിക്കുന്നു. ഇതത്ര ഹൃദയംഗമമായ ഒരു തൎക്കമാണെന്നു തോന്നുന്നില്ല. ബാല്യയൗവ്വനവാൎദ്ധകശരീരങ്ങൾ പരിണാമഭേദംകൊണ്ടു വിഭിന്നങ്ങളെന്നു സ്വീകരിക്കുന്നപക്ഷം ദേഹാത്മവാദികൾക്കു ബാല്യത്തിൽ കണ്ട വസ്തുവിന്റെ സ്മരണ യൗവ്വനത്തിൽ ഉണ്ടാകുന്നില്ല എന്നു പറയേണ്ടിവരും. അനുഭവം ഇതിനു നമ്മെ സമ്മതിക്കുന്നില്ല. വാൎദ്ധകശരീരകാരണങ്ങളാണല്ലോ ബാല്യയൗവ്വനശരീങ്ങൾ. കാരണഗുണങ്ങൾ കാൎയ്യത്തിൽ സംക്രമിച്ചുകാണുന്നതിനെന്താണു വിരോധമെന്നു ചോദിക്കുന്നപക്ഷം പുത്രകാരണം മാതാവായതുകൊണ്ടു മാത്രാദൃഷ്ടങ്ങളും പുത്രാദൃഷ്ടങ്ങളുമായ വസ്തുക്കളെപ്പററി പുത്രനു സ്മരണയുണ്ടാകുന്നു എന്നുകൂടി പറയേണ്ടതായി വരികയില്ലയോ എന്നും ശങ്കിക്കേണ്ടിയിരിക്കുന്നു. ഇഷ്ടസാധനതാജ്ഞാനത്തിന്റെ അഭാവം നിമിത്തം തല്ക്കാലജാതശിശുവിന്നു സ്തന്യപാനാഭിലാഷമോ ഗൎഭാന്നിസ്സൃതങ്ങളായ വാനരശിശുക്കൾക്കു ശാഖാവലംബനസാമൎത്ഥ്യമോ പോലും ദേഹചൈതന്യാംഗീകാരത്തിൽ സംഭ

വികുകയില്ല. മനസ്സിന്നു മഹത്വമേ ഇല്ലാത്തതുകൊണ്ടു മനസ്സാണു് ആത്മാവെന്നു പറയുന്നതും യുക്തമല്ല.

വേദാന്തികൾ "അവിനാശിവാരേയമാത്മാ" "സത്യംജ്ഞാനമനന്തംബ്രഹ്മം." ഇത്യാദിപ്രമാണങ്ങളെക്കൊണ്ടു നിത്യവിജ്ഞാനത്തെ ആത്മാവെന്നു പറയുന്നു. ഈ നിത്യവിജ്ഞാനത്തിനു വിഷയമാകുന്നതു ജഗത്തു മുഴുവനുമാണെങ്കിൽ സകലൎക്കും സൎവ്വജ്ഞത്വം സിദ്ധമായിപ്പോകും. അതല്ലാ ഏതെങ്കിലും ചിലതു മാത്രമാണെങ്കിൽ അവ ഏതെല്ലാമാണെന്നു ക്ലിപ്തപ്പെടുത്താൻ നിവൃത്തിയില്ലാതേയും വന്നുചേരും. തന്മൂലം നിത്യവിജ്ഞാനത്തെ ആത്മാവെന്നു വ്യവഹരിക്കാൻ നിവൃത്തി കാണുന്നില്ല. ജ്ഞാനം, അജ്ഞാനം, സുഖം, ദുഃഖം ഇത്യാദ്യുപാധികളാൽ ജീവേശ്വരഭേദം സിദ്ധമായിരിക്കേ "സത്യം ജ്ഞാനമനന്തം ബ്രഹ്മം" എന്നിത്യാദി ശ്രുതികൾ ജീവപരങ്ങളെന്നു പറയുന്നതെങ്ങിനെ? ജീവേശ്വരഭേദം വാസ്തവത്തിൽ ഇല്ലാത്തതാണെങ്കിൽ ബന്ധമോക്ഷവ്യവസ്ഥതന്നെ ഉണ്ടാകുകയില്ല. ഈശ്വരനും തനിക്കും സാക്ഷാൽ ഭേദം യാതൊന്നുംതന്നെ ഇല്ല എന്നുള്ള ഭാവനയോടുകൂടി വേണം ആത്മസാക്ഷാൽകാരത്തിനായി യത്നിക്കാൻ എന്നുള്ളതിനെ കാണിക്കുന്നതിനുവേണ്ടി അൎത്ഥവാദരൂപമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഒന്നാണു തത്വമസീത്യാദിവാക്യങ്ങൾ. അല്ലാതെ ജീവേശ്വരഭേദത്തെ ദ്യോതിപ്പിക്കുന്നതിനായിട്ടല്ല. സംസാരദശയിൽ ജീവേശ്വരഭേദമുണ്ടെങ്കിലും മുക്താവസ്ഥയിൽ ഏകത്വം തന്നെ ഭാസിക്കുന്നുണ്ടല്ലോ എന്നാണെങ്കിൽ അതും ശരിയല്ല. ഭേദം ഒരിക്കലും നശിക്കാത്ത ഒന്നാണു്. അഥവാ അതു നശിക്കുന്നു എന്നുതന്നെ വിചാരിക്കുക എന്നാലും വ്യക്തിദ്വയാത്മകത്വം അവിനാശിയാണെന്നു പറയേണ്ടിവരും. അതല്ലാ ദ്വിത്വംകൂടി നശിച്ചുപോകുന്നു എന്നാണു് എതിൎകക്ഷികൾ വാദം പുറപ്പെടുവിക്കുന്നതെങ്കിൽ അവരോടു നിൎദ്ധൎമ്മകമായ ബ്രഹ്മം സത്യസ്വരൂപമാണെന്നു പറയുന്നതുപോലെതന്നെ ദ്വിത്വം നശിച്ചാലും വ്യക്തിദ്വയാത്മകത്വം നശിക്കുന്നില്ല എന്നു വാദിക്കരുതേ. മിഥ്യാത്വാഭാവമാണു ബ്രഹ്മത്തിൽ ഉള്ളതു! അല്ലാതെ സത്യത്വമല്ല എന്നാണെങ്കിൽ വ്യക്തിദ്വയത്വമുണ്ടെന്നല്ല ഇവിടെ പറയുന്നതു്. ഏകത്വാഭാവമുണ്ടെന്നുമാത്രമാണു് എന്നും പറയരുതോ. പ്രത്യേകം ഏകത്വമുണ്ടെങ്കിലും പൃഥിവീജലങ്ങളിൽ ഗന്ധമില്ല എന്നു പറയുന്നതുപോലെ രണ്ടും ഒന്നല്ല എന്നു വ്യവഹരിക്കുന്നപക്ഷം അതും സാദ്ധ്യമല്ല. "ബ്രഹ്മവിൽ ബ്രഹ്മൈവ ഭവതി" ഇത്യാദി ശ്രുതി അഭേദത്തെ ദ്യോതിപ്പിക്കുകയല്ലാ ചെയ്യുന്നതു്. ദുഃഖവിഹീനത്വംകൊണ്ടു് ഈശ്വരസാമ്യത്തെ ബോധിപ്പിക്കുകയാണു ചെയ്യുന്നതു്, സമ്പദാധിക്യത്തിൽ പുരോഹിതൻ രാജാ

വായിത്തീൎന്നു എന്നു ലൌകികമായ ദൃഷ്ടാന്തമുണ്ടുതാനും. പോരെങ്കിൽ "വിദ്വാൻ പുണ്യപാപേ വിധൂയ നിരഞ്ജനഃ പരമം സാമ്യമുപൈതി" എന്നുള്ളതിൽ നിന്നും സാമ്യം സ്പഷ്ടമാകുന്നുണ്ട്. "ദ്വാസുപൎണ്ണാസയു ജാ സഖായാ സമാനം വൃക്ഷം" "ദ്വേബ്രഹ്മണിവേദിതവ്യേ" ഇത്യാദി ശ്രുതികൾ ഭേദത്തെദ്യോതിപ്പിക്കുകയും ചെയ്യുന്നു. ആകപ്പാടെ ശ്രുതിയുക്തി അനുഭവം ഇവയെ അപലപിക്കുന്ന ദേവാന്തികളുടെ മതം സാധുവെന്നു വരുന്നില്ല.

ഈശ്വരൻ ജ്ഞാനസുഖാദ്യാശ്രയനെന്നല്ലാതെ ജ്ഞാനാദ്യാത്മകനല്ല. "നിത്യം വിജ്ഞാനമാനന്ദം ബ്രഹ്മ" എന്നിടത്തുകാണുന്ന വിജ്ഞാനപദം വിജ്ഞാനവത്ത് എന്ന അൎത്ഥത്തിലാണ് പ്രയോഗിക്കപ്പെട്ടിരിക്കുന്നത് "യഃസൎവ്വജ്ഞഃ" ഇത്യാദിശ്രുതിയെ അനുസരിച്ചുനോക്കുമ്പോൾ ആനന്ദപദത്തിൻെറ അൎത്ഥവും ആനന്ദവത്ത് എന്നാണെന്നു വന്നുകൂടുന്നു. അതുദുഃഖാഭാവത്തെയാണു ദ്യോതിപ്പിക്കുന്നതും. ഭാരാപഗമത്തിൽ ഞാൻ സുഖിയായിത്തീൎന്നിരിക്കുന്നു. എന്നുള്ള ലൌകികവ്യവഹാരവും ഇതിനു ദൃഷ്ടാന്തമാണ്. ജ്ഞാനം നിത്യമായതുപോലെ സുഖവും നിത്യമായിട്ടുവേണം സ്വീകരിക്കാൻ. "ആനന്ദം ബ്രഹ്മണൊ വിദ്വാൻ ന ബിഭേമികദാചന" എന്നുള്ളതിൽ നിന്നും സുഖാഭിന്നനല്ല ഈശ്വരനെന്നും ഭേദത്വം സിദ്ധമായിട്ടുള്ളതാണെന്നും തെളിയുന്നു.

ഇത്രയുംകൊണ്ടു ക്ഷണികവിജ്ഞാനവാദികളായ യോഗാചാരന്മാരുടെ മതവും നിരസ്തപ്രായമായി എന്നു തന്നെ പറയാം.

പ്രകൃതി സൎവ്വത്തേയും സൃഷ്ടിക്കുന്നു. പുരുഷനാകട്ടെ പുഷ്കരപലാശംപോലെ നിൎല്ലേപനും എന്നാൽ ചേതനനുമാകുന്നു എന്നാണു സാംഖ്യമതം. "ഞാൻചെയ്യുന്നു" എന്നിപ്രകാരം ബുദ്ധിയിൽ ഉണ്ടാകുന്ന ചൈതന്യാഭിമാനത്തിനു അന്യഥാനുപപത്തിയുണ്ടാകരുതെന്നുള്ള ഉദ്ദേശത്തിലാണ് പുരുഷനു ചേതനത്വം കല്പിച്ചിരിക്കുന്നത്. പ്രകൃതിയുടെ ആദ്യപരിണാമമാണുബുദ്ധി. മഹത്തത്വം അന്തഃകരണം മുതലായവയെല്ലാം ഇതിൻെറ നാമാന്തരങ്ങൾ എന്നുമാത്രമേയുള്ളു. പ്രകൃതിയോടു സംബന്ധിക്കുന്ന പുരുഷങ്കൽ പ്രകൃതിയിലുള്ള സുഖദുഃഖങ്ങൾ പ്രതിഫലിക്കുന്നു. ഈ അവസ്ഥയ്ക്കാണു സംസാരമെന്നു പറയുന്നത്. വിവേകഖ്യാതിരൂപമായ തത്വജ്ഞാനത്താൽ ബുദ്ധിക്കു തിരോഭാവം സംഭവിക്കുമ്പോളാണു പ്രതിബിംബരൂപമായ ദുഃഖം നിവൃത്തമായിത്തീരുന്നതും പുരുഷനു മുക്തിസിദ്ധിക്കുന്നതും. ബുദ്ധിനിൎമ്മലവും സ്വച്ഛവുമായിരിക്കുമ്പോൾ ഇന്ദ്രിയദ്വാരാ അതിനു വിഷയസംബന്ധമുണ്ടാകുന്നു. ബുദ്ധിയുടെ ഈ പരിണാമവിശേഷത്തിനാണു ജ്ഞാനമെന്നു പറ

യുന്നതു്. ബുദ്ധിക്കു രണ്ടംശങ്ങളുണ്ടു്. ദർപ്പണത്തിൽ മുഖം പ്രതിബിംബിക്കുന്നതുപോലെ "എന്നാൽ ഇതു ചെയ്യപ്പെടേണ്ടതാണ്" എന്നുള്ള സ്ഥലത്തു മരംശംബുദ്ധിയിൽ പ്രതിബിംബിക്കുന്നു. ഇതു് അതാത്വികമാണ്. ഇന്ദ്രിയദ്വാരാബുദ്ധിക്കുണ്ടാകുന്ന പരിണാമംമൂലം "ഇതു്" "അതു്" ഇത്യാദിയായി ജ്ഞാനമുണ്ടാകുന്നു. ഇതു താത്വികമാണ്. പരിണാമഗുണം നിമിത്തം ബുദ്ധിക്കു ചേതനത്വമേ ഇല്ല. ബുദ്ധിപരിണാമമാണ് അഹങ്കാരതത്വം. പഞ്ചതന്മാത്രങ്ങൾ അഹങ്കാരതത്വപരിണാമങ്ങളാണ്: തന്മാത്രപരിണാമങ്ങളാണ് പഞ്ചമഹാഭൂതങ്ങൾ. ഈ വിധത്തിലുള്ള സാംഖ്യ മതതത്വങ്ങളെ വൈശേഷികന്മാർ സ്വീകരിക്കുന്നില്ല. ചേതനനായ ഞാൻ ചേഷ്ടിക്കുന്നു എന്നുള്ളിടത്തു ചേതനാംശത്തിൽ മാത്രം ഭ്രമം വന്നുപോയി എന്നുപറയുവാൻ നിവൃത്തിയില്ല. ചേതനാംശവും കൃത്യാംശവും ഒരേവിധത്തിലാണു പ്രതിഭാസിക്കുന്നതു്. എന്നുമാത്രമല്ല ബുദ്ധി നിത്യമായാൽ പുരുഷനു മോക്ഷംതന്നെ ഉണ്ടാകുകയില്ല: അനിത്യമെങ്കിൽ അതിനുമുൻപു സംസാരമേ ഇല്ലാതിരുന്നു എന്നു പറയേണ്ടിവരും. കാര്യകാരണ താദാത്മ്യസംഭവം അചേതനയായ പ്രകൃതികാര്യമായതുകൊണ്ടു ബുദ്ധി സചേതനമായിത്തീരുന്നില്ല എന്നാണെങ്കിൽ കർത്തൃജന്യത്വം അസിദ്ധവും ബാലാനുസ്തനപാനാദിപ്രവൃത്തി അസംഭവികവുമായിത്തീരും: തന്മൂലം ജഗൽകർത്താവു് അനാദിയെന്നുതന്നെ വന്നുചേരുന്നു. അനാദിഭാവം നാശരഹിതമായതുകൊണ്ടു നിത്യവുമാണല്ലോ. ഇങ്ങിനെ ഇരിക്കെ പ്രകൃതിസൃഷ്ടിതന്നെ എന്തിനു്?

"പ്രകൃതേഃക്രിയമാണാനി— ഗുണൈഃകർമ്മാണിസർവ്വശഃ
അഹങ്കാരവിമൂഢാത്മാ—കർത്താഹമിതിമന്യതേ"

എന്ന ഗീതാവചനത്തിനു വിരോധം വരികയില്ലേ എന്നാണെങ്കിൽ പ്രകൃതേഃ=അദൃഷ്ടമൂലകാരണത്തിൻെറ ഗുണൈഃ=അദൃഷ്ടജന്യഗുണങ്ങളാൽ അതായതു് ഇച്ഛാദികളാൽ കർത്താഹം = കർത്താവു ഞാൻതന്നെ എന്നാണർത്ഥം "തത്രൈവം സതികർത്താരമാത്മാനം കേവലം തുയഃ" ഇത്യാദി ഭാഗങ്ങൾ മേൽപറയപ്പെട്ട അർത്ഥത്തെ ദൃഢീകരിക്കുകയും ചെയ്യുന്നു.

ആത്മഗുണങ്ങളായ ബുദ്ധ്യാദികൾ ലൌകിക മാനസവിഷയങ്ങളാണ്. ആത്മാവിൻെറ ഏകത്വ സംഖ്യയും മനോഗ്രാഹ്യമെന്നാണു ശങ്കരമിത്രൻെറ അഭിപ്രായം. പരമമഹൽ പരിണാമവും ഏകത്വസംഖ്യയും ആത്മാവിനുണ്ടെന്നും അവ മനോഗ്രാഹ്യങ്ങളാണെന്നുമാണ് സിദ്ധാന്തമഞ്ജരികാരൻ പറയുന്നതു്. വാചസ്പതിമിത്രനും അവയ്ക്കു മനോ

ഗ്രാഹ്യത്വം തന്നെ വിധിച്ചുകാണുന്നു. പരാത്മാവു പ്രത്യക്ഷമല്ല. ചേഷ്ടാദികളാൽ അനുമേയമാണ്.

ഈ പരാത്മാവിലും സംഖ്യാദികളും ബുദ്ധിഇച്ഛ മുതലായവയുമുണ്ട്. ഇവയിൽ ബുദ്ധിയും ഇച്ഛയും സർവ്വവിഷയങ്ങളുമാണ്. ക്ഷിത്യങ്കുരാദികൾ കാർയ്യങ്ങളായതുകൊണ്ടു അവയ്ക്കൊരു കർത്താവുണ്ടാകാതെ കഴികയില്ല. ആ കർത്താവാണ് ഈശ്വരൻ.

"ദ്യാവാഭൂമീജനയൻ ദേവ ഏകഃ
വിശ്വസ്യകർത്താ ഭുവനസ്യ ഗോപ്താ"

ഇത്യാദികളായ ആഗമങ്ങളും ഈശ്വരസ്വഭാവത്തിന്നു പ്രമാണങ്ങളാണ്.

ശാസ്ത്രീമഹോപാദ്ധ്യായ കെ. എസ്. നിലകണ്ഠൻ ഉണ്ണി.

# കുറിപ്പുകൾ.

(കൈരളീപ്രവർത്തകന്മാർ)

കൈരളി ഈ ലക്കത്തോടുകൂടി ഇതാ പതിനാറാം വയസ്സിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു. പുതിയ, പാശ്ചാത്യനിയമമനുസരിച്ചു കൈരളിക്ക് ഇനിയും പ്രായപൂർത്തി വന്നുകഴിഞ്ഞിട്ടില്ലെന്നു പറയാമെങ്കിലും പഴയ പൌരസ്ത്യമുറയനുസരിച്ചു നോക്കുമ്പോൾ തന്റേടമുറച്ചു തൽകാര്യം നോക്കേണ്ട കാലമായിട്ടുണ്ടെന്നു സമ്മതിക്കാതിരിക്കുവാൻ വയ്യാ. ബാലമരണം ഏററവും സുലഭമായിട്ടുള്ള കേരളീയപത്രഗ്രന്ഥലോകത്തിൽ പറയത്തക്ക ദുർദ്ദശകളൊന്നും കൂടാതെ അല്പം ചില സഹോദരീസഹോദരന്മാരോടൊപ്പം കൈരളി ഇത്രയും കാലം വിഹരിച്ചുപോന്നതിൽ തൽപ്രവർത്തകന്മാർക്കു സാമാന്യത്തിലധികം ചാരിതാർത്ഥ്യത്തിന്നവകാശമുണ്ടു്. ജനയിതാക്കളുടെ രക്ഷയിൽനിന്നു വേർപെട്ടിട്ടും ഈ മാസികാശിശുവിന്നു കോട്ടമൊന്നുമുണ്ടായിട്ടില്ല. അതിന്റെ രക്ഷാകർത്തൃത്വം അതു വഹിക്കുവാൻ സർവ്വഥാ അർഹതയും സന്നദ്ധതയുമുള്ളവരിലാണ് എപ്പോഴും ചെന്നെത്തിയിട്ടുള്ളതു്. ആ ഭാഗ്യം നിമിത്തംതന്നേയാണു കൈരളിയ്ക്കു സൌഭാഗ്യത്തോടെ യൌവനത്തിലേയ്ക്കു പദം വെയ്ക്കുവാൻ സംഗതിവന്നതും. ബാല്യത്തിന്നു ചാപല്യം സഹജവും ഭൂഷണവുമാണല്ലോ. എന്നാൽ യൌവനത്തിന്നു—സ്ത്രീകളിൽ വിശേഷിച്ചും—ചാപല്യം ദൂഷണമായിരിക്കും. ആകയാൽ ഇനിമേൽ കൈരളിയുടെ രക്ഷാകർത്തൃത്വം സുസ്ഥിരമായ ഒരു സ്ഥാനത്തിൽ അർപ്പിതമാവേണ്ടതാണെന്നു തീർമാനിച്ചുകൊണ്ടു് അതിന്റെ

സ്വന്താപ്രസ്താവന

പൂൎണ്ണമായ ഉടമാവകാശം ഈ 16-ാംപുസ്തകം മുതൽക്കു, കേരളത്തിലെ കേളികേട്ട മുദ്രണപ്രകാശകന്മാരായ വിദ്യാവിനോദിനി മുദ്രാലയക്കാൎക്ക് ഏല്പിച്ചുകൊടുത്തിരിക്കുന്നു. മറേറതെങ്കിലും തൊഴിലുകളിൽ വ്യാപൃതരായിട്ടുള്ളവരിൽനിന്നു ലഭിക്കുന്നതിലധികം പോഷണം മുദ്രണപ്രകാശനവൃത്തിയിൽത്തന്നെ എപ്പോഴും പരിശ്രമിച്ചുവരുന്നവരിൽനിന്നാണല്ലോ ലഭിക്കുക. ആകയാൽ സദ്വ്യവസായികളായ ആ മുദ്രാലയ ഭാരവാഹികളുടെ രക്ഷയിൽ, മഹാജനങ്ങളുടേയും മാന്യബന്ധുക്കളുടേയും സഹായസഹകരണങ്ങളോടെ വൎത്തിക്കുന്ന കൈരളിക്കു മേൽക്കുമേൽ ശോഭനമായ ഒരു ഭാവിയുണ്ടാകുവാൻ ഈശ്വരൻ കടാക്ഷിക്കുമാറാവട്ടെ.

* * * *

കൈരളിയുടെ ഉടമവകാശവും പത്രാധിപത്യവും ഇക്കഴിഞ്ഞ എട്ടുപത്തുകൊല്ലകാലം പ്രശംസാൎഹമാംവണ്ണം വഹിച്ചു കാലോചിതങ്ങളായ സംസ്കാരങ്ങളാൽ അതിനു സൌഭാഗ്യവും സദ്യശസ്സും സമാൎജ്ജിച്ച രാജശ്രീമാൻ കണ്ണമ്പ്ര കുഞ്ഞുണ്ണിനായരവർകൾ (ബി. എ. ബി. എൽ) അദ്ദേഹത്തിൻെറ ഉടമാവകാശം വിദ്യാവിനോദിനിമുദ്രാലയപ്രവൎത്തകന്മാരായ മെസേഴ്സ് വി. സുന്ദരയ്യർ സൺസിനു നൽകിയ വിക്രയപത്രത്തിൻെറ പകൎപ്പുകൂടി മാന്യവായനക്കാരുടെ അറിവിന്നായി ഇതിന്നുചോടെ ചേൎത്തുകൊള്ളുന്നു:—

106 മേടം 16-ാംനു.

ശ്രീ.

എൻെറ ഉടമസ്ഥതയിലും പത്രാധിപത്യത്തിൻകീഴിലും നടത്തിവരുന്ന 'കൈരളി' മേലിൽ നടത്തുന്നതിന്ന് എനിക്കു സൌകൎയ്യം പോരാത്തതുകൊണ്ടു കൈരളിയുടെ ഉടമസ്ഥത ഞാൻ നിങ്ങൾക്കു വിട്ടൊഴിഞ്ഞുതന്നിരിക്കുന്നു. മാസിക വരിപ്പണം, പരസ്യക്കൂലി മുതലായതു പിരിഞ്ഞു കിട്ടാനുള്ള വകയിൽ നിന്ന് 100 ഉറപ്പിക (ഒരുനൂറ്) ഞാൻ നിങ്ങളുടെ അച്ചുക്കൂടത്തിലേയ്ക്കു തരുവാനുള്ളതിലേയ്ക്കു വകയാക്കിത്തരികയും ബാക്കി പിരിച്ചെടുക്കാനുള്ള അവകാശം നിങ്ങൾക്കു തരികയും ചെയ്തിരിക്കുന്നു. മേലിൽ നിങ്ങളുടെ യുക്തംപോലെ കൈരളി മാസിക നടത്തുന്നതിന്നു നിങ്ങൾക്കു പൂൎണ്ണസ്വാതന്ത്ര്യമുള്ളതും അതിന്മേൽ എനിക്കു യാതൊരു തേച്ചയും അവകാശവുമില്ലാത്തതുമാകുന്നു. എന്ന് രാ. രാ. ടി. യസ്. വിശ്വനാഥയ്യരവർകൾക്ക് (വി. സുന്ദരയ്യർ ആൻറ് സൺസ്) കണ്ണമ്പ്ര കുഞ്ഞുണ്ണിനായര്.

കെ. കുഞ്ഞുണ്ണിനായർ,

കൈരളിയുടെ എഡിററവും, ഉടമസ്ഥനും,

**മുസ്ലിം കവയിത്രികൾ**

പുരാതന ഭാരതീയർ സ്ത്രീകളെ വിദ്യാഭ്യസിപ്പിക്കുന്ന വിഷയത്തിൽ തുലോം അലസരായിരുന്നുവെന്ന ദുഷ്പ്രവാദം ഇന്നും നിലനിൽക്കുന്നുണ്ടല്ലൊ. ഹിന്തുക്കളെക്കാൾ മുസൽമാന്മാരെയാണ് ഈ ദുഷ്പേർ അധികം ബാധിക്കുന്നതെന്നും തീർച്ചയാണ്. എന്നാൽ മുകില ചക്രവർത്തികളുടെ കാലത്തും അവർക്കു മുമ്പും ഇന്ത്യയിൽ പ്രഖ്യാതകളായ പല മുസ്ലിം വിദുഷികൾ ഉണ്ടായിരുന്നുവെന്നതിന്നു അവിതർക്കിതമായ ഒരു ലക്ഷ്യം ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു. ബർദ്വാൻ ജില്ലയിലെ മംഗൽകോട്ട് എന്ന ദിക്കിൽ ജീവിച്ചിരുന്ന മൌലാനാ മുഹമ്മദ് എന്ന പണ്ഡിതന്റെ അവകാശികൾ ഇയ്യിടയിൽ 1300 വിശിഷ്ടഗ്രന്ഥങ്ങൾ കൽക്കത്തയിലെ മദ്രസ്സയിലേക്കു സംഭാവന ചെയ്യുകയുണ്ടായി. ഇവയിൽ ഒന്നിന്റെ പേർ "വസൽ-ഉൽ-അജയർ" എന്നാണ്. പേർഷ്യൻ ഭാഷയിൽ എഴുതിയിട്ടുള്ള ഈ മഹാകാവ്യത്തിൽ 23 മുസ്ലിം കവയിത്രികളുടെ പാവിതമായ ജീവിതത്തെ ഹൃദയംഗമമാംവണ്ണം വർണ്ണിച്ചിട്ടുണ്ട്. ആക്ബർ ചക്രവർത്തിയുടെ സമകാലീനനും അദ്ദേഹത്തിന്റെ ഒരു സേനാപതിയുടെ സഖാവുമായിരുന്ന അമീരി അൽമിരാവ് എന്ന കവിവര്യനാൽ പ്രണീതമാണു ഈ മഹാകാവ്യം. സുൽത്താൻ സെൻജാറിന്റെ കാലത്തു ജീവിച്ച മഹാകവിയിത്രി മുസമത് മനിസ്സ, കട്ടുബുദീൻ മുഹമ്മദു സുൽത്താന്റെ പുത്രി എന്നിവരുടെ ജീവചരിത്രങ്ങളാണ് ഇതിൽ ഒന്നും രണ്ടും സർഗ്ഗങ്ങളിൽ അനുക്രമമായി വർണ്ണിച്ചിരിക്കുന്നതു്. അനന്തരം വേറെ 21 കവയിത്രികളുടെ ചരിത്രംകൂടി ഈ കാവ്യത്തിൽ സഹൃദയഹൃദയാഹ്ലാദകമാംവിധം വർണ്ണിച്ചിട്ടുണ്ട്. ആക്ബർ ചക്രവർത്തിക്കു സമർപ്പിച്ചിട്ടുള്ള ഈ മഹാഗ്രന്ഥത്തിന്റെ മറെറാരു പ്രതിയും ഇതേവരെയും ആർക്കും കണ്ടുകിട്ടിയതായി കേട്ടിട്ടില്ല. തന്നിമിത്തം കൽക്കത്താ മദ്രസ്സാ പ്രവർത്തകന്മാർ ഈ ഗ്രന്ഥത്തെ ഒരമൂല്യനിക്ഷേപമായിട്ടാണു പരിഗണിച്ചുപോരുന്നതു്. പുരാതന ഭാരതത്തിലെ മുസ്ലിം മഹിളകൾക്കിടയിൽ ഇത്രയും കവയിത്രികൾ ഉണ്ടായിരുന്നുവെങ്കിൽ, നവീന പരിഷ്കാരം സർവ്വത്ര വ്യാപിച്ചിരിക്കുന്ന ഇക്കാലത്തെക്കാൾ അന്നായിരുന്നു മുസ്ലിം സമുദായം വാസ്തവത്തിൽ പരിഷ്കൃതമായിരുന്നതെന്നാണല്ലോ വിചാരിക്കേണ്ടതു്.

**എഡിസൻ**

നവംനവങ്ങളായ ആവിഷ്കരണങ്ങളാൽ ലോകപ്രസിദ്ധനായിത്തീർന്നിട്ടുള്ള എഡിസൻ എന്ന മഹാശാസ്ത്രജ്ഞനെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ ദുർല്ലഭമാണല്ലോ. അമേരിക്കയിലെ സംയുക്തസംസ്ഥാനങ്ങളിലുള്ള മിലാൻ എന്ന ദിക്കിൽ ഒരു ദരിദ്രകുടുംബത്തിൽ ഈ മഹാൻ ഭൂജാതനായി. തീവണ്ടിയിൽ യാത്രചെയ്തുകൊ

ണ്ടു വൎത്തമാനപ്പത്രങ്ങൾ വില്ക്കുകയായിരുന്നു ബാല്യത്തിൽ അദ്ദേഹം ചെയ്തിരുന്നതു്. ഈ തൊഴിലിൽനിന്നു കിട്ടിവന്ന സ്വല്പസമ്പാദ്യത്താൽ അദ്ദേഹം സ്വന്തം ചിലവുകൾ നടത്തുകയും മാതാപിതാക്കളെ സഹായിക്കയും ചെയ്തുപോന്നു. ഇങ്ങിനെ ചിലനാൾ ചെന്നശേഷം അദ്ദേഹം സ്വന്തമായി ഒരു ചെറിയ അച്ചുക്കൂടമുണ്ടാക്കി വൃത്താന്തപത്രങ്ങൾ താൻതന്നെ അച്ചടിച്ചു തീവണ്ടികളിൽ വിററുപോന്നു. രസതന്ത്രത്തിൽ എഡിസന്നു ജന്മസിദ്ധമായ വാസനയുണ്ടു്. പത്രങ്ങൾ വിൽക്കുന്നകാലത്തു തന്നെ അദ്ദേഹം കുറേ സാമാനങ്ങൾ വാങ്ങി തീവണ്ടി മുറിയിൽ ഒരേടത്തു് ചെറിയൊരു രസതന്ത്രശാല സ്ഥാപിച്ചു് അതിൽ വെച്ചു ചില പരീക്ഷകൾ നടത്തിപ്പോന്നു. നിൎഭാഗ്യവശാൽ അദ്ദേഹത്തിന്റെ രസതന്ത്രശാലയിൽ ചെറിയൊരഗ്നിബാധയുണ്ടായി. അതു കണ്ടു കുപിതനായ റെയിൽവേ ഗാർഡ് എഡിസനെ തീവണ്ടിയിൽ നിന്നു പുറത്തിറക്കിവിട്ടു. എങ്കിലും എഡിസന്നു് ഉടനേ തന്നെ റെയിൽ വേയിൽ മറെറാരു ജോലികിട്ടി. ആ പ്രവൃത്തിയിലിരിക്കുന്ന സന്ദൎഭത്തിൽ എഡിസൻ ഒരു സ്റ്റേഷൻ മാസ്ററരുടെ പുത്രനേ മരണത്തിൽ നിന്നു രക്ഷിക്കയുണ്ടായി. തീവണ്ടിയുടെ ഇടയിലകപ്പെട്ടു മരിക്കുവാൻ ഭാവിച്ച സ്വപുത്രനെ രക്ഷിച്ചതിന്നു പ്രത്യുപകാരമായി ആ സ്റ്റേഷൻ മിസ്റ്റർ എഡിസനെ കമ്പിയടിക്കുന്ന വിദ്യ പഠിപ്പിച്ചു. എഡിസൻ ആ വിദ്യ അതിവേഗത്തിൽ വശമാക്കിയെന്നു മാത്രമല്ലാ കമ്പിയേൎപ്പാടിനൊട്ടാകെ അഭിവൃദ്ധിയുണ്ടാവത്തക്ക ചില പരിഷ്കാരങ്ങൾ അതിൽ വരുത്തുകയും ചെയ്തു. അങ്ങിനെ സ്വയം നിൎമ്മിച്ച ഉപകരണങ്ങൾ മൂലം അദ്ദേഹം കമ്പിസന്ദേശങ്ങൾ അയച്ചു പ്രതിഫലം വാങ്ങുവാൻ തുടങ്ങി. അതുകണ്ടപ്പോൾ ഗവൎമ്മേണ്ടു് അദ്ദേഹത്തെ ഒരു കമ്പിമാസ്ററരായി നിയമിച്ചു. കമ്പിയാപ്പീസ്സിലേ വേലകഴിഞ്ഞു ശിഷ്ടമുണ്ടാവുന്ന സമയമത്രയും എഡിസൻ ഓരോ നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കുമായി ചിലവഴിച്ചുപോന്നു. തന്റെ സമ്പാദ്യത്തിൽ ഭൂരിഭാഗവും അദ്ദേഹം ഓരോ പരീക്ഷണങ്ങൾക്കുള്ള ഉപകരണങ്ങളും പുസ്തകങ്ങളും വാങ്ങുവാനാണു ചിലവാക്കിയിരുന്നതു്. ആവക ഉപകരങ്ങളുടെയും പുസ്തകങ്ങളുടെയും സഹായത്താൽ അദ്ദേഹം പല സംഗതികളും പഠിക്കുകയും പല യന്ത്രങ്ങളും പുതുതായി കണ്ടുപിടിക്കുകയുംചെയ്തു. 22 വയസ്സു പ്രായമായപ്പോഴെക്കു അദ്ദേഹം തന്റെ കണ്ടുപിടുത്തങ്ങൾ മൂലം വിഖ്യാതനായിത്തീൎന്നു. കമ്പിസന്ദേശങ്ങളെ സ്വയമേവ രേഖപ്പെടുത്തുന്ന യന്ത്രം അക്കാലത്താണു അദ്ദേഹം കണ്ടുപിടിച്ചതു്. സന്ദേശം എത്തേണ്ടദിക്കിൽ എത്തിയാൽ അവിടെ വൃത്തിയിൽ അച്ചടി

പ്പവെക്കുന്ന ആ യന്ത്രം ഇന്നും ജനങ്ങളുടെ പ്രശംസക്കു വിഷയമാണ്. അതിൽപ്പിന്നെ അദ്ദേഹം അത്ഭുതകരങ്ങളായ പല യന്ത്രങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. ഗ്രാമഫോൺ, സിനിമ, വിദ്യുച്ഛക്തിയുടെ സഹായത്താൽ ഓടുന്ന ട്രാംവണ്ടികൾ, ടെലിഫോൺ മുതലായി ഇപ്പോൾ ലോകത്തിലെങ്ങും പ്രചാരമുള്ള അനേകം യന്ത്രങ്ങൾ അദ്ദേഹം കണ്ടുപിടിച്ചവയാണ്. ഇങ്ങിനെ വിദ്യാലയങ്ങളുടെ സഹായം കൂടാതെതന്നെ വിശ്വവിഖ്യാതനായിത്തീൎന്ന ആ മഹാൻ ഇപ്പോഴും ആയുഷ്മാനും അരോഗദൃഢഗാത്രനുമായിരുന്നു ലോകോപകാരാൎത്ഥം അശ്രാന്തം പരിശ്രമിച്ചുപോരുന്നുണ്ട്. 87 വയസ്സു പ്രായമായ അദ്ദേഹത്തിന്ന് ഇപ്പോഴും ഒരു യുവാവിനേക്കാൾ ഉത്സാഹത്തോടുകൂടി വേലചെയ്യുവാൻ സാധിക്കുന്നുണ്ടത്രേ. കഴിഞ്ഞ സംവത്സരത്തിൽ അദ്ദേഹം ഒരു യുവാവിനെ തിരഞ്ഞെടുത്തു ശിഷ്യനാക്കി സ്വീകരിച്ചിട്ടുണ്ടെന്ന വൎത്തമാനം ലോകത്തിനെല്ലാം ആഹ്ലാദപ്രദമായിരിക്കുന്നു.

**പിതാക്കളുടെ അവകാശം**

പിതാക്കളെ പ്രത്യക്ഷ ദൈവതങ്ങളായിക്കരുതണമെന്നാണല്ലോ ഭാരതീയമതം. മരണശേഷംപോലും പിതാക്കളുടെ ശ്രാദ്ധാദികൾ യഥാവിധി നിൎവ്വഹിക്കാത്തപക്ഷം അതു മഹാ പാപമാണെന്നു കരുതുന്നവർ ഇന്നും ഭാരതീയൎക്കിടയിൽ ഏററവും സുലഭമാണ്. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ മാതാപിതാക്കളും പുത്രീപുത്രന്മാരും തമ്മിലുള്ള ബന്ധം ഇപ്പോൾ നമുക്കെല്ലാം അത്ഭുതകരമായിത്തോന്നുമാറു മാറിപ്പോയിരിക്കുന്നു. ഇപ്പോഴത്തെ നിയമംപോലും ആ മാററത്തിന്നു സഹായമായി നില്ക്കുകയും ചെയ്യുന്നുണ്ട്. ഇയ്യിടയിൽ ഇംഗ്ലണ്ടിലെ ഒരു പിതാവു ധൂൎത്തകളും ദുൎവ്യയശീലകളുമായ തന്റെ പുത്രികളെ ശാസിച്ചൊതുക്കി അവരുടെ സമ്പാദ്യത്തിൽ ഒരു ഭാഗം തന്റെ ചിലവിന്നായി വാങ്ങിത്തന്നാൽക്കൊള്ളാമെന്നു ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ ചെന്നപേക്ഷിക്കുകയുണ്ടായി. പിതാക്കൾക്കു കീഴൊതുങ്ങി നില്പാനോ അവരെ സംരക്ഷിക്കുവാനോ സന്താനങ്ങളെ നിൎബ്ബന്ധിക്കുന്നതിന്നുള്ള നിബന്ധനകളൊന്നും നിയമത്തിലില്ലെന്നു മറുപടിപറഞ്ഞു ആ പാവപ്പെട്ട വൃദ്ധനെ നിരാശനാക്കിമടക്കി അയപ്പാനേ ആ മജിസ്ട്രേട്ടിന്നു സാധിച്ചുള്ളു! പിതൃപുത്രബന്ധത്തെ നിയന്ത്രിക്കുന്ന നിയമത്തിന്നു പണ്ടും ഇപ്പോഴുമായുള്ള അന്തരം എത്രമാത്രമാണെന്ന് ഈ ഘട്ടത്തിൽ നാമൊന്നു ചിന്തിച്ചുനോക്കേണ്ടതാണ്.